അധികാരം ജനങ്ങളിലേക്ക്

# ഹരിപ്പാട് ഗ്രാമപഞ്ചായത്ത്

## ഒമ്പതാം പദ്ധതി
## ജനകീയപദ്ധതി

# സമഗ്ര വികസന രേഖ

## വികസന സെമിനാർ '96

## പഞ്ചായത്ത് ആഫീസ്



43-6

ഒൻപതാം പദ്ധതി
ജനകീയ പദ്ധതി.

# ഹരിപ്പാട് ഗ്രാമ പഞ്ചായത്ത്





"എന്റെ ജീവിതം തന്നെയാണ്
എന്റെ സന്ദേശവും"

ഗാന്ധിജി

# പഞ്ചായത്ത് ഭരണാധികാരികൾ - 1996.



ശ്രീ. കെ. രാഘവൻ
പ്രസിഡന്റ്

ശ്രീ. സതീശ്
ആറ്റുപുറം.
വൈസ് പ്രസിഡന്റ്
(മുൻ പ്രസിഡന്റ്)





ശ്രീ. വിജയകുമാർ -
കണ്ണന്താനം
സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർമാൻ



ശ്രീമതി. ജി. വിജയലക്ഷ്മി.
1-ാം വാർഡ്
മെമ്പർ



ശ്രീമതി. ആർ. വിജയമ്മ
2-ാം വാർഡ്
മെമ്പർ

ശ്രീ. എം. സജീവ്
3-ാം വാർഡ്
മെമ്പർ





ശ്രീമതി. പി. സതിയമ്മ
5-ാം വാർഡ്
മെമ്പർ



ശ്രീ.കെ.മോഹനൻ
7-ാം വാർഡ്
മെമ്പർ

ശ്രീ.പി.കെ.ശശിധരൻ
9-ാം വാർഡ്
മെമ്പർ





ശ്രീ.എ.അബ്ദുൾ-
മജീദ്
പഞ്ചായത്ത്
സെക്രട്ടറി.

അഡ്വ.ബി.രാജശേ-
ഖരൻ
ജില്ലാപഞ്ചായത്ത്
വൈസ് പ്രസി-
ഡന്റ്





ശ്രീമതി. എസ്. വിജ-
യമ്മ.
ബ്ലോക്ക് പഞ്ചായ
ത്ത് മെമ്പർ.

ശ്രീ. [illegible]
[illegible]
[illegible]
[illegible]



# D.R.P.മാർ.



ശ്രീ. G. ഹരികുമാർ
വികസനസമിതി
കൺവീനർ.



ശ്രീ. B.R. പ്രകാശ്



ശ്രീ. ഉദയകുമാർ



ശ്രീമതി M.S.V. അംബിക



ശ്രീ. P.R. കൃഷ്ണപിള്ള



ശ്രീമതി. ശ്യാമള.



ശ്രീ. T. രാഘവൻ, കേദാരം

ചീഫ് എഡിറ്റർ

കെ. രാഘവൻ,

രാധാ ഭവനം ഹരിപ്പാട്.

എഡിറ്റർ

റ്റി. രാഘവൻ

കേദാരം, ഹരിപ്പാട്

എഡിറ്റോറിയൽ ബോർഡ്

ജി. ഹരികുമാർ

(വികസന സമിതി കൺവീനർ)

ഉണ്ണികൃഷ്ണ കുറുപ്പ്

ചന്ദ്രൻപിള്ള വൈരവന

ബി. ആർ. പ്രകാശ് (D.R.P.)

ഉദയകുമാർ (D.R.P.)

പി. ആർ. കൃഷ്ണകുമാർ (D.R.P.)

ഓമന (D.R.P.)

ജയകുമാർ

വാസുദേവൻ പിള്ള

**കവർ ഡിസൈൻ & ലോഔട്ട് : വി.ബി. പ്രസാദ് ഹരിപ്പാട്.**

കെ. രാഘവൻ
പ്രസിഡന്റ്
ഹരിപ്പാട് ഗ്രാമ പഞ്ചായത്ത്

കേരളം വീണ്ടും മാതൃക കാട്ടുകയാണ്. ജനാധികാരത്തിന്റെ യഥാർത്ഥ പ്രയോഗമാണ് നടപ്പിലാക്കപ്പെടുന്നത്. മേലെ നിന്ന് എറിഞ്ഞ് കൊടുക്കുന്ന ദാനമായിരുന്നു ഇന്നലെ വരെ വികസനമെങ്കിൽ ഇനി അങ്ങോട്ട് തങ്ങളുടെ ഭാഗധേയം തങ്ങൾ തന്നെ നിശ്ചയിക്കുമെന്ന സമീപനമാണ് വികസന കാര്യത്തിൽ കേരളീയർ കൈകൊള്ളുക.

കേരളം നേരിടുന്ന വലിയ ഒരു വെല്ലുവിളി കൂട്ടായ്മയിലൂടെ പരിഹരിക്കപ്പെടുകയാണ്. കക്ഷിരാഷ്ട്രീയത്തിന് അതീതമായി ഉയർന്ന് വരുന്ന ഒരു സ്വാശ്രയ ബോധവും അത് വഴിയുള്ള പുതിയ ദേശാഭിമാന ബോധവും തീർച്ചയായും നമ്മുടെ നാടിന്റെ – കേരളത്തിന്റെ സമഗ്ര വികസനത്തിന് വഴിയൊരുക്കുക തന്നെ ചെയ്യും. അത് കൊണ്ട് തന്നെ ഇതിലടങ്ങിയ ഉന്നത സാമൂഹ്യ ബോധം കേരളത്തിലാകെ സംക്രമിക്കുകയാണെങ്കിൽ ഏറെ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിയും.

വികേന്ദ്രീകൃതാസൂത്രണത്തിന്റെ പശ്ചാത്തലത്തിൽ കാർഷിക വ്യവസായിക മേഖലകൾക്ക് നിറവേറ്റുവാനുള്ള ചുമതലകൾ വളരെ വലുതാണ്. ഈ ചുമതലകൾ ഏറ്റെടുക്കുവാൻ കൂട്ടായ്മയിലൂടെ നമ്മുക്ക് ഒത്തൊരുമ്മിച്ച് പ്രവർത്തിക്കാം. ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ വിവിധ രാഷ്ട്രീയ സാമൂഹിക പ്രഗത്ഭന്മാരുടെയും പഞ്ചായത്തിലെ ജനങ്ങളുടെയും ജില്ലാ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളുടെയും പഞ്ചായത്ത് അംഗങ്ങളുടെയും വിവിധ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടായിട്ടുണ്ട്.

നമ്മുടെ ഗ്രാമത്തിൽ ഒരു പുതിയ വികസന സംസ്കാരം വളർത്തി എടുക്കുന്നതിന് ഈ പഞ്ചായത്തിന്റെ വികസന രേഖ സഹായിക്കട്ടെ.

ഈ ഗ്രാമ പഞ്ചായത്തിന്റെ പ്രഥമ വികസന റിപ്പോർട്ട് ഇന്ന് നടക്കുന്ന വികസന സെമിനാറിൽ വിശദമായി ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു.

കെ. രാഘവൻ
പ്രസിഡന്റ്
ഹരിപ്പാട് ഗ്രാമ പഞ്ചായത്ത്

# ഹരിപ്പാട് ഗ്രാമ പഞ്ചായത്ത്

| | | |
|---|---|---|
| 1. | എ. അബ്ദുൾ മജീദ്. | സെക്രട്ടറി |
| 2. | എം. അബ്ദുൾ റസാക്ക് | ജൂനിയർ സൂപ്രണ്ട് |
| 3. | പി. സുരെഷ കുമാർ | യു. ഡി. സി. |
| 4. | പി. എസ്സ്. സുരേഷ് ബാബു. | യു. ഡി. സി. |
| 5. | എൻ. സിദ്ധാർത്ഥൻ | യു. ഡി. സി. |
| 6. | ജി. രാധാകൃഷ്ണൻ | യു. ഡി. സി. |
| 7. | വി. കൃഷ്ണ പിള്ള | എൽ. ഡി. സി |
| 8. | കെ. രാജേന്ദ്രൻ | എൽ. ഡി. സി |
| 9. | എസ്സ്. മാലിനി ദേവി | എൽ. ഡി. സി |
| 10. | കെ. ജെ. കുഞ്ഞച്ചൻ | പ്യൂൺ |
| 11. | ആർ. രാധാകൃഷ്ണൻ | പ്യൂൺ |
| 12. | ആർ. പൊന്നപ്പൻ | എഫ്. റ്റി. എസ്സ്. |
| 13. | എം. പുഷ്പവല്ലി | എഫ്. റ്റി. എസ്സ്. |
| 14. | ഡി. സുഭക്ഷിത | എഫ്. റ്റി. എസ്സ്. |
| 15. | എ. ഹംസക്കുട്ടി | പി. റ്റി. എസ്സ്. |

## വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

**ചെയർമാൻ-ശ്രീ. എസ്സ്. എസ്സ്. ബി. ആർ. പ്രസാദ്**

**കൺവീനർ- ശ്രീ. രാഘവൻ കേദാരം**

| വിവിധ കമ്മിറ്റി | കൺവീനർ |
|---|---|
| 1. ആമുഖം - | ശ്രീ. പി. രാഘവൻ |
| 2. ഭൂപ്രകൃതിയും വിഭവങ്ങളും - | ശ്രീ. കെ. ഉണ്ണികൃഷ്ണക്കുറുപ്പ്. |
| 3. സാമൂഹിക സാംസ്കാരിക ചരിത്രം - | ശ്രീ. പി. പി. ചന്ദ്രൻ മാസ്റ്റർ |
| 4. ദ്വിതീയ വിവര ശേഖരണം - | ശ്രീ. പി. കൃഷ്ണപിള്ള |
| 5. പഠന ശേഖരണം - | ശ്രീ. സി. എൻ. എൻ. തമ്പി |
| 6. കൃഷിയും ജല സേചനവും - | ശ്രീ. ചന്ദ്രൻ പിള്ള (മടത്തിൽ വടക്കേതിൽ) |
| 7. മൃഗസംരക്ഷണവും മത്സ്യ ബന്ധനവും- | ശ്രീ. കെ. ജി. രാമകൃഷ്ണപിള്ള |
| 8. വ്യവസായം - | ശ്രീ ഗോപിനാഥപ്പണിക്കർ |
| 9. വിദ്യാഭ്യാസം - | ശ്രീ. രാഘവൻ കേദാരം |
| 10. കുടിവെള്ളവും പൊതുജനാരോഗ്യവും - | ശ്രീ. ജലാലുദ്ദീൻ |
| 11. സഹകരണ മേഘല - | ശ്രീ. കെ. കൃഷ്ണക്കുറുപ്പ് |
| 12. ഗതാഗതം, ഊർജ്ജം, മാർക്കറ്റ് - | ശ്രീ. സതീഷ് ആറ്റുപുറം |
| - | ശ്രീമതി ഓമന മനോജ് |
| 13. പാർപ്പിടവും സാമൂഹിക സേവനവും - | ശ്രീ. സതീഷ് ആറ്റുപുറം |
| 14. സംസ്കാരം - | ശ്രീ. ഉദയകുമാർ |
| 15. വനിത - | ശ്രീമതി സരസ്വതിയമ്മ |
| | ശ്രീമതി. ജയ ശ്രീ |
| | ശ്രീമതി. എം. എസ്സ്. വി. അംബിക |
| 16. പട്ടികജാതി-പട്ടികവർഗ്ഗം - | ശ്രീ. ചന്ദ്രൻ പിള്ള വൈരവനം |
| 17. വിഭവ സമാഹരണം - | ശ്രീ. ചന്ദ്രൻ പിള്ള വൈരവനം |
| 18. ടൂറിസം - | ശ്രീ. ശ്രീധരൻ, സ്തുതി |
| 19. ഉപസംഹാരം - | ശ്രീ. രാഘവൻ കേദാരം |




ഭാരതീയസംസ്കാരത്തിലെ
അഗ്നിഗോളം

# ആമുഖം

കേരളത്തിലെ അതിപ്രസിദ്ധമായ ഒരു ഗ്രാമമാണ് ഹരിപ്പാട്. രാഷ്ട്രീയ സാമൂഹിക സംസ്കാര മണ്ഡലങ്ങളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ജനപദമാണിവിടം. രണ്ടും മൂന്നുംതവണ കൃഷിയേറ്റുന്ന പാടങ്ങളും ഹരിതാഭപൂണ്ട തൊടികളും നിറഞ്ഞനാട്. ഓണാട്ടുകരയുടെ മുഴുവൻ ബാഹാന്ത്യര സൗഭാഗ്യങ്ങളും ചാലിച്ചുചാർത്തിയ പുണ്യഭൂമി.

ഭാരതത്തിലെ സ്വാതന്ത്ര്യസമരത്തിലും തുടർന്നുള്ള ജനകീയ മുന്നേറ്റത്തിലും നമ്മുടെ ഗ്രാമം അതിന്റേതായ പങ്കുവഹിച്ചിട്ടുണ്ട്. ഓരോ കാലഘട്ടത്തിലും നിലനിന്നിരുന്ന ജനകീയ സംഘടനകളും സമ്പ്രദായങ്ങളും കൈമാറിവന്ന പാരമ്പര്യമാണ് നമ്മുടേത്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിൽനിന്നും മുക്തിനേടിയ ഭാരതം ജനകീയ ജനാധിപത്യം എന്ന ഭരണക്രമം തത്വത്തിൽ അംഗീകരിച്ചിരുന്നു. അത് സുവ്യക്തമാക്കുന്ന ഒരു ഭരണസംഘടനാ അംഗീകരിച്ചുകൊണ്ട് 1950 ജനുവരി 26ന് ഭാരതം ജനകീയ റിപ്പബ്ലിക്കാക്കി. "We the India having solemnly resolved to constitute India into a Sovereign, democretic, socialistic, secularistic Republic"എന്ന ഭരണഘടനയുടെ ആമുഖ പ്രഖ്യാപനവും അതുനടപ്പാക്കാനുള്ള സാമൂഹിക പ്രതിബന്ധവും മാറിമാറിവരുന്ന കക്ഷിരാഷ്ട്രീയ ഭരണകുത്തൊഴുക്കിൽ എവിടെയോ നഷ്ടപ്പെട്ടുപോയി. അതുവീണ്ടെടുത്തെ അതിന്റെ പരിപാവനത്വം നഷ്ടപ്പെടാതെ സൂക്ഷിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ജനകീയാസൂത്രണം മഹാത്മജി വിഭാവനംചെയ്ത ഗ്രാമസ്വരാജ് എന്ന ആശയം പരിപൂർണ്ണതയിലെത്തിക്കുന്നതിനുള്ള നടപടി കൂടിയാണിത്.

ഏതൊരു കാര്യത്തിന്റേയും ഭംഗിയായ നിർവ്വഹണത്തിന് വേണ്ട പ്രധാന ഘടകമാണ് ആസൂത്രണം. ഇൻഡ്യയെപ്പോലുള്ള ഒരു മഹാരാജ്യത്തെ ഭരണസിരാകേന്ദ്രത്തിൽവച്ചാലോചിച്ച് തീരുമാനിച്ച് നടപ്പാക്കിയ ആസൂത്രണം തികച്ചും അപ്രായോഗികങ്ങളായിരുന്നു എന്ന് വളരെ വൈകിയെങ്കിലും നേതൃത്വംമനസ്സിലാക്കി. ആയതിനാൽ ഇനിമുതൽ പദ്ധതി നടപ്പാക്കൽ ജനകീയമാക്കുകയാണ് അടിയന്തിര കർത്ത്യവ്യം. ജനങ്ങളുടെ ആവശ്യങ്ങൾ അവരിൽനിന്നുതന്നെ മനസ്സിലാക്കി ഏകോപിപ്പിച്ച് ഭരണകേന്ദ്രങ്ങളിലെത്തിക്കുന്ന ഒരു നടപടി ക്രമമാണ് വളരെ ലളിതമായി പറഞ്ഞാൽ ജനകീയാസൂത്രണം. ഇതൊരു ദിശാമാറ്റവും ഗതിമാറ്റവുമാണ്. അതിലൂടെ ഭരണത്തിൽ സമ്മതിദാനാവകാശികളായ ജനങ്ങളെ പങ്കെടുപ്പിക്കുന്ന ഒരു വൻസാമൂഹ്യവിപ്ലവംനേടി എടുക്കലുമാകും. ഈ ആസൂത്രണ തന്ത്രത്തിലൂടെ ജാതിമതാദി ചിന്തകൾക്കതീതമായി ജനങ്ങളെ ചിന്തിപ്പിക്കുവാനും ഒത്തുചേരുവാനും, അവരുടെ ഭിന്നതകൾമറന്ന് കാര്യങ്ങൾ ചർച്ചചെയ്ത് തീരുമാനിക്കുവാനും കളമൊരുക്കുവാനും ഉതകുന്നതാണ്.

"ഒൻപതാം പദ്ധതി ജനകീയ പദ്ധതിയായി നമ്മുടെ സർക്കാർ പ്രഖ്യാപിച്ചിരിക്കുവാണ്. സമ്പത്തിന്റെ വിനിയോഗത്തിൽ ജനപങ്കാളിത്തം കൂടിയാകുമ്പോൾ അതൊരു വൻവിജയമായിമാറും. പഞ്ചായത്തുകൾക്കുളള പദ്ധതിവിഹിതവും അതുപോലെ മറ്റു സ്കീമുകൾ, കേന്ദ്രസർക്കാർ ഫണ്ട് ബാഹ്യവികസന ഫണ്ടുകൾ, നികുതി വരുമാനം എല്ലാത്തിനും പുറമേജനകീയ സംഭാവനകൾ തുടങ്ങിയ വികസന സ്രോതസ്സുകൾ നിരവധിയാണ്. തീർച്ചയായും ഇവിടെ വിഭാവനം ചെയ്യുന്ന ആസൂത്രണ പ്രക്രിയ നാനാ തുറകളിലുള്ള ജനസഞ്ചയത്തെ ഏകോപിപ്പിച്ച് അവരുടെ ക്ഷേമവും ഐശ്വര്യവും കൈവരിക്കുവാൻ ഉതകുന്നതുതന്നെയാണ്.

ഏതൊരു പ്രഖ്യാപനവും, അതു സർക്കാർതലത്തിൽ വരുമ്പോൾ പൂർണ്ണമായി ഉൾക്കൊള്ളുവാൾ ജനങ്ങൾ എല്ലാവരും മുന്നോട്ടുവരുമെന്നുള്ള ധാരണശരിയല്ല. ജനാവലിയിൽ ഒരുവിഭാഗം ഈ സംരംഭത്തെ അകലെ നിന്നുനിരീക്ഷിക്കുക മാത്രമാണ് ചെയ്യുന്നത്.

എല്ലാവരും ഈ പുത്തൻപരീക്ഷണത്തെ ഉത്കണ്ഠയോടെ കാത്തിരി ക്കുകയാണ്.

കക്ഷി രാഷ്ട്രീയത്തിനതീതമായി ഏതു പ്രവർത്തനവും ഏറ്റെടുത്തു നടത്താൻ സന്നദ്ധരായി ഒരു കർമ്മസേന ഹരിപ്പാട് പഞ്ചായത്തിന്റെ കൈമുതലാണ്. അതവർ സാക്ഷരതാപ്രവർത്തനത്തിലൂടെ തെളിയിച്ചിട്ടുണ്ട്. ജനകീയാ സൂത്രണത്തിന്റെ പ്രഖ്യാപനം മുതൽ അതിന്റെ പൂർണ്ണ വിജയത്തിന് ഈ സന്നദ്ധസംഘം അവിരാമമായി പ്രവർത്തിച്ചു വരുന്നു. മുൻഗാമികളുടെ അനുസ്യൂതമായ അദ്ധ്വാനം മൂലം പല സദുദ്യമങ്ങളും നേടിയെടുക്കുവാൻ നമുക്കുകഴിഞ്ഞു. പൂർവ്വികർ കൊളുത്തിവച്ച ആ ഭദ്രദീപം അണയാതെ സൂക്ഷിക്കേണ്ടത് ഇന്നത്തെ തലമുറയുടെ കർത്തവ്യമാണ്. ജനകീയാസൂത്രണത്തിന്റെ പങ്കാളിത്തത്തിലൂടെ ഈ മഹത്തായ ചുമതലനമുക്ക് നിറവേറ്റാം

ഹരിപ്പാടിന്റെ നാമം അന്താരാഷ്ട്ര വിനോദസഞ്ചാര കലണ്ടറിൽ ആലേഖനം ചെയ്യുന്ന കാലം അനതിവുദൂരത്തിലല്ല. "കേരളത്തിലെ പഴനി" എന്ന അപരാഭിധാനമുള്ള സുബ്രഹ്മണ്യസ്വാമി ക്ഷേത്രവും ലോകത്തിലേറ്റവും പ്രശസ്തമായ നാഗാരാധനാ കേന്ദ്രമായ മണ്ണാറശാലയും ചുവർ ചിത്രങ്ങൾക്ക് പുകഴ്പെറ്റ ചേപ്പാട്ടു പള്ളിയും പള്ളിപ്പാട്ടരയാകുളങ്ങര ക്ഷേത്രവും പായിപ്പാട്ടാറ്റിലെ ജലോത്സവവും, ഏതൊരു സഞ്ചാരിക്കും കണ്ണിനും കരളിനും കൗതുകമേകുന്നു. തൈപ്പൂയ കാവടിയാട്ടവും മണ്ണാറശാലയിലെ പുള്ളുവൻ പാട്ടിലെ മധുര സംഗീതവും, അച്ചൻ കോവിൽ ആറ്റിൽ നിന്നും മുവങ്ങുന്ന വഞ്ചിപ്പാട്ടിന്റ ധ്രുതതാളവും എത്രമേൽ ഹൃദ്യമാണ്.

കായംകുളം താപവൈദ്യുതിനിലയം ഒരു യാഥാർത്ഥ്യമാകുമ്പോൾ ഹരിപ്പാടിന്റെ മുഖച്ഛായ തന്നെ മാറിപ്പോ കുമെന്നുള്ളതിൽ സന്ദേഹത്തിനവകാശമില്ല. ക്ഷേത്ര നഗരമെന്ന പ്രശക്തിയോടൊപ്പം വികസനസാദ്ധ്യതയുള്ള ഒരു വ്യവസായകേന്ദ്രം കൂടിയായി ഹരിഗീതപുരം അറിയപ്പെടും. ഹരിപ്പാട് വീയപുരം റോഡ് സ്റ്റേറ്റ് ഹൈവേ ആയി പ്രഖ്യാപിച്ചതോട് കിഴക്കൻ വ്യാപാര നഗരങ്ങളുമായി കൂടുതൽ ബന്ധപ്പെടുവാൻ ഹരിപ്പാടിനുകഴിയുന്നു. ദ്രുതഗതിയിൽ വളർച്ച പ്രാപിച്ചു കൊണ്ടിരിക്കുന്ന ഹരിപ്പാടിന്റെ ഭാവിസുശോഭനമാണ്. ബഹുജനപങ്കാളിത്തത്തോടെ ചിട്ടയായ ഒരു പ്രവർത്തനം കാഴ്ചവയ്ക്കുവാൻ നമ്മുടെ ഗ്രാമപഞ്ചായത്തിനു കഴിയട്ടെ. വിവിധ മണ്ഡലങ്ങളിൽ അടുത്ത അഞ്ചു വർഷത്തേക്ക് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ ഒരു രൂപരേഖ ബഹുജനസമക്ഷം അവതരിപ്പി ക്കുന്നു.

കേരളം വീണ്ടും മാതൃക കാട്ടുകയാണ്. ജനാധികാരത്തിന്റെ യഥാർത്ഥ പ്രയോഗമാണ് നടപ്പാക്കുന്നത്. മേലെനിന്ന് എറിഞ്ഞുകൊടുക്കുന്ന ദാനമായിരുന്നു, ഇന്നലെവരെ വികസനമെങ്കിൽ ഇനി അങ്ങോട്ടു താങ്കളുടെ ഭാഗധേയം തങ്ങൾ തന്നെ നിശ്ചയിക്കുന്ന സമീപനമാണ് വികസന കാര്യത്തിൽ കേരളീയർ കൈകൊള്ളുക.

കേരളം നേരിടുന്ന വലിയൊരു വെല്ലുവിളി കൂട്ടയ്മയിലൂടെ പരിഹരിക്കപ്പെടുന്നു. കക്ഷിരാഷ്ട്രീയത്തിനതീതമായി ഉയർന്നുവരുന്ന ഒരു സ്വാശ്രയ ബോധവും അതു വഴിയുള്ള പുതിയ ദേശാഭിമാനബോധവുംതീർച്ചയായും നമ്മുടെ നാടിന്റെ - കേരളത്തിന്റെ സമഗ്രവികസനത്തിന്റെ വഴിയൊരുക്കുക തന്നെ ചെയ്യും. അതുകൊണ്ടുതന്നെ ഇതിലടങ്ങിയ ഉന്നത സാമൂഹ്യബോധം കേരളത്തിലാകെ സംക്രമിക്കുകയാണെങ്കിൽ ഏറെ നേട്ടങ്ങൾ കൊയ്തുകൂട്ടുവാൻ കഴിയും

വികേന്ദ്രീകൃതാസൂത്രണത്തിന്റെ പശ്ചാത്തലത്തിൽ കാർഷിക വ്യവസായിക മേഖലകൾക്ക് നിറവേറ്റുവാനുള്ള ചുമതലകൾ ഏറ്റെടുക്കുവാൻ കൂട്ടയ്മയിലൂടെ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം. ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ വിവിധ രാഷ്ട്രീയ സാമൂഹിക പ്രഗത്ഭരുടെയും പഞ്ചായത്തിലെ ജനങ്ങളുടെയും വിവിധ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെയും പഞ്ചായത്ത് അംഗങ്ങളുടെയും പഞ്ചായത്ത് ജീവനക്കാരുടെയും ആത്മാർത്ഥ മായ സഹ കരണം ഉണ്ടായിട്ടുണ്ട്. നമ്മുടെ ഗ്രാമത്തിൽ ഒരു പുതിയ വികസന സംസ്കാരം വളർത്തി എടുക്കുന്നതിന് ഈ പഞ്ചായത്തിന്റെ സമഗ്ര വികസന രേഖ സഹായിക്കട്ടെ.

ഈ ഗ്രാമപഞ്ചായത്തിന്റെ പ്രഥമ വികസന റിപ്പോർട്ട് ഇന്നു നടക്കുന്ന ഈ വികസന സെമിനാറിൽ വിശദമായ ചർച്ചകൾക്ക്, വിലയേറിയ നിർദ്ദേശങ്ങൾക്കുമായി നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു.



## പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| 1) | പഞ്ചായത്തിന്റെ പേര് | ഹരിപ്പാട് ഗ്രാമപഞ്ചായത്ത് |
| 2) | ഉൾപ്പെടുന്ന വില്ലേജുകൾ | ഹരിപ്പാട് |
| 3) | ബ്ലോക്ക് പഞ്ചായത്ത് | ഹരിപ്പാട് ബ്ലോക്ക് |
| 4) | താലൂക്ക് | കാർത്തികപ്പള്ളി |
| 5) | അസംബ്ലി മണ്ഡലം | ഹരിപ്പാട് |
| 6) | വിസ്തീർണ്ണം | 9.56 Sq; KM |
| 7) | അതിരുകൾ: | |
| | കിഴക്ക് | പള്ളിപ്പാട് പഞ്ചായത്ത് |
| | പടിഞ്ഞാറ് | കുമാരപുരംപഞ്ചായത്ത് |
| | തെക്ക്. | കാർത്തികപ്പള്ളി പഞ്ചായത്ത് |
| | വടക്ക് | ചെറുതന വീയപുരം പഞ്ചായത്ത് |
| 8) | ജനസംഖ്യ | 14978 |
| | പുരുഷന്മാർ | 7295 |
| | സ്ത്രീകൾ | 7683 |
| 9) | ജനസാന്ദ്രത | 1566.736.Sq:KM |
| 10) | അക്ഷരാഭ്യാസമുള്ളവർ | 12835 |
| 11) | വാർഡുകളുടെ എണ്ണം | 9 |
| 12) | പ്രസിഡന്റിന്റെ പേര് | കെ. രാഘവൻ |
| 13) | വൈസ് പ്രസിഡന്റിന്റെ പേര് | സതീഷ് ആറ്റുപുറം |
| 14) | സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | വിജയകുമാർ കണ്ണന്താനം |

# 3

# സാമൂഹിക-സാംസ്ക്കാരിക ചരിത്രം

നാഗരികതയുടെ കുത്തൊഴുക്കിൽ ഗ്രാമീണതയുടെ ഭംഗിയും ശാലീനതയും കൈവെടിയാതെ നിലനിൽക്കുന്ന പ്രദേശമാണ് ഹരിപ്പാട് എന്ന ഈ കൊച്ചുഗ്രാമം. എങ്ങും സമാധാനപ്രിയരായ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരിടമാണ് **ഈ ഗ്രാമഭൂമി.**

ആലപ്പുഴ ജില്ലയിൽ (പണ്ട് കൊല്ലം ജില്ല) കാർത്തി കപ്പള്ളി താലൂക്കിന്റെ ഭരണ സിരാകേന്ദ്രമാണ് ഹരിപ്പാട്. താലൂക്കാഫീസ്, മുൻസിഫ് കോടതി, മജിസ്ട്രേട്ടു കോടതി, ട്രഷറി, പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, സബ്‌രജിസ്ട്രാർ ആഫീസ് എന്നീ പ്രധാനപ്പെട്ട സ്ഥാപനങ്ങൾ പണ്ടു മുതൽക്കേതന്നെ ഒരു മതിൽക്കെട്ടിനുള്ളിൽ നിലകൊണ്ടിരുന്നു. ഇന്ന് പല ജില്ലാ ആസ്ഥാനങ്ങൾക്കും കൈവന്നിട്ടില്ലാത്ത പ്രത്യേകതയാണ് ഇത്. പിലാപ്പുഴ തെക്ക്, പിലാപ്പുഴ നടു വത്ത്, പിലാപ്പുഴ വടക്ക്, എന്നീ പ്രദേശങ്ങൾ ചേർന്ന് കിഴക്കേക്കര വില്ലേജും, തുലാംപറമ്പ് തെക്ക്, തുലാംപറമ്പ് നടുവത്ത്, തുലാംപറമ്പ് വടക്ക്, പൊത്തപ്പള്ളി വടക്കുകരയുടെ ഡാണാപ്പടി തോടിന് കിഴക്കുഭാഗത്തുള്ള പ്രദേശവും ചേർന്ന് ഉള്ള ഹരിപ്പാട് വില്ലേജും കൂടിചേർന്നതാണ് ഹരിപ്പാട് പഞ്ചായത്തിന്റെ വിസ്തൃതി.

ഹരിതഗീതപുരമെന്നും, അരിപ്പാടെന്നും ഈ സ്ഥലത്തിന് നാമകരണങ്ങൾ കാണുന്നു. കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ ഒരു കൃതിയിൽ പാഹിഹരിഗീത പത്തനപതേ

അദ്ദേഹം തന്നെ മയൂരസന്ദേശത്തിൽ `അരിപ്പാട് വാണോരുകാലം'എന്നും പറയുമ്പോൾ സ്വാതിതിരുനാൾ മഹാരാജാവ് ഹരിഗീത പുതലയദീപ! എന്ന് ശ്രീ. കാർത്തികേയനെ സംബോധനചെയ്യുന്നതും ഹരിപ്പാട് എന്ന നാമകരണത്തിന്റെ പഴക്കവും പ്രാധാന്യവും വിളിച്ചറിയിക്കുന്നു.

കുട്ടനാടൻ വയലേലകളോട് ചേർന്ന് പുഞ്ചനെൽപ്പാടങ്ങളെക്കൊണ്ടും, ഇരിപ്പൂനിലങ്ങളെക്കൊണ്ടും, ധാന്യസമൃദ്ധമായ (നെല്ല്) ഈ പ്രദേശം രാജഭരണകാലത്ത് ധാന്യ ശേഖരണത്തിന്റെ കലവറതന്നെ ആയിരുന്നു. തിരുവിതാംകൂർ രാജകുടുംബത്തിന് വേണ്ട അരി ഇവിടെനിന്നും നൽകിയിരുന്നു. കിഴക്ക് നെൽപ്പുര കടവും, കൂറ്റൻ നെല്ലറകളും, പടിഞ്ഞാറ് ഠാണാവ്പടിയും(ഇന്ന് ഡാണാപ്പടി) എല്ലാം ഇതിലേയ്ക് വെളിച്ചം വീശുന്നു. അങ്ങനെ രാജ്യത്തിനാവശ്യമായ അരിയിൽ നല്ലൊരുപങ്കും സംഭരിക്കുന്ന സ്ഥലമെന്ന നിലയിൽ അരിപ്പാടെന്ന് നാമകരണം ചെയ്യപ്പെട്ടതായി ഒരു പക്ഷം. എന്നാൽ ഹരിതഗീതപുരമെന്നതിന്റെ മലയാള പ്രയോഗമാണ് ഹരിപ്പാട് എന്നുള്ള പക്ഷവും നിഷേധിക്കാവുന്നതല്ല. ഹരിശബ്ദത്തിന് സുബ്രഹ്മണ്യൻ എന്ന് അർത്ഥമില്ലെങ്കിലും വിഷ്ണുവിനെ സുബ്രഹ്മണ്യൻ എന്ന് സംബോധനചെയ്യുന്നതിൽ തെറ്റില്ലായെന്ന് ശാസ്ത്രവിധി കാണുന്നു. ഹരിപ്പാട് ക്ഷേത്രത്തിൽ ഒരു വർഷം കൊടിയേറി മൂന്ന് ഉത്സവം നടക്കുന്ന തിന്റേയും പൊരുൾ ദേവസങ്കല്പത്തിലുള്ള വ്യത്യാസം തന്നെയാണ്. കേരളത്തിൽ കൊടിയേറി മൂന്ന് ഉത്സവങ്ങൾ നടക്കുന്ന രണ്ടു ക്ഷേത്രങ്ങളിൽ ഒന്നാണ് ഹരിപ്പാട് ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം. ഭാരതത്തിലെ നാഗാരാധനാ കേന്ദ്രങ്ങളിൽ പ്രസിദ്ധമായ മണ്ണാറശ്ശാല നാഗരാജക്ഷേത്രവും ഹരിപ്പാടിലെ ഹരിശബ്ദത്തിന് ബന്ധമുണ്ടാകാം.

ജാതി-മത-രാഷ്ട്രീയ വൈരങ്ങളോ സംഘട്ടനങ്ങളോ ചെറുതായിപ്പോലും ഉണ്ടായിട്ടില്ലാത്ത ഈ കൊച്ചു ഗ്രാമത്തിൽ വിവിധ മതസ്ഥരുടെ ആരാധനാലയങ്ങൾ 25-ൽപ്പരം ഉണ്ട്. കടവിൽ തരകനും, മുസ്ലീം ദേവാലയത്തിനും ഹരിപ്പാട് ക്ഷേത്രവുമായി ബന്ധപ്പെട്ട് അവകാശങ്ങൾ ഉണ്ടായിരുന്നു. കായംകുളം കായലിൽ ഇന്ന് കണ്ടല്ലൂർ എന്നറിയപ്പെടുന്ന സ്ഥലത്ത്നിന്നും വള്ളങ്ങളുടെ അകമ്പടിയോടെ കൊണ്ടുവരപ്പെട്ട സുബ്രഹ്മണ്യ വിഗ്രഹത്തിന്റെ ആഘോഷ യാത്രാസ്മരണ പുലർത്തുന്ന ജലോൽസവമാണ് വിദേശികളെതന്നെ ആകർഷിക്കുന്ന പായിപ്പാട് ജലോത്സവം. വിഗ്രഹം വഹിച്ചുകൊണ്ടുള്ള ഘോഷയാത്ര ഹരിപ്പാടിന്റെ കിഴക്കേ അതിർത്തിയി

ലുള്ള നെൽപ്പുര കടവിൽ വന്ന് അരനാഴികനേരം വിശ്രമിച്ചതിന്റെ ഓർമ്മയ്ക്ക് ഇന്ന് ഇവിടെ അരനാഴികക്ഷേത്രം എന്ന പേരിൽ ഒരു ആരാധ നാലയം ഉണ്ട്. ഈ ക്ഷേത്രത്തിൽ നാനാജാതിമത സ്ഥരും ആരാധന നടത്തുന്നു. ആരാധനാലയങ്ങളുടെ വലിപ്പവും, ജനവിശ്വാസവും, പ്രാധാന്യവും, എണ്ണവും വിദേശികളേയും, ഇതര സംസ്ഥാനങ്ങളിലുള്ള ജനങ്ങളേയും ഇവിടെ എത്തിക്കാൻ കാരണമാകുന്നു. ഹരിപ്പാട് ഒരു ഗ്രാമമാണെങ്കിലും ക്ഷേത്രങ്ങളുടെ കാര്യത്തിൽ ക്ഷേത്രനഗരമെന്ന് ഈ ഗ്രാമത്തെ തീർത്തും നാമകരണം ചെയ്യാം. ഹരിപ്പാട് രാജഭരണകാലത്ത് നഗരമായിരുന്നു. അതിനുള്ള തെളിവായി ടൗൺഹാൾ ഇന്നും ഹരിപ്പാടിന്റെ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്നു. ഹരിപ്പാട് സ്വാതന്ത്ര്യലബ്ധിക്കുമുൻപ് മുനിസിപ്പാലിറ്റി ആയിരുന്നു. നികുതി ദുർവ്വഹമാണെന്ന് കാണിച്ച് തിരുവിതാംകൂർ മഹാരാജാവിന് നാട്ടുകാർ നൽകിയ പരാതിയിൽ മുനിസിപ്പൽ പ്രദേശം കൺസർവൻസി ടൗണായി മാറ്റി ഉത്തരവായി. പടിഞ്ഞാറ് കുമാരപുരം കൂട്ടംകൈത മുതൽ കിഴക്കോട്ട് പള്ളിപ്പാട് ആഞ്ഞിലിമൂടുവരെയും, വടക്ക് കാരിച്ചാൽ മുതൽ തെക്ക് കാർത്തികപ്പള്ളി ജംഗ്ഷൻ വരെയും ആയിരുന്നു കൺസർവൻസി ടൗൺ പ്രദേശം. ഇതിൽ നിന്നും പള്ളിപ്പാട്, വീയപുരം എന്നീ രണ്ടു വില്ലേജുയൂണിയനുകൾ പിന്നീടുണ്ടായി. കിഴക്കേക്കര, ഹരിപ്പാട് വില്ലേ ജുകൾ ഒന്നിച്ച് ചേർന്ന് ഹരിപ്പാട് പഞ്ചായത്ത് രൂപീകൃതമായി. ആദ്യപ്രസിഡന്റായി മണ്ണാറശാല ഇല്ലത്തെ ശ്രീ. M.G.നാരായണൻ നമ്പൂതിരി അവരോധിക്കപ്പെട്ടു.

ചെറുതോടുകളും വയലുകളും പാലങ്ങളും പുഴകളും സസ്യവിളകളും നാണ്യവിളകളും, കാവുകളും കുളങ്ങളും നാഷണൽ ഹൈവേയും പൂഴിമണൽ വീഥികളും ചൂളം വിളിച്ചോടുന്ന തീവണ്ടികളും ഈ നാടിന്റെ മനോഹാരിതയ്ക്ക് മാറ്റുകൂട്ടുന്നു. 64-കലകളിലും പുകൾപെറ്റ കലാകാരൻമാരെകൊണ്ട് മുമ്പുംപിമ്പും ഈ പ്രദേശം ധന്യമായി നില കൊള്ളുന്നു. കലാസാഹിത്യ രംഗത്ത് ജീവിച്ചിരുന്നതും ഇളം തലമുറയുടെ അറിവിൽപ്പെടുന്നതുമായ കലാകാരൻമാരുടേയും സാഹിത്ത്യകാരൻമാരുടേയും വിസ്താര ഭയത്തിൽ പേരുകൾ ഒഴിവാക്കുന്നു. പക്ഷേ കലാകേരളത്തിന് ഹരിപ്പാടിന്റെ സംഭാവന വളരെ വലുതാണ്. സംഗീത ചക്രവർത്തി ശ്രീ. സ്വാതിതിരുനാളിന്റെ ഗുരുഹരിപ്പാട് കിഴക്കേടത്ത് ശ്രീ. കൊച്ചുപിള്ളവാര്യരും, വൻശിഷ്യസമ്പത്തിന്റെ ഉടമയായ ശ്രീ. രാമൻകുട്ടിഭാഗവതരും, മലബാർ ഗോപാലൻ നായരും, സംഗീതവിദുഷി ശ്രീമതി.കമലാക്ഷിയമ്മയും, ശ്രീ. ഹരിപ്പാട് ഗോപിനാഥും, പതിനെട്ടിൽപരം ഭാഷകളിൽ പാണ്ഡിത്ത്യമുണ്ടാ യിരുന്ന ശ്രീ. ശേഷാദ്രി അയ്യരും, മണ്ണാറശ്ശാല ശ്രീ. നാരായണൻ നമ്പൂതിരിയും, ചെങ്ങാരപ്പള്ളി ശ്രീ. നാരായണൻ പോറ്റിയും, ശ്രീ. മാടശ്ശേരി മാധവവാര്യരും, കഥകളിരംഗത്ത് ഹരിപ്പാട് ശ്രീ. രാമകൃഷ്ണപിള്ളയും, വൻ ശിഷ്യസമ്പത്തി നുടമയായ ഹരിപ്പാട് ബ്രദ്ദേഴ്സും, പാഠകകലയിൽ കലാരത്നം ഹരിപ്പാട് അച്യുതദാസും, ഹരികഥയിൽ നിന്നും കഥാ പ്രസംഗകലയെ വാർത്തെടുത്ത ശ്രീ. K.R.ഹരിപ്പാടും, തുള്ളൽകലയിൽ ശ്രീ. പുതുവാൽ കൃഷ്ണൻനായരും, അനേകം ഭിഷഗ്വരൻമാരും (ആയുർവ്വേദം), ജ്യോതിഷൻമാരും ഒക്കെത്തന്നെ ഹരിപ്പാടിനെ എന്നെന്നും നിത്യവസന്ത മണിയിച്ചിരുന്നു. ഇന്നും കലാ-സാംസ്കാരിക രംഗത്ത് സമുന്നതരുടേയും സമശീർഷരുടേയും അംഗസംഖ്യകൊണ്ട് ഹരിപ്പാട് മുൻനിരയിൽ വിരാചിക്കുന്നു.

ഇവിടുത്തെ രാഷ്ട്രീയ-സാമൂഹിക ചരിത്രം പരിശോധിക്കുമ്പോൾ ഒരിക്കലും രാഷ്ട്രീയ അന്ധത ഹരിപ്പാടിന് ശാപമുളവാക്കിയിട്ടില്ല. എന്നാൽ രാജ്യത്ത് നടമാടാറുള്ള പല രാഷ്ട്രീയ ഒഴുക്ക് ഇവിടേയും ബാധകമായിട്ടുണ്ട്. ജന സംഖ്യയിൽ നല്ലൊരുപങ്ക് ബ്രാഹ്മണരും, അമ്പലവാസി വിഭാഗങ്ങളും, മറ്റ് ഇതര ഹിന്ദുവിഭാഗങ്ങളും ആയിരുന്നു. രാജഭരമകാലത്ത് ബ്രാഹ്മണസദ്യക്കായി ഹരിപ്പാട് ക്ഷേത്രത്തിൽ പണികഴിപ്പിക്കപ്പെട്ടുകാണുന്ന ഊട്ടുപുരയും(ഇന്നത്തെ സദ്യാലയം), മാളികയും ബ്രാഹ്മണ്യ ബാഹുല്യം വിളിച്ചറിയിക്കുന്നു. രാജഭരണത്തിന്റെ അവസാനവും, ഭൂപരിഷ്കരണ നിയമവും ബ്രാഹ്മണരിൽ 80%-വും ഇവിടം വിട്ടുപോകുവാൻ നിർബന്ധിതരായി. ഇന്ന് ബ്രാഹ്മണർ നാമമാത്ര മായിരിക്കുന്നു. കേരളത്തെ ഒരുകാലത്ത് ഗ്രസിച്ചിരുന്ന അയിത്ത ത്തിൽനിന്നും ഇവിടവും മുക്തമായിരുന്നില്ല. എന്നാൽ അയിത്തം കൊടികുത്തി വാഴുമ്പോഴും അതിനെതിരേ പ്രവർത്തിച്ച മാധവൻ വക്കീലിനേപ്പോലുള്ള ഉത്പതി ഷ്ണുക്കൾ ഇവിടെ ഉണ്ടായിരുന്നു. അയിത്തത്തിനെതിരേ ശ്രീരാമകൃഷ്ണാശ്രമത്തിൽ നടത്തിയ പന്തിഭോജനം പ്രസിദ്ധവും ചലനാത്മക വുമായിരുന്നു. ഇതര മതസ്ഥരും മറ്റു പിന്നോക്കവിഭാഗങ്ങളും അധികമല്ലായിരുന്ന ഇവിടെ ഇന്ന് എല്ലാ മത വിഭാഗങ്ങളും വസിക്കുന്നു. ഹരിപ്പാട് ക്ഷേത്രത്തിന് പടിഞ്ഞാറേ നടയിൽ ക്ഷേത്ര സങ്കേതത്തിൽ ബ്രാഹ്മണസമൂഹത്തുംമഠം (സമൂഹത്തുംമഠം) വകയായി ഷൺമുഖവിലാസം ഹൈസ്കൂൾ നടത്തിവന്നിരുന്നു. വിദ്യാലയം ക്ഷേത്രസങ്കേതത്തിലാകയാൽ പിന്നോക്ക വിഭാഗങ്ങൾ

ക്ക് പ്രവേശനം അനുവദിച്ചിരുന്നില്ല. ഈ ന്യൂനത ഹരിപ്പാട് ഗവ: ഹൈസ്കൂൾ (B.H.S.) സ്ഥാപിച്ചതോടെ പരിഹൃദമായി. പണ്ഡിത വരേണ്യനായിരുന്ന മണ്ണാറശ്ശാല നാരായണൻ നമ്പൂതിരി പ്രഥമ സ്ഥാനിയായി സ്ഥാപിക്കപ്പെട്ട മണ്ണാറശ്ശാല സംസ്കൃത സ്കൂൾ, ആയുർവ്വേദ കോളേജ് ഇവയെല്ലാം കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെ ഇവിടേക്ക് ആകർഷിച്ചിരുന്നു. ഈ രാജകീയ പ്രൗഢിയുടെ നിതാന്ത ദർശനങ്ങളായി നിൽക്കുന്ന കൊട്ടാരങ്ങളും കോവിലുകളുംകൊണ്ട് അലംകൃതമാണ് ഈ പ്രദേശം.

ഹരിപ്പാടിന്റെ സാംസ്കാരികവും കലാപരവുമായ സമ്പത്ത് വികസിപ്പിക്കുന്നതിനും അവ കൂടുതൽ ഉദ്ദീപങ്ങളായി ആകർഷകമാക്കുന്നതിനും ഒൻപതാം പദ്ധതിയും പരിപാടികളും ആവിഷ്കരിച്ചു നടപ്പാക്കേണ്ടത് ഹരിപ്പാടിന്റെ ഇന്നലെയുടെ പേര് നാളെയും നില നിർത്തുവാൻ അത്യന്താപേക്ഷിതങ്ങളാണ്.

അവസാനമായി ഒരു വാക്ക് കൂടി കഴിഞ്ഞ്പോയ ഇന്നലെകളിലെ ധന്യമുഹൂർത്തങ്ങളാണല്ലോ ചരിത്രമാകുന്നത്. ആ കാര്യത്തിൽ നാം വളരെ സംപുഷ്ടർതന്നെ. സവർണ്ണ മേധാവിത്വം കൊടികുത്തിവാണപ്പോൾ തന്നെ അവർണ്ണരുടെ സഹകരണവും ഈ ഗ്രാമം വളരെ ശ്രദ്ധാപൂർവ്വം കരുതിവച്ചു. ഒരു പക്ഷേ അതുതന്നെയാവാം ഇവിടെ നിലനിന്നിരുന്ന സമാധാനത്തിന്റെ കാരണവും. ശ്രീ.സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ കരുവാറ്റ സാംബവരുടെ കൂട്ടക്കാഴ്ചയും ഡാണാപ്പടി മുസ്ലീംപള്ളി സംഭാവനയും അരനാഴിക ക്ഷേത്രവുമൊക്കെ അതിന് ഉദാഹരണമാണ്. ചരിത്രം ഇവിടെ അവസാനിക്കുന്നില്ല. വരുംതലമുറ ചരിത്രമന്വേഷിക്കുന്നത് വർത്തമാനകാലത്തിലെ നമ്മുടെ ചെയ്തികളായിതിക്കും. അവർക്ക് ഇന്ന് നമ്മൾ അഭിമാനിക്കുംപോലെ നമ്മെക്കുറിച്ചോർക്കുവാൻ നിങ്ങളാൽക്കഴിയുന്ന സംഭാവനകൾ നമ്മുടെ നാടിനെ ധന്യമാക്കുവാനായി നൽകുക.



# ഭൂപ്രകൃതിയും വിഭവങ്ങളും

നമ്മുടെ പഞ്ചായത്ത് ആലപ്പുഴ ജില്ലയിൽകാർത്തികപ്പള്ളി താലൂക്കിൽ വടക്ക് വിയപുരം ചെറുതന, തെക്ക് കാർത്തികപ്പള്ളി കിഴക്ക് പള്ളിപ്പാട്, പടിഞ്ഞാറ് കുമാരപുരം എന്നീ ഗ്രാമപഞ്ചായത്തുകൾക്കും ഇടയ്ക്ക് കിഴക്കു നിന്നും പടിഞ്ഞാറോട്ട് ചരിവായി കിടക്കുന്നു.

ഹരിപ്പാട് ബ്ലോക്കിൽ പെടുന്ന ഈ ഗ്രാമപഞ്ചായത്ത് 9 വാർഡുകളായി വിഭജിച്ചിരിക്കുന്നു. കാർത്തികപ്പള്ളി താലൂക്കിന്റെ ആസ്ഥാനവും ഇതുതന്നെയാണ്. മാവേലിക്കരമുനിസിപ്പൽ ആസ്ഥാനത്തുനിന്നും 10 കിലോമീറ്ററും, കായംകുളം മുനിസിപ്പിൽ ആസ്ഥാനത്തു നിന്നും 13കിലോമിറ്ററും അകലെയാണ് ഹരിപ്പാട് പഞ്ചായത്തിന്റെ ആസ്ഥാനം 9.56 ച കിലോമീറ്റർ വിസ്തീർണ്ണമുള്ളതും 3070 കുടുംബങ്ങളിലായി 14978 അംഗസംഖ്യയുമുള്ള ഈ പഞ്ചായത്തിൽ 7683 സ്ത്രീകളും 7295 പുരുഷന്മാരും ഉണ്ട്. ജനസംഖ്യയുടെ 90% സാക്ഷരതയാണ്.

1991 ലെ സെൻസസ് അനുസരിച്ച് 166 പേർ കർഷകരും 1016 പേർ കർഷകതൊഴിലാളികളും 235 പേർ നാമമാത്രമായി തൊഴിൽ ചെയ്യുന്നവരും 11010 പേർ യാതൊരു തൊഴിലിലും ഏർപ്പെട്ടിട്ടില്ലാത്തവരും 571 പേർ കച്ചവട രംഗത്ത് പ്രവർത്തിക്കുന്നവരും 1135 പേർ ഇതര സെവനമേഖലകളിൽ പ്രവർത്തിക്കുന്നവരുമാണ്.

ചാർട്ട് 1

നമ്മുടെ ഗ്രാമപഞ്ചായത്തിൽ കൃശിക്കുപയുക്തമായ ഭൂമിയിൽ 450 ഹെക്ടർ നിലവും, 398 ഹെക്ടർ പുരയിടവും, 48 ഹെക്ടർ പുറം പോക്കുമാണ്. ഈ പുറം പോക്കുഭൂമി കൃഷിക്ക് ഉപയുക്തമല്ല. നെല്ല്, തെങ്ങ്, കമുക്, എള്ള് തുടങ്ങിയ ധ്യാനവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, മുതലായവ കൃഷിചെയ്യുന്നു. സമഗ്രനാളീകെര വികസന പദ്ധതി, ദേശീയ നീർമറി പ്രദെസ വികസന പദ്ധതി, സുഗന്ധ വിള പരിപാലനം, ഊർജ്ജിത കൊക്കോ വികസനപദ്ധതി, ഗ്രാമീണ ജൈവവളക്കുഴി നിർമ്മാണ പദ്ധതി, ഊർജ്ജിത കശുമാവ് വികസന പദ്ധതി, കുരുമുളക് തൈവിതരണം, SC/ ST വികസന പദ്ധതി, ഊർജ്ജിത നെല്ലുല്പാദന പദ്ധതി എന്നിവയെല്ലാം ഭാഗികമായി നടപ്പാക്കിവരുന്നു.

## കാലാവസ്ഥ

1993-ൽ പ്രസിദ്ധീകരിച്ച ലാന്റ് റിസോഴ്സ് ഓഫ് കേരളയുടെ കണക്കനുസരിച്ച് നമ്മുടെ ജില്ലയിൽ 2964 മി. മീറ്റർ വാർഷിക മഴയാണ് കിട്ടുന്നത്. ഇതിൽ ഇടവപ്പാതിയിൽ നിന്നും (ജൂൺ മുതൽ ആഗസ്റ്റ്)1709 മി. മീറ്ററും, തുലാവർഷത്തിൽ നിന്നും (സെപ്റ്റംബർ മുതൽ നവംബർ)977 മി. മീറ്ററുമാണ് കിട്ടുന്നത്. ജില്ലയിൽ കാലവർഷം ഏറ്റവും കൂടുതൽ കിട്ടുന്ന പ്രദേശങ്ങളിലൊന്നാണ് ഈ ഗ്രാമപഞ്ചായത്ത്.

ചാർട്ട് 2A

കണക്കുകൾ പരിശോധിക്കുമ്പോൾ തുലാവർഷത്തെ അപേക്ഷിച്ച് ഇടവപ്പാതിയിൽ കൂടുതൽ മഴ ലഭിക്കുന്നുണ്ട്. ഇ കാലവർഷങ്ങളിൽ നിന്നും ശരാശരി വർഷത്തിൽ ഏഴുമാസക്കാലം മഴയുണ്ട്. മാർച്ച്, ഏപ്രിൽ, മെയ് എന്നീ മാസങ്ങളിൽ നാമമാത്രമായ ഇടമഴകളും ലഭിക്കുന്നു. നമ്മുടെ ജില്ലയിലെ ശരാശരി ഊഷ്മാവ് കൂടിയത് 31.52 സെൽഷ്യസും കുറഞ്ഞത് 24.5 സെൽഷ്യസും ആണ്.

### ചാർട്ട് 1

| | കുടുംബരംഗം & ജനസംഖ്യ | | | | തൊഴിൽ രംഗം | | | | |
|---|---|---|---|---|---|---|---|---|---|
| വിസ്തീർണ്ണം Sq K.M. | കുടുംബങ്ങളുടെ എണ്ണം | അംഗസംഖ്യ | സ്ത്രീ | പുരു. | കർഷകർ | കർഷകതൊഴിലാളികൾ | കച്ചവടക്കാർ | ഭാഗികമായി തൊഴിലുള്ളവർ | തൊഴിൽ ഇല്ലാത്തവർ |
| 9.56 | 3070 | 14978 | 7683 | 7295 | 166 | 1016 | 571 | 1135 | 11010 |

### ചാർട്ട് 2

**RAINFALL IN KERALA DURING SOUTH-WEST MONSOON**

**South West Monsoon (June - August)**

| Sl. No. | District | Normal Rainfall (MM) | 1976 | 1977 | 1978 | 1979 | 1980 | 1981 | 1982 | 1983 | 1984 | 1985 | 1986 | 1987 | 1988 | 1989 | 1990 | 1991 | 1992 | 1993 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | Alappuzha | 1511 | 935 | 1440 | 1565 | 1122 | 1874 | 1708 | 573 | 1267 | 1022 | 1145 | 876 | 1370 | 1759 | 1349 | 1236 | 2027 | 1721 | 1709 |

### ചാർട്ട് 2 A

**RAINFALL IN KERALA DURING NORTH-EAST MONSOON**

**North - East Monsoon (September to November)**

| Sl. No. | District | Normal Rainfall (MM) | 1976 | 1977 | 1978 | 1979 | 1980 | 1981 | 1982 | 1983 | 1984 | 1985 | 1986 | 1987 | 1988 | 1989 | 1990 | 1991 | 1992 | 1993 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | Alappuzha | 832 | 802 | 911 | 853 | 556 | 663 | 966 | 271 | 697 | 437 | 621 | 644 | 748 | 894 | 766 | 612 | 328 | 996 | 977 |

### ചാർട്ട് 2 B

**Observatory Station**

| Year | Max./Min. | Jan. | Feb. | Mar. | Apr. | May | June | July | Aug. | Sept. | Octo. | Nov. | Dec. |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1994 | Maximum | 32.4 | 32.2 | 33.5 | 33.3 | 32.6 | 29.8 | 28.9 | 28.9 | 30.3 | 31.4 | 32.7 | 33.0 |
| | Minimum | 22.8 | 24.2 | 25.2 | 25.7 | 26.3 | 24.2 | 23.2 | 23.6 | 24.0 | 23.9 | 23.8 | 22.6 |

## ചാർട്ട് 4
### വളർത്ത് മൃഗസംഖ്യ

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| ഹരിപ്പാട് പഞ്ചായത്ത് | | 45 | 3 | | 20 | 5 | 2500 | 2000 | 130 | 40 | 200 | 1700 | 3000 | |

## ചാർട്ട് 4 A
### വളർത്ത് പക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ടയിടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| ഹരിപ്പാട് പഞ്ചായത്ത് | 3000 | 8000 | 7000 | 2000 | 13000 | 5000 |

## ചാർട്ട് 3
### വിള വിസ്തീർണ്ണവും ഉൽപ്പാദനവും

| വിള | വിസ്തീർണ്ണം (ഹെക്ടറിൽ) | മൊത്തം ഉൽപ്പാദനം | ഉൽപ്പാദന ക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് | 442 | 230230 Kg | 7266 Kg |
| പയർ | 25 | 1250 Kg | 500 Kg |
| എള്ള് | 10 | 2100 Kg | 210 Kg |
| പച്ചക്കറികൾ | 20 | 60000 Kg | 3000 Kg |
| തെങ്ങ് | 398 | 1683540 Nuts | 4230 Nuts |
| വാഴ | 40 | 502000 Kg | 12500 Kg |
| മരച്ചീനി | 35 | 527 Ton | 15 Ton |
| കുരുമുളക് | 25 | 50 Ton | 2 Ton |
| പ്ലാവ് | 5 | 10000 Kg | 2000 Kg |
| കശുമാവ് | 35 | 84000 Kg | 2400 Kg |
| മാവ് | 20 | 160000 Kg | 8000 Kg |
| റബ്ബർ | - | - | - |
| കവുങ്ങ് | 15 | 75000 Kg | 5000 Kg |
| കാച്ചിൽ | 40 | 12000 Kg | 3000 Kg |
| ചേന | 20 | 10000 Kg | 5000 Kg |

ചാർട്ട് B

## മണ്ണ്

ഈ പ്രദേശം ഓണാട്ടുകര അഗ്രോ ക്ലൈമറ്റിക് സോണിൽ പെട്ടതാണ്. നെല്ല്, തെങ്ങ്, മരച്ചീനി, കമുക് മുതലായവയാണ് പ്രധാന വിളകൾ താഴ്ന്ന പ്രദേശം(Low Land) ആയിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. കറുപ്പുകലർന്നമണ്ണും പുഞ്ചപ്രദേശങ്ങളിൽ ചെളിമണ്ണും കാണപ്പെടുന്നു. പൊതുവേ നീർവാഴ്ച പ്രദേശങ്ങളാണ്. മണ്ണിന് അമ്ലത്വം കൂടുതലുണ്ട്.

## ജലലഭ്യത

കാലവർഷ വർഷ പാതങ്ങളിൽ നിന്നും കിട്ടുന്ന ജലമാണ് മുഖ്യമായും ഈ ഗ്രാമപഞ്ചായത്തിന്റെ ജലസമ്പത്ത്. കുളങ്ങൾ താരതമ്യേന കുറവായ ഈ ഗ്രാമപഞ്ചായത്തിൽ സ്വകാര്യ കുളങ്ങൾ അനിയന്ത്രിതമായി നികത്തിവരുന്നു. ജലം തടഞ്ഞു നിർത്തി സംരക്ഷിക്കുവാനുള്ള സംവിധാനമൊന്നുമില്ല. അതിന്റെ ഫലമായി ഭൂഗർഭ ജലസമ്പത്ത് കുറയുന്നു. സ്വകാര്യ വ്യക്തികളുടെ അനിയന്ത്രിതമായ കുഴൽ കിണർ നിർമ്മാണം ഉള്ള ഭൂഗർഭ ജല സമ്പത്തിനെ നശിപ്പിക്കാൻ കാരണമാവുന്നു. നിയന്ത്രണം ഈ പ്രദേശത്ത് ഏർപ്പെടുത്താതിരുന്നാൽ വളർച്ചയുടെ രൂക്ഷത വർദ്ധിക്കുവാൻ കാരണമാവും. 10 പൊതുക്കിണറുകളും102 പൊടു ടാപ്പുകളും, 10 കുഴൽ കിണറുകളും നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട്. 997.67 മീറ്റർ നീളവും 2മീറ്റർ വീതിയുമുള്ള 6 തോടുകൾ നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട്. ഇത് വേനൽ കാലത്ത് വരണ്ടുപോകുന്നു. കൃഷിക്ക് ആവശ്യമായ ജല സേചനത്തിനുമാത്രമേ ഉപയോഗിക്കുന്നുള്ളൂ. വേനൽകാലത്ത് ശുദ്ധജലത്തിന്റെ ക്ഷാമം അനുഭവപ്പെടുന്നു.

## ഭൂവിനിയോഗം

450ഹെക്ടർ നിലവും 398 ഹെക്ടർ പുരയിടവും 98 ഹെക്ടർ കൃഷിയോഗ്യമല്ലാത്ത പുറം പോക്കും ആണ്. വിളകളെ പളകളെപ്പറ്റിയുള്ള വിവരങ്ങൾ.

ചാർട്ട് 3

## ജൈവസമ്പത്ത്

കാള, പശു, ആട്, എരുമ, പോത്ത്, പട്ടി എന്നീ മൃഗങ്ങളും, കോഴി താറാവ് തുടങ്ങിയ പക്ഷികളും നമ്മുടെ പഞ്ചായത്തിലെ ജൈവസമ്പത്താണ്.

പട്ടികകൾ4, 4A

ഇഞ്ചി, മഞ്ഞൾ, കുരുമുളക്, ഗ്രാമ്പൂ തുടങ്ങിയ ഔഷധ പ്രാധ്യാന്യമുള്ള കൃഷികളും കുറ്റിമുല്ല തുടങ്ങിയ പുഷ്പകൃഷിയും, കാലികൾക്കുള്ള തീറ്റിപുൽകൃഷിയും പ്രോത്സാഹനം നേടിവരുന്നു.

## മനുഷ്യവിഭവം

നാടിന്റെ ഏറ്റവും വലിയ വിഭവമാണ് മനുഷ്യ സമ്പത്ത്. 1991-ലെ സെൻസസ് പ്രകാരം 14978 ആണ് ജനസംഖ്യ. ഒരു ദശാബ്ദംകൊണ്ട് പഞ്ചായത്തിലെ ജനസംഖ്യയിൽ 16.93% വളർച്ചയാണ് കാണിച്ചിരിക്കുന്നത്. ജില്ലാ അടിസ്ഥാനത്തിൽ ഈ വളർച്ച 6.7% മാത്രമാണ്. ഈ സ്ഥിതി ആശാവഹമല്ല. 1981-ൽ ച.കി.മീറ്ററിന് 1440 ആയിരുന്നെങ്കിൽ 1991-ൽ 1567ആയി ജനസാന്ദ്രത വളർന്നിരിക്കുന്നു.

ചാർട്ടുകൾ

ഈ പട്ടികയിൽ നിന്നും ഗ്രാമപഞ്ചായത്തിലെ രൂക്ഷമായ തൊഴിലില്ലായ്മയെപ്പറ്റി ഏകദേശ രൂപം ലഭിക്കുമല്ലോ? ഒരു കാർഷിക ഗ്രാമപഞ്ചായത്തായ ഹരിപ്പാട്ടിൽ പരമ്പരാഗത വ്യവസായങ്ങൾ ഒന്നുംതന്നെയില്ല. കാർഷിക മേഖലയെ അനുബന്ധിച്ചുള്ള വ്യവസായങ്ങൾ, ചെറുകിട കുടിൽ സഹകരണ മേഖലകളിൽ രൂപപ്പെടുത്തി എടുക്കേണ്ടിയിരിക്കുന്നു.

# 5-1

# കൃഷിയും ജലസേചനവും

ഹരിപ്പാട് ഒരു കാർഷികഗ്രാമമാണ്. ഭൂമിശാസ്ത്രപരമായി പരിശോധിച്ചാൽ പൊതുവെ സമതല തീരപ്രദേശമാണ്. മുഖ്യകൃഷി നെല്ല്, വാഴ, തെങ്ങ്, ഇടവിളകളായി കിഴങ്ങുവർഗ്ഗങ്ങൾ, ധാന്യങ്ങൾ, മുതലായവ കൃഷി ചെയ്യുന്നു. എന്നാൽ ധാന്യങ്ങളായ എള്ള്, മുതിര എന്നീ കൃഷികൾ ഇന്ന് നിലച്ചമട്ടാണ് കാർഷിക ഗ്രാമം എന്നതുകൊണ്ട് ഇന്നും കൃഷിയോടനുബന്ധിച്ച തൊഴിലുകളിലാണ് ജനസംഖ്യയിൽ കൂടുതലും ഏർപ്പെട്ടിരിക്കുന്നത്. 956 Sq. Km. വിസ്തീർണ്ണമുള്ള പഞ്ചായത്തിൽ 590 ഹെക്ടർ നിലവും, 398 ഹെക്ടർ പുരയിടവും, 98 ഹെക്ടർ പുറംപോക്കുമായി തിരിക്കാവുന്നതാണ്. ഭൂമിയെ സംബന്ധിച്ച ഉടമസ്ഥരുടെ എണ്ണം കാണിക്കുന്ന ചാർട്ട് താഴെ കാണിച്ചിരിക്കുന്നു.

| ഭൂമിയുടെവിസ്ഥീർണ്ണം (ഏക്കറിൽ) | | | | | | ഉടമസ്ഥരുടെഎണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| വില്ലേജിന്റെ പേര് | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ | സെന്റ് 1-10 | സെന്റ് 25-50 | സെന്റ് 50-100 | സെന്റ് 50-100 | ഏക്കർ 1-2 | ഏക്കർ 2-5 | 5 ഏക്കറിനുമേൽ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഹരിപ്പാട് | 398. 45.00 | 44. 45.60 | 98.19 98 | - - | 946 10.58 | 1705 | 1812 | 560 | 351 | 173 | 131 | 16 |
| ആകെ | 398.45.000 | 449.45.60 | 98.19.98 | - | 946.10.58 | 1705 | 1812 | 560 | 351 | 173 | 131 | 16 |

1950 കാലഘട്ടത്തിൽ ഈ പഞ്ചായത്തിലെ കൃഷിഭൂമിയുടെ വിസ്തൃതി ഇന്നത്തെ കൃഷിക്ക് ഉപയോഗിക്കുന്ന വിസ്തീർണ്ണവും പരിശോധിക്കുമ്പോൾ 75 ഏക്കർ, കൃഷി ഭൂമി കുറവുള്ളതായി കാണാം. ഈ പഞ്ചായത്തിലെ ഭൂരി ഭാഗവും ജനങ്ങളും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. 1950-കളുടെ അവസാന കാലഘട്ടത്തിൽ വന്ന കൂട്ടായ്മ നിയമവും 1957- ലെ ഭൂനിയമവും, തുടർന്ന് 1971-ൽ നിലവിൽ ഭൂപരിഷ്കരണ നിയമവും കാർഷിക മേഖലയിൽ വൻപിച്ച വിപ്ലവം സൃഷ്ടിച്ചിട്ടുണ്ട്. ഭൂപരിഷ്കരണ നിയമ് വരുന്നതുവരെ ജന്മി- കുടിയാൻ സമ്പ്രദായം ആയിരുന്നു നിലനിന്നിരുന്നത്.

കൃഷിക്കാരൻ ജന്മിമാരിൽ നിന്നും കൃഷിഭൂമി പാട്ടത്തിന് വാങ്ങി കൃഷി ചെയ്തിരുന്നു. കൃഷി നാശം സംഭവിച്ചാലും ഇല്ലെങ്കിലുംകുടിയാൻ പാട്ടം നൽകുക എന്നത് നിർബന്ധമായിരുന്നു. ആ കാലഘട്ടത്തിൽ ഉള്ള കൃഷി സമ്പ്രദായം മനുഷ്യരും, പ്രകൃതിയും നല്ല ആത്മബന്ധത്തിൽ കഴിഞ്ഞിരുന്നു. ആ പഴയകാലം ഇന്ന് ഈ പഞ്ചായത്തിലെ കുറച്ച് പേർക്ക് മാത്രമേ ഓർമ്മയുള്ളു.

ഈ പഞ്ചായത്തിലെ 90% ശതമാനം ഭൂമിയും അമ്പലപ്പുഴ പുറക്കാട് ദേവസ്വവും, സെമിനാരിപ്പള്ളി തുടങ്ങിയ സ്വരൂപങ്ങൾവകയും മണ്ണാറശാലയും, പുത്തിൽഇല്ലം, ചെങ്ങരപ്പള്ളി മടം, കരങ്ങാമഠം, രാമൻ പോറ്റി മഠം, താഴൂർമഠം, കരാടംപള്ളിൽ, വട്ടശ്ശേരിൽ, കെല്ലംപറമ്പ്, ആമ്പക്കാട്., മൂശാരിത്ത്, എഴിക്കകത്ത്, മുലപ്പള്ളിൽ, പോരത്ത്, കാവിന്റെ വടക്കേതിൽ പടീറ്റതിൽ, അംമ്പിംപറത്ത്, കണ്ണന്താനം, മംഊർ തുടങ്ങിയ തറവാട്ടുകാരുടെയും വകയായിരുന്നു.

കൃഷിയിറക്കിയിരുന്നത് ഭൂരിപക്ഷവും കൂടിയാന്മാർ എന്ന പേരിൽ അറിയപ്പെട്ടിരുന്ന സാധാരണക്കാരായിരുന്നു ഒരുപ്പുനിലമായ പുഞ്ചിയിൽ അഞ്ച്, ആറ് പറയും, ഇരുപ്പുനിലങ്ങളിൽ 7,8 പറയുമായിരുന്നു പാട്ടം. അശാസ്ത്രീയമായരിതിയിൽ കൃഷിസമ്പ്രദായങ്ങളും വിളവുകുറഞ്ഞ നെൽവിത്തുകളുടെ ഉപയോഗം മൂലം വിലവ് തുലോം തുച്ഛമായിരുന്നു. കഠിനമായ അദ്ധ്വാനത്തിനുശേഷം കർഷകനു ലഭിക്കുന്നത് 7, അല്ലെങ്കിൽ എട്ട് വിളവായിരുന്നു. പത്തു വിളവ് കിട്ടുക എന്നാൽ നല്ല വിളവായിട്ടാണ് കരുതിപ്പോന്നത്. ഇങ്ങനെ കിട്ടുന്ന നെല്ലിൽ പാട്ടം കൊടുത്തു കഴിഞ്ഞാൽ കർഷകന് ചിലപ്പോൾ ഒരുപ്പൂവിലെ നെല്ലെങ്കിലും സ്വന്തം ആവശ്യത്തിന് ലഭിക്കുമായിരുന്നു.

നെല്ലുതന്നെയാണ് പ്രധാന കൃഷി. നാടൻ വിത്തിനങ്ങളായ കൊച്ചുവിത്ത്, ചാമ്പളവ്, മല്ലെള, കൂര, കുറുക, വൈക്കത്താര്യൻ, കൂളപ്പാല, മുണ്ടുകൻ, മുളംചമ്പാവ് എന്നി പ്രധിരോധ ശേഷിയുള്ള വിത്തിനങ്ങൾ കാലാവസ്ഥക്കനുസൃതമായി കൃഷിചെയ്യതിരുന്നു.

അന്ന് കാലികളെ ഉപയോഗിച്ച് നിലം ഉഴുകയും, മഴയെ ആശ്രയിച്ച് കൃഷി ചെയ്യുകയും ജലസേചന സൗകര്യം ഇല്ലാത്ത സ്ഥലത്ത് കയറ്റു കുട്ട, തേകൊട്ട എന്നിവകൊണ്ട് തേകിയും, ചക്രം വച്ച് ചവിട്ടി കേറ്റിയും ജലസേചനം നടത്തിയിരുന്നു. പുഞ്ചപ്പാടങ്ങളിൽ അന്ന്18 ഇലയും, 8 ഇലയും ഉള്ള ചക്രങ്ങൾ വെച്ച് ചവിട്ടി വെള്ളം വറ്റിച്ച് കൃഷി ഇറക്കിയിരുന്നു. കർഷകതൊഴിലാളികളുടെ തേക്കു പാട്ടും, ചക്രം ചവിട്ടുപാട്ടും തൊഴിലാളി കർഷകരുടെ അദ്ധ്വനത്തിന്റെയും, സംസ്കാരത്തിന്റെയും മനോഹരികതാതിരുന്നു. അത്തരം പാട്ടുകളും, ഐക്യവും ഇന്നുകാണുവാ പ്രയാസമാണ്. ചാണകം, പച്ചല, ചാരം, എന്നീ വളങ്ങൾ ഉപയോഗിച്ചും, പാടങ്ങലിലുള്ള തവള, ഞണ്ട്, മത്സ്യം. ഞാഞ്ഞൂൽ എന്നീ ജീവികളാൽ ഉള്ള ജൈവ കീടനിയന്ത്രണങ്ങൾ വഴിയും അന്നത്തെ കർഷകൻ സംതൃപ്തിയോടെ കൃഷി ചെയ്യതിരുന്നു. കർഷകതൊഴിലാളികളെ ധാരാളം അക്കാലത്ത് ലഭിച്ചിരുന്നു.

കൃഷിഭൂമി കൃഷിക്കാരന് എന്ന ആവശ്യത്തിനുപിന്നിൽ ഭൂവിക്കു വേണ്ടിയുള്ള സമരം കർഷക സംഘങ്ങളുടെയും കർഷകതൊഴിലാളി സംഘടനയുടെയും നേതൃത്വത്തിൽ ശക്തമായി നടന്നു. പ്രസ്തുതസമരങ്ങൾ തിരുവായ്ക്ക് എതിർവായ് ഇല്ലാത്ത ഫ്യൂടൽ ജന്മിത്വത്തെ അപ്രത്യക്ഷമാക്കി. ഭൂപരിഷക്കരണ നിയമം ബഹുഭൂരിക്ഷം വരുന്ന സാധാരണ ജനവിഭാഗത്തെ ഭൂമിയിടെ ഉടമകളാക്കി. ഭൂബന്ധങ്ങളിൽവന്ന ഈ മാറ്റം സാമൂഹ്യജീവിതത്തിൽ ഒരു പുത്തൻമാനം സൃഷ്ടിച്ചു. സ്വന്തമായി ഭൂമിലഭിച്ചു കഴിഞ്ഞപ്പോൾ പുതിയ കൃഷികൾ ആരംഭിക്കാൻ എന്തനില്ലാത്ത ആവേശമായി. ഹരിത വിപ്ലവത്തിന്റെ അലകൾ നമ്മുടെ പ്രദേശത്തുംവന്നെത്തി. അങ്ങനെ ശാത്രീയ കൃ,ഷിമുറകളിലേക്ക് നീങ്ങുകയായി. അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളുടെ ആവിർഭാവത്തോടെ വിളവ് ഇരട്ടിയും രണ്ടിരട്ടിയുംആയി വർദ്ധിപ്പിച്ചു. എന്നാൽ ഈ കാലഘട്ടത്തിൽതന്നെ ജനസംഖ്യവർദ്ധനവ് കുടുംബങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും, നിലംനികത്തി പുരവയക്കുന്ന സ്ഥിതിയും സംജാതമായി. രാസവളങ്ങളുടെയും, കീടനാശിനികളുടെയും വിലവർദ്ധനവ്, ഉല്പന്നങ്ങളുടെ വിലയിടിവ്, എന്നിവ കാർഷിക രംഗത്തെ മുരടിപ്പിനെ കാരണമായി.

തെങ്ങ്, മാവ്, പ്ലാവ്,കമുക്, വാഴ, കശുമാവ് തുടങ്ങിയ മറ്റു പലവിധമായ ഫലവൃക്ഷളും ചീനി, ചേമ്പ്, ചേന, കാച്ചിൽ, കിഴങ്ങ് തുടങ്ങി കിഴങ്ങു വർഗ്ഗങ്ങളായ കരകൃഷികളും, ഓണാട്ടുകരയുടെ ഭാഗം കൂടിയായ ഈ പ്രദേശത്ത് കൃഷി ചെയ്തുവരുന്നു. ഈ പ്രദേശത്ത് ഇരിപ്പുനിലങ്ങളിൽ നെൽകൃഷിയും, അതിനുശേഷം എള്ള്, മുതിര, എന്നിവയും കൃഷി ചെയ്യതുവന്നിരുന്നു.

പമ്പാനദിയുടെയും അച്ചൻകോവിലാറിന്റെയും കൈവഴിത്തോടുകളുടെയും ഇടയിൽ കിടക്കുന്ന വഴുതാനം വടക്ക് തെക്ക്,കാരകണ്ടം ഉതളക്കുഴി, ചങ്ങനാരി, പാപ്പാട്, കാലാറ്റിൻകരി, കോംകേരി, അമ്പിക്കണ്ണരി, പറമ്പിക്കേരി, ചേക്കാമായിക്കേരി, നക്രക്കാൽ, തായം കേരി, സങ്കേരത്തിൽ പറമ്പ്. കിഴക്കേപറമ്പിക്കേരി, തുരുത്ത്, തൊണ്ണൂറിൻ പടവ്, വലിയവേശി, കോയിക്കാരി, കണ്ണാട്ടുവിള. തുടങ്ങിയ വിശ്രതമായ പുഞ്ചപ്പാടങ്ങളൽ നീണ്ടു നിവർന്നുകുടക്കുന്ന ഒരു കർഷിക ഗ്രാമമാണ് ഹരിപ്പാട്.

ഈപ്രദേശത്തെ കൃഷിക്കാരെ മൂന്നു തരത്തിൽ തിരിക്കാവുന്നതാണ്. നാമമാത്രമായി കൃഷിക്കാർ, ചെറുകിട കൃഷിക്കാർ, വൻകിട കൃഷിക്കാർ, നാമമാത്രമായകൃഷിക്കാർ 4602 ആണ്. ആവർ ഒരു ഹെക്ടറിൽ താഴെ ഭൂമികൈവശംഉള്ളവരാണ്. ചെരുകിട കൃഷിക്കാർ ഒന്നു മുതൽ രണ്ടു ഹെക്ടറിൽതാഴെ ഭൂമി കൈവശമുള്ളവരുടെ എണ്ണം 131 ആണ്. മൂന്ന് ഹെക്ടറിന് മുകളിലുള്ള വകിട കർഷകരുടെ എണ്ണം 16 മാത്രമാണ്. വാർഡു തലത്തിലുള്ളവരിടെ പട്ടിക താഴെ കൊടുത്തിരിക്കുന്നു.

## ഹരിപ്പാട് ഗ്രാമപഞ്ചായത്ത്

### 3:h കൈവശഭൂമി, വിസ്തീർണ്ണം.

| വാർഡ് നമ്പർ | നാമമാത്രമായ കർഷകർ.<br>1 ഹെക്ടറിൽ താഴെ | ചെറുകിടകർഷകർ<br>1-2 ഹെക്ടറിൽ | വൻകിടകർഷകർ<br>2 ഹെക്ടറിനെ മുകളിൽ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 432 | 20 | 2 |
| 2 | 587 | 40 | 3 |
| 3 | 539 | 6 | 3 |
| 4 | 818 | 3 | 3 |
| 5 | 345 | 10 | 3 |
| 6 | 458 | 20 | 5 |
| 7 | 325 | 13 | 2 |
| 8 | 491 | 9 | 1 |
| 9 | 907 | 10 | 1 |
| | **4602** | **131** | **16** |

## നെൽകൃഷി

ഏകദേശം 442 ഹെക്ടർ സ്ഥലത്താണ് നെൽകൃഷി നടത്തുന്നുത്. ഹരിപ്പാടിന്റെ ഒന്നും, രണ്ടും വാർഡുകളിൽ ഉൾപ്പെട്ടു കിടക്കുന്ന ചേക്കാമായിക്കേരി, പറമ്പിക്കേരി,കിഴക്കേ പറമ്പിക്കേരി, B ബ്ലോക്ക്, കിഴക്കേ പറമ്പിക്കേരി A ബ്ലോക്ക്, സങ്കേതപാടം എന്നീ 5 പാടശേഖരങ്ങൾ കൂടി ഏകദേശം 200 എകദേശം ഹെക്ടറിൽ കൂടുതൽ ഉണ്ടാവും. ഇതിൽ ചേക്കാരമായികേരി പാടശേഖരത്തിന്റെ വടക്കേബണ്ട് ചെങ്ങരപ്പള്ളി മുതൽ കിഴക്കോട്ട് ഏകദേശം 2010 മീറ്റർ നീളം വരുന്ന ഭാഗം കല്ല് കെട്ടി വീതിയും ഉയരവും കൂട്ടി ഷട്ടറിൽ ഈ പാടശേഖരങ്ങളിൽ രണ്ട് കൃഷി ചെയ്യുവാൻ കഴിയും.

ഒന്നും, മൂന്നും വാഡുകളിൽ കൂടി അച്ചൻകോവിലാറ്റിൽ നിന്നും തോക്കോട്ട് പോകുന്ന കാരിത്തോടിൽനിന്നും ആരംഭിക്കുന്ന പിള്ളതോടെന്നും, കുടിലത്തോടെന്നും അറിപ്പെടുന്ന തോടെ നേരിയപള്ളം ലക്ഷം വീട് കോളനിയുടെ പടിഞ്ഞാറ് വശത്തുകൂടി തെക്കോട്ട് വന്ന് താലൂക്കാശുപത്രിയുടെ വടക്കുവശത്തുകൂടി ഹരിപ്പാട് ഗേൾസ് ഹൈസ്സ്കൂളിന്റെ മുൻവശത്തെത്തുന്നു. ഈ തോടു് പണ്ട് ഡാണാപ്പണിത്തോടുമായി ബന്ധിച്ചിരുന്നു. എന്ന് ഇതിൽ കുടുതൽ ഗതാഗതവും, ട്രാൻസ് പോർട്ടിംഗ് സൗകര്യം ഉണ്ടായിരുന്നു.ഹരിപ്പാടിന്റെ കാർഷിക മേഖലയെ പരിപുഷ്ടിപ്പെടുത്തിരുന്ന ഊ തോടിന്റെ ഇന്നത്തെ അവസ്ഥശോചനീയമാണ്. ഇതിനെ നാവിഗേഷൻ കനാലാക്കിമാറ്റി പൂർവ്വസ്ഥിതിയിൽ കൊണ്ടുവന്നാൽ കൃഷിക്കാവശ്യമായ ശുദ്ധജലം കിട്ടുന്നതിനും, ടൗണിലെ മാലിന്യങ്ങൾ ഒഴുക്കികളയുന്നതിനും ബരിപ്പാട് പട്ടണത്തിന്റെ ഭംഗി വർദ്ധിപ്പിക്കുന്നതിനും അതു വഴി ടൂറിസ്റ്റുകളെ ആകർഷിപ്പിക്കുന്നതിനും കഴിയുന്നതാണ്.

പറമ്പിക്കേരിപാടത്തുനിന്നും നടുക്കൂകൂടി തെക്കോട്ട് ആരാഴിപ്പള്ളിട്ടെ കിഴക്കുവശത്ത് എത്തുന്ന തോടിന്റെ ആഴവു, വീതിയും പു:നസ്ഥാപിച്ചാൽ ഉദ്ദേശം 10ഹെക്ടർനിലം രണ്ടാം കൃഷിക്ക് പ്രയോജനപ്പെടുത്താം. നോടുംന്തറ പാലം മുതൽ കെതക്കോട്ട് ചൂരലാക്കാൽ വരെയുള്ള പുതുവപ്പടി വരെയും വടക്കോട്ട് ചൂരലാക്കൽ വരെയുമുള്ള തോട് ആഴവും, വീതിയും കൂട്ടി മുണ്ടാറ്റിൽ എത്തിച്ചാൽ ഉദ്ദേശം

30 ഹെക്ടർ നിലത്തിലെ പായൽ ശല്യം ഒഴിവാക്കി കൃഷിക്ക് പ്രയോജന പ്രദമാക്കാം

മുകളിൽ പറഞ്ഞകാര്യങ്ങൾ നടപ്പിലാക്കിയാൽ മൂന്നാം വാർഡിലെ ഉദ്ദേശം 40 ഹെക്ടർ നിലവും ഒന്നാം വാർഡിലെ ഉദ്ദേശം 160 ഹെക്ടർ നിലവും, ഇരുപ്പൂകൃഷി ചെയ്യുവാൻകഴിയും. ഈപാടശേഖരങ്ങളിലെ ചെറുകിടകർഷകർക്ക് ഇരുപ്പൂകൃഷി ചെയ്യാനും ബണ്ടുകളിൽ തെങ്ങ്, വാഴ, പച്ചക്കറി തുടങ്ങിയ കൃഷി ചെയ്ത് വിളവ് വർദ്ധിപ്പിക്കുവാനും കഴിയും. ഈ പ്രദേശത്ത് ജനസംഖ്യയുടെ 60% വരുന്ന കർഷകത്തൊഴിലാളികളുടെ തൊഴിൽ ദിനം വർദ്ധിപ്പിക്കുവാനും അവരുടെ സാമ്പത്തികനില മെച്ചപ്പെടുത്തുവാനും ഇതുവഴി കഴിയും

രണ്ടാം വാർഡിലെ അകവൂർപ്പാടത്തോടു ചേർന്നുള്ള കണ്ണോലി കിഴക്ക് വശത്ത് കലുങ്ക് പുതുക്കി പണിയുകയും പാടത്തിന്റെ വടക്കേയറ്റത്ത് കല്ല് കെട്ടി മോട്ടോർ തറയും നിർമ്മിച്ചാൽ ഈ പാടശേഖരത്തിൽ ഇരുപ്പൂകൃഷി ചെയ്യുവാൻ കഴിയും. 5-ാം വാർഡിൽ കോമളത്ത് കുളത്തിന്റെ വടക്ക് വശത്തുനിന്നും ഒഴുകുന്ന നീരൊഴുക്കുതോട് വീതിയും ആഴവും കൂട്ടി രണ്ടാം വാർഡിൽ കൂടി കിഴക്കോട്ട് പുഞ്ചയിലേക്കെത്തിച്ചാൽ ഉദ്ദേശം 25 ഏക്കർ വിരിപ്പുനിലങ്ങൾ 3 കൃഷിക്ക് സൗകര്യമാകും. കൂടാതെ മഴക്കാലത്ത് കൊപ്പാറ പ്രദേശത്തുണ്ടാകുന്ന വെള്ളപ്പൊക്കം ഒഴിവാക്കാനും കഴിയും

ചേപ്പാട് വീടിന്റെ കിഴക്കുവശത്തുള്ള തോട് പുല്ലാംവഴി പാടശേഖരത്തുകൂടി ഒഴുകി മണ്ണാറശാല വടക്കുഭാഗത്തുവന്ന് നാഗാലിത്തോടുമായി ബന്ധിച്ച് ഡാണാപ്പടി തോടിലെത്തുന്നു. ഇതിന്റെ ആഴവും വീതിയും കൂട്ടി ഉമണ്ണൂർ പടിഞ്ഞാറ് വശത്ത് കലുങ്ക് ബലപ്പെടുത്തി ചീപ്പിട്ട് മോട്ടോർ സ്ഥാപിച്ചാൽ മഴക്കാലത്ത് അധികജലവും പുറത്തേക്കൊഴുക്കുവാനും വേനൽക്കാലത്ത് വെള്ളം തടഞ്ഞ് നിർത്താനും കഴിയും. 6-ാം വാർഡിലെ പല്ലാരിക്കൽ തോടും 5-ാം വാർഡിലെ താമരപ്പള്ളി കിഴക്കുവശത്തുനിന്നും ആരംഭിക്കുന്ന തോടും പുതുപ്പുരക്കൽ കിഴക്കുവശത്തുകൂടി ചെറുതന പഞ്ചായത്ത് വഴി പായിപ്പാട്ടെത്തുന്നു. 7-ാം വാർഡിൽ തുക്കയിൽ കുളത്തിൽ നിന്ന് ആരംഭിച്ച് ആളൂർ പറമ്പിൽ തെക്കുവശത്തുകൂടി പടിഞ്ഞാറോട്ട് കോളാറ്റ് തെക്കുവശംവഴി ഡാണാംപടി തോടിൽ ചേരുന്ന നീരൊഴുക്കുതോട് പീച്ചിങ്ങ് കെട്ടി സ്ഥാപിച്ചാൽ ഏകദേശം 7 ഏക്കർ ഇരുപ്പൂനിലത്തിൽ 2 കൃഷിയും ഇടവിള വെള്ളപ്പൊക്കം നിയന്ത്രിച്ചുനിർത്തുന്നതിനും സാധിക്കും

8-ാം വാർഡിൽ ചുള്ളിയിൽ കിഴക്കുവശത്തുകൂടി വന്ന് പടിഞ്ഞാട്ടു തിരിഞ്ഞ്, ഉമന്നൂർ വടക്കുവശത്തുകൂടി ഒഴുകുന്ന തോടും മണ്ണാറശാല പടിഞ്ഞാറുള്ള പാടത്തുനിന്നും പടിഞ്ഞാട്ട് ബ്ലോക്ക് ആഫീസിന് തെക്ക് വശത്തുകൂടി പടിഞ്ഞാട്ട് ഒഴുകി ഡാണാപ്പടി തോടിൽ എത്തുന്ന നീരൊഴുക്ക് തോടിന്റേയും ഇരുസൈഡിന്റേയും പീച്ചിംഗ് കെട്ടി താഴ്ത്തി നീരൊഴുക്ക് സുഗമമാക്കി കൃഷിക്ക് യോഗ്യമാക്കണം. പെരുംകുളത്തുനിന്നും വടക്കോട്ട് ഒഴുകി വന്ന് ചേപ്പാട് ഭാഗത്തുനിന്നും പടിഞ്ഞാട്ട് ഒഴുകി വരുന്ന നീരൊഴുക്ക് സുഗമമാക്കി കൃഷിക്ക് യോഗ്യമാകണം . ഡാണാപ്പടി ജംഗ്ഷനിൽ നിന്നും വടക്കോട്ട് വരുന്ന റോഡിൽ പടിഞ്ഞാറ് ഡാണാപ്പടി തോട്ടിൽ എത്തുന്ന നീരൊഴുക്ക് തോട് താഴ്ത്തി ഇരുസൈഡിലും പീച്ചിംഗ് കെട്ടണം.

6-ാം വാർഡിൽ നടുവത്തും മുറി N.S.S. കരയോഗത്തിന് തെക്കുവശത്തുകൂടി പടിഞ്ഞാറ് വന്ന് മണ്ണാറശാല കിഴക്കുവശത്തുകൂടി വടക്കോട്ട് ഒഴുകുന്ന തോട്ടിൽമുട്ടുന്ന നീരൊഴുക്ക് തോടും താഴ്ത്തി ഇരുസൈഡിലും പീച്ചിംഗ് കെട്ടണം. ഈ തോടന്റെ ആഴവും വീതിയും കൂട്ടി മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ ചെയ്താൽ 4,5,6,7,8 വാർഡുകളിലെ ഏകദേശം100 ഏക്കർ പുഞ്ചനിലം പായൽ ശല്യം മൂലം തരിശായിരുന്നു. ഡാണാപ്പടി തോടിന്റെ കിഴക്കുവശവും പാടശെഖരത്തിന്റ പടിഞ്ഞാറുവശവുമായി ബണ്ട് ബലപ്പെടുത്തിയ ഈ പാടശേഖരം രണ്ട് കൃഷി ചെയ്യുന്നതിനും ഇടയാകും

## തെങ്ങ്

പഞ്ചായത്തിലെ പ്രധാനപ്പെട്ട വിളകളിലൊന്നാണ് നാളികേരം 398 ഹെക്ടറിലായി 33926 തെങ്ങുകളുണ്ട്. ഉത്പാദന ക്ഷമത കുറഞ്ഞതും രോഗബാധിവുമായ തെങ്ങുകൾ വെട്ടിമാറ്റി പകരം നല്ലയിനം തെങ്ങിൻതൈകൾ വയ്ക്കുന്നതിന് ഉപാധികളും നഷ്ടപരിഹാരങ്ങളും കൊടുക്കുക നല്ലുള്ള തെങ്ങിൻ തൈകൾക്ക് കീടരോഗങ്ങൾ പിടിപെടാതിരിക്കുന്നതിന് വർഷത്തിൽ രണ്ടു തവണ മരുന്ന്തളി നടത്താനും മണ്ണ് പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ ജൈവവളവും രാസവളവും പച്ചിലച്ചെടിയുടെ വിത്തും സൗജന്യ നിരക്കിൽ കേരകർഷകർക്ക് കൊടുക്കുവാനുള്ള പദ്ധതി നടപ്പിലാക്കുക . ദരിദ്രകർഷകർ തിങ്ങിപ്പാർക്കുന്ന നമ്മുടെ ഗ്രാമ പഞ്ചായത്തിൽ തെങ്ങിന് ജലസേചനം നടത്തുന്നതിന് കുഴൽകിണറുകളും പമ്പുസെറ്റും സ്ഥാപിക്കാനുള്ള പദ്ധതി നടപ്പാക്കുക തെങ്ങ് കൃഷിയെ സംബന്ധിച്ച ചാർട്ടുകൾ താഴെ കൊടുത്തിരിക്കുന്നു

| വാർഡ് No. | തെങ്ങ്കൃഷി, വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട്, | ലീഫ് റൂട്ട്, | ബഡ് റൂട്ട് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|
| 1 | 37-00 | 3655 | 3620 | 9275 | 1050 | 2010 | 510 | 125 | 3695 |
| II | 51-00 | 4510 | 8315 | 12875 | 1216 | 4510 | 820 | 80 | 6626 |
| III | 32-00 | 3120 | 4980 | 8100 | 1228 | 2001 | 218 | 75 | 3522 |
| IV | 22-00 | 2118 | 3566 | 5684 | 1120 | 1812 | 154 | 52 | 3138 |
| V | 54-00 | 3110 | 10450 | 13560 | 1074 | 2624 | 210 | 70 | 3978 |
| VI | 46-25 | 2810 | 8752 | 18562 | 1180 | 2035 | 110 | 48 | 3373 |
| VII | 51-25 | 3121 | 9792 | 12913 | 1008 | 1412 | 98 | 42 | 2560 |
| VIII | 53-50 | 3260 | 10215 | 13475 | 1503 | 2010 | 112 | 58 | 3683 |
| IX | 50-50 | 2820 | 9904 | 12724 | 1351 | 1812 | 128 | 60 | 3351 |
| **Total** | **398** | **28524** | **71644** | **100168** | **10730** | **20226** | **2360** | **610** | **33926** |

## പച്ചക്കറികൃഷി

അടുത്തകാലത്തായി കൃഷിഭവന്റെ സഹായത്തോടു കൂടി നമ്മുടെപഞ്ചായത്തിൽ പച്ചക്കറികൃഷി ആരംഭിച്ചുകഴിഞ്ഞ് മൊത്തം 20 ഹെക്ടറുകളായി 20,000 Kg. ഉല്പന്നം സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് കണക്കാക്കാം. കൂടാതെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സഹകരണ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടത്തേണ്ടതാണ്. അതുപോലെ തന്നെ എല്ലാ വീടുകളിലും അടുക്കളത്തോട്ടം നിർമ്മിച്ച് ഈ രംഗത്ത് പുരോഗതി കൈവരിക്കാൻ ആവശ്യമായ സാങ്കേതിക പരിജ്ഞാനവും ഗുണമേന്മയുള്ള വിത്തും വളവും കീടനാശിനിയും കൊടുക്കാനുള്ള പദ്ധതികളും നടപ്പാക്കുക.

വാഴകൃഷിയിൽ 14 ഹെക്ടറിലായി 30,000 Kg വാഴക്കായ് നമ്മുടെ പഞ്ചായത്തിലുണ്ടാകുന്നു. ഈകൃഷിയുടെ പ്രോത്സാഹനത്തിനായി വാഴക്കന്നുകളും വളവും നാമമാത്ര ചെറുകിടകർഷകർക്ക് നല്കുക. ഇങ്ങനെയുണ്ടായാൽ ഓണക്കാലത്ത് കുറഞ്ഞത് ഒരു കുലയെങ്കിലും ഒരു വീട്ടിൽ ഉല്പാദിക്കാൻ കഴിയും

| No | ഇനം | എണ്ണം | എണ്ണം | എണ്ണം |
|---|---|---|---|---|
| | നെല്ല് | 510 Kg | - | 550 Kg |
| | തെങ്ങ് | 1000 Nos | 375 N | 1150 Kg |
| | കശുമാവ് | 16 Nos | - | 160 Nos |
| | കുരുമുളക് | 300 Nos | 2500 N | 8000 N |
| | ഗ്രാമ്പൂ | - | - | 1900 N |
| | മുല്ല | --- | - | 3900 N |
| | മാവ്, കശുമാവ് | 159 N | 250 N | 1037 N |
| | പേര് | 9 | - | 450 N |
| | ജാതി | 18 | - | 4200 N |
| | പച്ചക്കറി | 450 Packets | - | - |
| | കാച്ചിൽ, ചേന, ചേമ്പ് | 250 Kg | - | 120 Kg |
| | പയർ | 220 Kg | 164 Kg | 120 Kg |
| | ചീനിക്കമ്പ് | - | | 400 N |
| | ശീമപ്ലാവ് | - | - | 450 N |
| | ചാമ്പ | - | - | 450 N |
| | കൊക്കൊ | - | - | 100 N |

വളം നമ്മുടെ ഗ്രാമപഞ്ചായത്തിൽ സ്വകാര മേഖലയിൽ 4 വളഡിപ്പോകളും സഹകരണ മേഖലയിൽ ഒരു ഡിപ്പോയും പ്രവർത്തിക്കുന്നു. എന്നാൽ ആവശ്യത്തിനുള്ള വളം കിട്ടുന്നില്ല. വളപ്രയോഗം ശരിയായ രീതിയിൽ ചെയ്യാത്തതുകൊണ്ട് കൃഷിച്ചിലവ് വളരെയധികമാവുന്നു. രാസവളത്തിന്റെ ഉപയോഗം മണ്ണ് പരിശോധനയുടെ അടി

സ്ഥാനത്തിലാകാത്തത് നിമിത്തം മണ്ണിന്റെ ഫലപുഷ്ടി സ്വഭാവികമായികുറയാനും അതുവഴി ഉല്പാദനം കുറയാനിടയായി. യഥാകാലങ്ങളിൽ മണ്ണ് പരിശോധന നടത്തി ജൈവരാസവളപ്രയോഗങ്ങൾ കൃഷി ഭവൻ നേതൃത്വം കൊടുക്കുന്ന പദ്ധതികൾ നടപ്പിലാക്കിലാഭകരമാക്കേണ്ടതാണ്. രാസവളഡിപ്പോകളെപ്പറ്റിയുള്ള ചാർട്ട് താഴെ കൊടുത്തിരിക്കുന്നു.

| | | 1993 - 94 | | | 1994 - 95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | രാസവളം കി. ഗ്രാം | കീടനാശിനി ദ്രവം | കീടനാശിനി ഖരം | രാസവളം കി. ഗ്രാം | കീടനാശിനി ദ്രവം | കീടനാശിനി ഖരം | രാസവളം കി. ഗ്രാം | കീടനാശിനി ദ്രവം | കീടനാശിനി ഖരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | | | ലിറ്റർ | Kg | | ലിറ്റർ | Kg | | ലിറ്റർ | Kg |
| 1. | സഹകരണം | 12000 | 55 | 100 | 13000 | 72 | 60 | 15000 | 68 | 90 |
| 2. | സ്വകാര്യം | 15000 | 180 | 76 | 20000 | 300 | 160 | 20000 | 100 | 200 |

## കാർഷിക ഉപകരണങ്ങൾ

പാടശേഖരനെല്ലുല്പാദക സമിതിക്ക് കൃഷിഭവനിൽ നിന്നും സൗജന്യ നിരക്കിൽ 4 ടില്ലറുകളും, തെങ്ങ് സംരക്ഷണ സമിതിക്ക് വാർഡ് അടിസ്ഥാനത്തിൽ റോക്കറ്റ് സ്പ്രേയർമൂന്നും, നാപ്പ് സ്റ്റാക്ക് സ്പ്രേയർ പന്ത്രണ്ടും വിതരണം ചെയ്തിട്ടുണ്ട്. പ്രവർത്തന ശൂന്യമായിരിക്കുന്ന ഇത്തരം സമിതികളിൽ നിന്നും ഈ ഉപകരണങ്ങൾ ശേഖരിച്ച് തെങ്ങിന് മരുന്ന് തളിക്കുന്നതിനും പാടശേഖരങ്ങളിൽ ഉഴവ് നടത്തുന്നതിനും വേണ്ടി പഞ്ചായത്തിൽ നിന്നും ശക്തമായ നടപടി ഉണ്ടാവണം. ഇങ്ങനെ വിതരണം ചെയ്തിരിക്കുന്ന ഉപകരണങ്ങളുടെ ചാർട്ട് ചുവടെ ചേർക്കുന്നു

| | ഉഴവുപകരണങ്ങൾ | | | മരുന്നു തളി ഉപകരണങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|---|
| വാർഡ് | ടാക്ടർ | ടില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രേയർ | നാപ്പ് സ്റ്റാക്ക് സ്പ്രേയർ | മറ്റുള്ളവ | മെതിയന്ത്രം | തെങ്ങുകയറ്റയന്ത്രം | പോർട്ടബിൾ പമ്പുകൾ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | | 2 | | 1 | 6 | | | | |
| 2 | | 1 | | | 5 | | | | |
| 3 | | 1 | | | 1 | | | | |
| 6 | | | | 1 | | | | | |
| 7 | | | | 1 | | | | | |
| Total | | 4 | | 3 | 12 | | | | |

| | | | | |
|---|---|---|---|---|
| 1 | ക്രമ നമ്പർ | | TO | |
| 2 | പദ്ധതിയുടെ പേര് | നീർച്ചാലുകളും സംരക്ഷണവും | തെങ്ങിന് തടം എടുക്കലും കിളച്ചുകൂട്ടലും | കല്ലുകെട്ടി കുളം സംരക്ഷിക്കൽ |
| 3 | പദ്ധതി പ്രദേശത്തിന്റെ വിസ്തീർണ്ണം | 216 ഹെക്ടർ | | |
| 4 | പദ്ധതി പ്രദേശത്തെ [illegible] | 5587.6 മീറ്റർ | | |
| 5 | മൊത്തം ചെലവ് | 120110-00 | 152107.00 | 21979-00 |
| 6 | ഗുണഭോക്താക്കളുടെ എണ്ണം | 1080 | 248 | 3 |
| 7 | പദ്ധതി തുടങ്ങിയ വർഷം | 90-91 | 95-96 | 95-96 |
| 8 | ഇപ്പോഴത്തെ സ്ഥിതി | തുടരുന്നു | തുടരുന്നു | തുടരുന്നു |
| 9 | [illegible] | 216 ഹെക്ടർ | 33705 ഹെക്ടർ | |
| 10 | [illegible] | 1080 | 248 | 3 |
| 11 | ആകെ ചെലവ് | 120110 | 152107 | 21979-00 |
| 12 | കുറിപ്പുകൾ | | ഈ പദ്ധതികൾ ഹരിപ്പാട് കൃഷി ഭവൻ ആഫീസ് മുഖാന്തിരം നടത്തിവിട്ടുള്ളതാണ്. | |

## ചെറുകിടജലസേചനതോടുകൾ സംബന്ധിച്ച വിവരങ്ങൾ

REF വില്ലേജ് ലിത്തോ മാപ്പ്

| ക്രമനമ്പർ | തോടിന്റെ പേര് | ആകെനീളം | ശരാശരി വീതി | | സംരക്ഷിക്കപ്പെട്ട തോടിന്റെ നീളം | തൻവർഷം ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | | 5 | 6 |
| 1 | Vacheekulam Changarapally Perathupu thenthod | 3090 | 2 | | 3090 | ഇല്ല. |
| 2 | chilipady parapally Mukkuthodu | 3077 | 2 | | 30.77 | ഇല്ല |
| 3 | Eastera Side of parag | 263.00 | 2 | - | 263.00 | ഇല്ല |
| 4 | Western Side of viruthethu pady upls hari pad panchayat ward VI | 445.00 | 2 | | 445.00 | ഇല്ല |
| 5 | Kuttethu pady is Main Kamkulam- W ard VI | 228.00 | 2 | 228.00 | ഇല്ല | |
| 6 | Arivaneoor padeththil to nade para mpli ward .V | - | | | | |
| | ആകെ | **997.67** | | **997.67** | | |

## കൃഷിമേഖലയിലെ പ്രശ്നങ്ങൾ

1. ഉല്പാദന ചിലവിൽ വരുന്ന വർദ്ധനവ് , തൊഴിലാളികളുടെ എണ്ണക്കുറവ് , ഉല്പന്നങ്ങളുടെ വിലയിടിവ്, കാലവർഷവ്യതിയാനങ്ങൾ തുടങ്ങിയവ നെൽകൃഷി ഉൽപ്പാദനം കുറയുന്നതിന് കാരണമാകുന്നു.

2. നാളികേരത്തിന്റെ വിലക്കുറവ്, വർദ്ധിച്ചു വരുന്ന പാർപ്പിടപ്രശ്നങ്ങൾ,നല്ലയിനം തൈകൾ ലഭിക്കാനുള്ള പ്രയാസം, ശാസ്ത്രീയമായ രാസവള ജൈവവള പ്രയോഗങ്ങളുടെ കുറവ്, മണ്ണിന്റെ ഘടനയിൽ മണ്ണിൽ വന്ന മാറ്റം , പരിമിതമായ ജലസേചനസൗകര്യം, നീർക്കെട്ട് എന്നിവ തെങ്ങ് കൃഷിയേയും സാരമായി ബാധിച്ചു.

3. ഒരു കാലത്ത് ഇരുപ്പുനിലങ്ങളിൽ ഇടവിളയായി കൃഷി ചെയ്തിരുന്ന പച്ചക്കറികൾ, കപ്പ, എള്ള്, പയറുവർഗ്ഗങ്ങൾ മുതിര എന്നിവ ശരിയായ രീതിയിൽ ജലസേജന സൗകര്യം ലഭിക്കാത്തതുകൊണ്ട്ും ജൈവവളങ്ങളുടെ ലഭ്യതക്കുറവുകൊണ്ടും ഉൽപ്പന്നങ്ങളുടെ വിലയിടവു കൊണ്ടണ്ടും മുകളിൽ പറഞ്ഞതരത്തിലുള്ള കൃഷികൾ അന്യം നിന്നു പോയി.

4. പ്രധാനമായും കൃഷികൾ ക് കണ്ടു വരുന്ന രോഗങ്ങൾ ശാസ്ത്രീയപരമായി പരിഹരിക്കുന്നതി നുള്ള മാർഗ്ഗങ്ങൾ ഇന്നു ം അപര്യാപ്തമാണ്.

5. ഭൂമി തുണ്ടുതുണ്ടായി മാറ്റിയത് കൃഷിയുടെ വളർച്ചയെ സാരമായി ബാധിച്ചു.

6. സങ്കരയിനം വിത്തുകളും തൈകളും ലഭ്യമാകുന്നതിനുള്ള നഴ്സറികളുടെ അഭാവം, വിദഗ്ധ ഉപദേശകരുടെ അഭാവം വിദദ്ധ ഉപദേശകരുടെ അഭാവം സർക്കാർ ആനുകൂല്യങ്ങളെ പറ്റിയുള്ള അജ്ഞത മുതലായ കൃഷിയുടെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു

## നിർദ്ദേശങ്ങൾ

1 നിലവിലുള്ള തോടുകളുടെ ആഴവും വീതിയും കൂടി ജലസേചന സൗകര്യം വർദ്ധിപ്പിക്കുക. ബണ്ടുക ളും എഞ്ചിൻ തറകളും നിർമ്മിച്ച് കൃഷി മെച്ചപ്പെടുത്തുക.

2 മണ്ണ് പരിശോധിച്ച് ആവശ്യമായ വളപ്രയോഗത്തെപ്പറ്റി കൃഷിക്കാരെ ബോധവൽക്കരിക്കുക.

3 തെങ്ങ് നെൽകൃഷി ഇവ വ്യാപകമായി ചെയ്യുന്ന പ്രദേശങ്ങളിൽ ഗ്രൂപ്പ് ഫാമിങ്ങുകൾ നടപ്പാക്കുക.

4 പച്ചക്കറി കൃഷി വ്യാപകമാക്കുക. ഇതിന്റെ ഭാഗമായി ഏതെങ്കിലും ഒരു വാർഡ് തിരഞ്ഞെടുത്ത് അവിടെ അടുക്കളത്തോട്ടം നിർമ്മിക്കുക.

5 ഉൽപ്പാദനസേഷിയുള്ള വിത്തുകൾ തൈകളും കൃഷിക്കാർക്ക് യഥാസമയം എത്തിക്കാനുള്ള സൗകര്യമേർപ്പെടുത്തുക.

6 ഔഷധങ്ങളായ ഇഞ്ചി കച്ചോലം ഗ്രാമ്പു മുതലായവയുടെ ഉല്പാദനം വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

7 ശരിയായ സുരക്ഷാ സംവിധാനങ്ങളഓടുകൂടി കീടനാശിനി ഉപയോഗിക്കുന്നതിനെപ്പറ്റി ബോധവൽക്കരണം നടത്തുക.

8 കൃഷിയും കൃഷിക്കാരേയും ഇൻഷുറൻസ് പദ്ധതിയിൽ കൊണ്ടുവരുക.

9 തരിശ് ഭൂമിയിൽ കശുമാവ് കൃഷി ചെയ്യുക.

10 കൃഷിക്കാരെ അംഗികരിക്കുന്ന രീതിയിൽ അവാർഡുകൾ നടപ്പാക്കുക.

11 അഗ്രോക്ലിനിക്കുകൾ കാർഷിക പരിശീലന കേന്ദ്രങ്ങൾ മുതലായവ സ്ഥാപിക്കുക.

# കർഷകതൊഴിലാളികൾ

കർഷകതൊഴിലാളികൾ! നാടിന്റെ സമ്പൽ സമൃദ്ധിക്കായി കഠിനാധ്വാനം ചെയ്യുന്നവർ! കടുത്ത മഴയും കരിവേനലും, കരൾ മരവിപ്പിക്കുന്ന മഞ്ഞും സഹിച്ച് സഹിച്ച് കരിമണ്ണിൽ കനകം വിളയിപ്പിക്കുന്നവർ! അവഗണനയുടെ അകലങ്ങളിൽ അവജ്ഞയോടെ തള്ളപ്പെട്ടവർ! പട്ടികജാതിയിലും, പിന്നോക്ക വിഭാഗങ്ങളിലുംപെട്ട ഇവരെ മനുഷ്യരായി അംഗീകരിക്കുവാൻ ജന്മിത്തം കൂട്ടാക്കിയിരുന്നില്ല. അന്തിയുറങ്ങുവാൻ ഇടമില്ലാത്തവർ, സ്വന്തമായി ഒന്നുമില്ലാത്തവർ, അവർ തമ്പുരാന്റെ ഭൂമിയിൽ പണിയെടുക്കുവാനും, മാടുകളെപ്പോലെ കഴിയാനും വിധിക്കപ്പെട്ടവരെന്നു വിശ്വസിച്ചവർ, മാറുമറക്കാനും മുട്ടിനുതാഴെ എന്തു മുണ്ടുടുക്കുവാനും, വഴിനടക്കുവാനും, ക്ഷേത്രത്തിൽ കയറുവാനും അനുവാദം നിക്ഷേധിക്കപ്പെട്ടിരുന്നവർ!

പ്രഭാതത്തിനുമുമ്പേ പണിക്കിറങ്ങിയും, പ്രദോഷം കഴിഞ്ഞ് പണി നിർത്തിയും തമ്പുരാന്റെ പടിവാതില്ക്കൽ കൂലിക്കായി കാത്തു നിന്നും, നെല്ലായി കിട്ടുന്ന കൂലിയുമായികൂരയിലെത്തി കുതിർത്ത്, വറുത്തുകുത്തി കരിക്കാടിവെ ച്ചുകുടിച്ച് വീണ്ടും പാടശേഖരത്തേക്ക് യാത്രതിരിക്കേണ്ടവർ. അവരുടെ അദ്ധ്വാനവും സമ്പത്തും മാത്രമല്ല, താരുണ്യവും തമ്പ്രാക്കൾ ചൂഷണം ചെയ്തിരുന്നു. അയിത്തവും അനാചാരവും കൊണ്ട് ഈ അദ്ധ്വാന ശക്തിയെ അകറ്റിനിർത്തിയിരുന്ന വരേണ്യവർഗ്ഗത്തിന്റെ പേക്കൂത്തുകൾക്കെതിരെ അലയടിച്ചുയർന്ന സാമൂഹ്യ വിപ്ലവം ശ്രീനാരായണനും അയ്യൻകാളിയും, പി. കൃഷ്ണപിള്ളയും നേതൃത്വം നൽകിയ പരിവ2ത്തനത്തിന്റെ പുത്തരിയങ്കം ഈ വിഭാഗത്തെ അവകാശബോധത്തിന്റെയും, പ്രതികാരശക്തിയടേയും തീനാളങ്ങളാക്കി.

1940കളിൽ ആരംഭിച്ച കർഷകത്തൊഴിലാളി സംഘടനാ പ്രവർത്തനവും, 1957ൽ അധികാരത്തിൽ വന്ന കേരളത്തിലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയും വിഭാഗത്തെ മനുഷ്യരാക്കി അംഗീകരിപ്പിച്ചു. കാർഷിക പരിഷ്കാര നിയമങ്ങളും, അവ നൽകിയ സംരക്ഷണവും ഒന്നു മില്ലാത്തവന് ഒരു തുണ്ടു ഭൂമിയും ഒരു ജീവിതവും സംഭാവന ചെയ്തു.

ജന്മിത്ത ചൂഷണം മാറ്റി. കൂലിക്കും, വേലയ്ക്കുംപരിധിയുണ്ടാക്കി, ക്ഷേത്രപ്രവേശനവും, ആരാധനാസ്വാതന്ത്ര്യവും ലഭിച്ചു. അതെ!പണ്ടുകാലത്തെ കർഷക തൊഴിലാളികളല്ല, ഇന്നത്തെ കർഷകതൊഴിലാളികൾ!

പരിവ2ത്തനത്തിന്റെ പടവുകൾ പലതും പിന്നിട്ട് ക്ലിപ്തമായ വേല സമയവും, നിശ്ചിതമായ കൂലിയും, ക്ഷേമനിധിയും പെൻഷനും, അവരുടെ സുരക്ഷിതത്വം ഉറപ്പാക്കിക്കിട്ടാനുള്ളപോരാട്ടങ്ങൾ നയിച്ചും, വിജയിച്ചും ഒരു പുത്തൻ ജീവിതശൈലിക്ക് ഉടമകളായിരിക്കുന്നു കർഷകതൊഴിലാളികൾ!

ചത്താൽ കുഴിച്ചിടാൻ ആറടി മണ്ണില്ലാതിരുന്നവർക്ക്, ഇന്ന് സ്വന്തമായി ഭൂമിയുണ്ട്. അന്തിയുറങ്ങുവാനിടമില്ലാ തിരുന്നവർക്ക് ഇന്ന് ബഹുഭൂരിപക്ഷത്തിനും സ്വന്തമായ വീടുണ്ട്. എല്ലാം കൂട്ടായ പോരാട്ടത്തിന്റെ ഫലം തന്നെ!

ഒരു കാലത്ത് സവർണ്ണമേധാവിത്വത്തിന്റെ ക്രൂരതകളാൽ കടുത്തയാതനകളും ദുരിതവും അനുഭവിച്ചിരുന്ന ആ പണിയാളർ വിഭാഗം ഇന്ന് ഭരണാധികാരിവർഗ്ഗമായി വളരുകയും അവകാശങ്ങളംഗീകരിപ്പിച്ചും, അധികാരങ്ങളുറപ്പിച്ചും മുന്നേറുന്ന ശക്തികളായെങ്കിൽ അതിന്റെ പിന്നിൽ നിശ്ചയദാർഢ്യവും, ലക്ഷ്യബോധവും, പ്രത്യയശാസ്ത്രത്തിന്റെ പിൻബലവും ചേർന്നുള്ള ശക്തി പകർന്ന സ്ഥൈര്യമാണുള്ളത്.

## കൂലിനിരക്ക്

വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റങ്ങൾ, കൃഷിയോടുള്ള ആഭിമുഖ്യക്കുറവ്, ആധുനികതൊഴിൽ മേഖലകളിലെ സാദ്ധ്യതകൾ പുത്തൻ സംസ്കാരത്തിന്റെ വൈകല്യങ്ങൾ മുതലായവ 60% കർഷകത്തൊഴിലാളികളുണ്ടായിരുന്ന ഗ്രാമപഞ്ചായത്തിൽ ഇന്ന് ഈ മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്ന അവസ്ഥയാണ്. ആകയാൽ കർഷകത്തൊഴിലാളികളുടെ കൂലിയിൽ വർദ്ധനവ് ഉണ്ടാക്കുകയും, അതുപോലെ തന്നെ തൊഴിലാളികൾക്ക് തൊഴിലിനോടുള്ള ഉത്തരവാദിത്തം മനസ്സിലാക്കുകയും ചെയ്താൽ കാർഷികമേഖലയിൽ നല്ല രീതിയിൽ പുരോഗതി കൈവരുത്തുവാൻ കഴിയും.

കാർഷികമേഖലയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ ഊർജ്ജിതപ്പെടുത്തിയാൽ ഒരു കാർഷിക വിപ്ലവം തന്നെ സൃഷ്ടിക്കാം. ഇന്ന് ഈ പഞ്ചായത്തിൽ നിലവിലുള്ള തോടുകളുടെ ചാർട്ട് താഴെ ക്കൊടുത്തിരിക്കുന്നു. മണ്ണ് സംരക്ഷണ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ കൃഷിഭവൻ മുഖന പഞ്ചായത്തിൽ നടപ്പാക്കിയ മൂന്ന് പദ്ധതികളുടെ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.



5.2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

പൊതുവേ കന്നുകാലി സമ്പത്ത് പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് ഇത്. ഇവിടെ കണ്ടുവരുന്ന പ്രധാന കന്നുകാലികൾ പശു, ആട് എരുമ, പോത്ത്,ഉഴവുകാളകൾ എന്നിവയാണ്. പ്രധാനപ്പെട്ട വളർത്തു പക്ഷികൾ.കോഴിയും താറാവുമാണ് നെൽകൃഷി കുറഞ്ഞതും കാർഷികരംഗത്ത് യന്ത്രവൽക്കരണം വന്നതുമാണ് വളർത്തു മൃഗങ്ങളുടെ എണ്ണം കുറയാൻ കാരണമായതെ.നിരന്തരമായുണ്ടായ കോഴിവസന്ത കോഴിവളർത്തലിനെ പ്രതികൂലമായി ബാധിച്ചു. പഞ്ചായത്തിൽ മൊത്തം പ്രതിദിനം പാലുല്പ്പദിക്കുന്നുണ്ട്. ഉൽപാദിപ്പിക്കുന്ന പാൽ മുഴുവൻ വിൽക്കാനുള്ള സംവിധാനം ഇല്ലാത്തതും, വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുല്ല് ഉല്പാദം ഇല്ലാത്തതും, കാലിത്തീറ്റയുടെ അമിതമായ വില വർദ്ധനവും, ക്ഷീരോൽപദക സഹകരണ സംഘമില്ലാത്തതും ചികിൽസാ സൗകര്യങ്ങളുടെ കുറവും കാലിവളർത്തലിനെ പ്രതികൂലമായിബാധിച്ചട്ടുണ്ട്. പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പോളിക്ലിനിക്ക് ബ്ലോക്കടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ മൃഗങ്ങളുടെയും, പക്ഷികളുടെയും എണ്ണം പട്ടിക(1) ൽകൊടുത്തിരിക്കുന്നു.

### പ്രധാനപ്രശ്നങ്ങൾ:-

കാലിത്തീറ്റയുടെ അമിതമായവിലവർദ്ധനവ്.

പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്

കോഴിവസന്ത രോഗത്തിനെ ഫലപ്രദമായ ചികിത്സയില്ല.

പേ വിഷബാധ

ക്ഷീരവിപണന സൗകര്യകുറവ്.

## സാധ്യതകൾ

1. മിനിഡയറി ഫാം:- രണ്ടോ അതിലധികമോ സങ്കരയിനം കറവപ്പശു, ജലസേചനത്തോടെയുള്ള തീറ്റപ്പുൽ കൃഷി. മാതൃക കാലിത്തൊഴുത്ത് എന്നിവയോട് കൂടി. മിനിഡയറി ഫാമുകൾ സ്ഥാപിക്കുന്നതിനെ അഭ്യസ്തവിദ്യരായ തോഴിൽ രഹിതരെ പ്രോത്സാഹിപ്പിക്കുന്നതിനെ ഉതകുന്ന പദ്ധതി നടപ്പാക്കുന്നതിനുവേണ്ടിയുള്ള ധനസഹായം നൽകുക
2. വൃത്തിയും ശുചിയുമുള്ള മാതൃകാ കാലിത്തൊഴുത്ത് സ്ഥാപിക്കുന്നതിന് ധനസഹായം നൽകുക.
3. വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി വിപണനവും ഒരു ഹെക്ടറിൽ കൂടുതൽ സ്ഥലത്ത്(സ്വന്തമായി ഉള്ളതോ പാട്ടത്തിനുള്ളതോ) കൃഷി ചെയ്യുന്നതിന് വേണ്ട പ്രോത്സാഹനം നൽകുക.
4. കന്നുകുട്ടി പരിപാലനം, കറവപ്പശു പരിപാലനം എന്നിവയെക്കെ കാലിത്തീറ്റ, മിനറൽ മിക്സച്ചർ വിറ്റാമിൻ സപ്ലിമെന്റുകൾ എന്നിവയ്ക്കെ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പാക്കുക.

5. കുറഞ്ഞത് 500 പ്രയോജന യോഗ്യമായ കന്നുകാലികളുള്ള ക്ഷീര സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുക.
6. ഗോബർ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് കർഷകർക്ക് സഹായം നൽകുക.
7. പാൽ ഉപയോഗിച്ചുള്ള ഉല്പ്പന്നവും അവയുടെ വിതരണവും ക്ഷീരസഹകരണ സംഘങ്ങളിൽകൂടി നടപ്പാക്കുക.
8. കറവമാടുകൾ വാങ്ങുന്നതിനും, വളർത്തുന്നതിനും, തൊഴുത്ത് നിർമ്മിക്കുന്നതിനും ധനകാര്യസ്ഥാപനങ്ങളിൽനിന്നും സഹായം ലഭ്യമാക്കുക.

## മത്സ്യബന്ധനം

ഹരിപ്പാട് പഞ്ചായത്തിൽ പകുതിയോളം വരുന്ന പ്രദേശങ്ങൾ പുഞ്ചപ്പാടങ്ങളും, തോടുകളും. ചാലുകളും, കുളങ്ങളുമാണ്. ഇതിൽ പുറമ്പോക്ക് കുളങ്ങൾ പത്ത് എണ്ണമുണ്ട്. ആണ്ടിൽ 9 മാസക്കാലവും വെള്ളം കയറി കിടക്കുന്ന പ്രദേശം വിളവെടുപ്പ് കഴിഞ്ഞാൽ മത്സകൃഷിക് അനുയോജ്യമാണ്. ചിലപ്രദേശങ്ങളിൽ ചെമ്മീൻ കൃഷിക്കനുയോജ്യമാണ്. മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും മത്സ്യകുഞ്ഞുങ്ങളേ വിതരണം ചെയ്യുന്നതിനുമുള്ള സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കണം. മത്സശേഖരണത്തിനും വിപണത്തിനും മത്സ്യ സഹകരണ സംഘങ്ങ3 തുടങ്ങണം. മത്സ്യം കൂടുതലായി ശേഖരിക്കുന്നതിനും, സംഭരിക്കുന്നതിനും ശീതസംഭരണികൾ വേണം. പഞ്ചായത്തിൽ ഒട്ടാകെ ഉൾനാടൻ മത്സത്തൊഴിലാളികളുമുണ്ട്. ഈ തൊഴിലിൽ സ്ത്രീകളും, പുരുഷന്മാരും പങ്കാളികളാകുന്നു. പുരുഷന്മാരിൽ 90% സൈക്കിളിൽ മത്സ്യം കൊണ്ടുപോയി വിൽക്കുന്നു. ബാക്കിയുള്ളവർ മാർക്കറ്റിൽ മത്സ്യം കൊണ്ടുപോയി വില്ക്കുന്നു. വീടുകളിൽകൊണ്ടുപോയി മത്സ്യം വിൽക്കുന്ന സ്ത്രീകളും ഉണ്ട്.

## സാദ്ധ്യതകൾ

1. കച്ചവടം നടത്തുന്നതിന് സൈക്കിളുകളും, മറ്റ് വാഹനങ്ങളും സഹകരണാടിസ്ഥാനത്തിൽ നൽകുക
2. മത്സ്യബന്ധനം നടത്തുവാനുള്ള വലകളും മറ്റ് ഉപകരണങ്ങളും വാങ്ങാൻ സാമ്പത്തിക സഹായം നൽകുക.
3. മത്സ്യതൊഴിലാളികളുടെ ക്ഷേമത്തിന് സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
4. മത്സ്യകൃഷികളും ചെമ്മീൻ കൃഷിയും നടപ്പിലാക്കുക.
5. പുഞ്ചപ്പാടങ്ങളിൽ ബണ്ട് കൃഷി ചെയ്തതിന് ശേഷം മത്സ്യകൃഷി നടത്തുക.
6. പുറംപോക്കു കുളങ്ങൾ വെട്ടി വൃത്തിയാക്കി മത്സ്യം വളർത്തുക.



## ഓഫീസ് സ്ററാഫ്



# 5.3 വ്യവസായം

## വ്യവസായം

നമ്മുടെ പഞ്ചായത്തിൽ വ്യവസായ രംഗത്ത് യാതോരു പുരോഗതിയും ഉണ്ടായിട്ടില്ല. ആകെ ഉണ്ടായിരുന്ന തൃപ്തി ഇലക്ട്രിക്കത്സ് എന്ന മോട്ടോർ ബൾബു കമ്പനി അടച്ചു പൂട്ടുകയും ചെയ്തു. പൊതുമേഖലയിലോ വ്യവസായ മേഖലയിലോ പരമ്പരാഗത വ്യവസായ ങ്ങൾ ഇന്ന് നിലവിലില്ല. പഞ്ചായത്തിന്റെ വികസനത്തിന് വ്യവസായ സ്ഥാപനങ്ങൾ അത്യന്ത്യാപേക്ഷിതമാണ്. ഇതിനുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭകളിലൂടെ വരുകയും സഹകര ണാടിസ്ഥാനത്തിൽ പൊതുമേഖലാ വ്യവസായങ്ങൾ തുടങ്ങുന്നതിന് സംബന്ധിച്ച് ചർച്ച ചെയ്യുകയും ചെയ്തു. തൊഴിൽ രഹിതരുടെ എണ്ണത്തിന് അനുസരിച്ച് തൊഴിൽ അഭിരുചിയും തൊഴിൽ പരിശീലന യോഗ്യതയുടെ അടിസ്ഥാനത്തിലും ഗ്രാമപഞ്ചായത്തിലുള്ള യുവതീ യുവാക്കളുടെ തനിച്ചും സംയുക്തമായും നടത്താവുന്ന വ്യവസായ യൂണിറ്റുകൾ ഉണ്ടാകണ മെന്നാണ് ഗ്രാമസഭകളുടെ മോത്തത്തിലുള്ള അഭിപ്രായം.

മൂലധന രൂപീകരണത്തിന് തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവരും ലഭിക്കാൻ അർ ഹതയുള്ള തോഴിൽ രഹിതരുടെ അടുത്ത 5 അഞ്ച് വർഷത്തെ വേതനം സ്വരൂപിച്ച് വ്യവസായ യൂണിറ്റിലെ അംഗങ്ങളുടെ ഓഹരി മൂലധനമാക്കുകയും ബാക്കിതുക പഞ്ചായ



ത്തിൽനിന്നും വിഭവ സമാഹരണം വഴി നടത്തുകയും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സഹായ ധനമെടുത്തും ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മാതൃകയിൽ സൗകര്യ പ്രധമായ ഒന്നോ രണ്ടോ സ്ഥലത്തു കേന്ദ്രീകരിച്ച് നടത്താം. ഇതിനുവേണ്ടി പഞ്ചായത്ത് പുറംപോക്കു സ്ഥലങ്ങൾ വ്യവസായ യൂണിറ്റുകൾക്ക് വിട്ടു കൊടുക്കുക. കൂടാതെ സ്വകാര്യ മേഖലയിൽ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് വ്യക്തികളേയോ സ്ഥാപനങ്ങളേയോ സമീപിക്കുക.

നെൽ കൃഷി മേഖലയിൽ കൂടുതൽ പുരോഗതി വരുത്തുകയും അതുമായി ബന്ധപ്പെട്ട് വ്യാവസായികാടിസ്ഥാന ത്തിൽ നെല്ലു ശേഖരിക്കുന്നതിനും സഹകരണാടിസ്ഥാനത്തിൽ നെല്ലുകുത്തു മില്ലുകളുടെ യൂണിറ്റുകൾ തുടങ്ങുക. കൊപ്രാ സംഭരിക്കുന്നതിനും ആട്ടുന്നതിനും നിലവിലുള്ള മാർക്കറ്റിങ്ങ് സൊസൈറ്റി പുനരുദ്ധികരിക്കണം. ഏഴാം വാർഡിൽ പ്രവർത്തിച്ചിരുന്ന തൃപ്തു ബൾബു നിർമ്മാണ കമ്പനി പുനരുദ്ധരിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

## നിർദ്ദേശങ്ങൾ

<u>സഹകരണാടിസ്ഥാനത്തിൽ നടത്താവുന്ന വ്യവസായങ്ങൾ</u>

1. തയ്യൽ –റെഡിമെയ്ഡ് എംബ്രോഡറി വർക്സ്.
2. കറിമസാലപ്പൊടി, അച്ചാറ്. ജാം. ചിപ്സ്.
3. ക്ഷീര വ്യവസായം–പൊതു സംഭരണകേന്ദ്രം
4. കൈത്തറി
5. കൊപ്രാ, നാളീകേര സംഭരണം–അനുബന്ധ വ്യവസായമായി കയർ സോസൈറ്റികൾ
6. ചൂരൽ, ഈറനെയ്ത്ത്.
7. തീപ്പെട്ടി, മെഴുകുതിരി നിർമ്മാണം
8. നോട്ടുബുക്ക് നിർമ്മാണം, ബുക്ക് ബൈഡിംഗ്.
9. ചെരുപ്പു നിർമ്മാണം, പ്ലാസ്റ്റിക് ഉപകരണ നിർമ്മാണം.
10. സോപ്പു നിർമ്മാണം.
11. നിർമ്മിതി കേന്ദ്രം–ഹോളോ ബ്രിഡ്സ്. സ്റ്റേഹമതിൽ മറ്റു വീട്ടുപകരണങ്ങൾ
12. ആർട്ടിസാൻസ് ഫർണീച്ചർ മാർട്ടു യൂണിറ്റുകൾ.
13. ഇലക്ട്രോണിക്സ് (ഇലക്ട്രോണിക് ചോക്കു നിർമ്മാണം )
14. ടയറുകളുടെ നിർമ്മാണം
15. സ്വയം തൊഴിൽ.

A ഇഷ്ടിക നിർമ്മാണം.

B ഓലക്കച്ചവടം

C ഡ്രൈക്ലീനിങ്ങ്

E ഇറച്ചിക്കോഴി വില്പന

16. കുടിൽ വ്യവസായം

A മെഴുകുതിരി

B ചന്ദനത്തിരി

C പപ്പടം

D പരമ്പരാഗതമായ പായ് നെയ്ത്ത്, കുട്ടനെയ്ത്ത്.

# 5-4

# വിദ്യാഭ്യാസം

കാർത്തികപ്പള്ളി താലൂക്കിൽ ആസ്ഥാനമായ ഹരിപ്പാട് വിദ്യാഭ്യാസപരമായും പണ്ടു കാലം മുതൽ തന്നെ നിൽക്കുന്ന കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭദിശയിൽ രൂപംകൊണ്ട വിദ്യാഭ്യാസസ്ഥാപനം മലയാളംപള്ളിക്കുടം എന്നറിയപ്പെടുന്ന ഗവൺമെന്റ യു.പി. സ്കൂളായി പ്രവർത്തിച്ചു വരുന്നു.

പുത്തിയിൽ എസ്സ്.ഭാസ്കരൻ മൂസ്സത് സംഭാവന ചെയ്യപ്പെട്ട സ്ഥലവും പതിനായിരം രൂപയും ഉപയോഗിച്ച് ഗവണ്മെന്റ് ആരംഭിച്ച സ്ഥാപനമാണ് ഇന്നത്തെ ബോയ്സ് ഹൈസ്കൂളായി പ്രവർത്തിക്കുന്നത്. കാലാന്തരത്തിൽ വിദ്യാർത്ഥികളുടെ ബാഹുല്യവും നിലവിലുള്ള സ്കൂളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയുംമൂലം ഹരിപ്പാട് സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിന് മുൻവശത്തായി ഒരു പുതിയ H.S.കൂടി ആരംഭിച്ചു. അതാണ് ഇപ്പോഴത്തെ ഗേൾസ് ഹൈസ്കൂൾ.

മണ്ണാറശ്ശാല നാഗരാജ ക്ഷേത്രത്തിന്റെ വകയായി അതിപുരാതനമായ ഒരു സ്കൂൾ നിലവിലുണ്ട്. അവിടെ ആയുർവ്വേദം, സംസ്കൃതം എന്നീ വിഷയങ്ങൾ പഠിപ്പിച്ചിരുന്നു. അതാണ് പില്കാലത്ത് U P സ്കൂൾ ആയി പരിണമിച്ചത്. ഇവ കൂടാതെ മൂന്ന് L P സ്കൂൾഉണ്ട്. ഇതിലൊന്ന് പഞ്ചായത്ത് വകയാണ്. ഒന്നാം വാർഡിൽ ഉണ്ടായിരുന്ന ഒരു L P സ്കൂൾ വിദ്യാർത്ഥികളുടെ അഭാവവും മാനേജ്മെന്റിന്റെ അവകാശ തർക്കവും നിമിത്തം വർഷങ്ങൾക്ക് മുൻപ് നിലച്ചുപോയി.

ഈ പഞ്ചായത്തിലെ 9-ാം വാർഡിൽ ഒരു ഗവണ്മെന്റ് ടെക്നിക്കൽ സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 4-ാം വാർഡിൽ പ്രൈവറ്റ് മേഖലയിൽ I T C -യും, 1-ാം വാർഡിൽ പട്ടികജാതി പട്ടികവർഗ്ഗ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഒരു വെൽഫെയർ സെന്ററും ഉണ്ട്. അതിനോടൊപ്പം തന്നെ ഒരു തയ്യൽ പരിശീലന കേന്ദ്രം കൂടിയുണ്ട്.

## നഴ്സറി അംഗൻവാടികൾ.

വാർഡ് I, VII എന്നിവിടങ്ങളിൽ ഒരു കിലോമീറ്റർ ദൂരത്തിൽ പോയി വേണം പ്രാഥമിക വിദ്യാഭ്യാസം നേടാൻ. ആയതിനാൽ ഈ വാർഡുകളിൽ നഴ്സറി വിഭാഗങ്ങളോട് കൂടിയ L.P.S. സ്ഥാപിക്കണമെന്ന നിർദ്ദേശം വന്നിട്ടുണ്ട്. സാധാരണയായി L.P.S.-ലെ ഡിവിഷൻ തകർച്ച നേരിടാൻ നിലവിലുള്ള L.P.S-നോടനുബന്ധിച്ച് നഴ്സറി സ്കൂളുകൾ കൂടി ആരംഭിക്കുന്നത് നല്ലതാണ്. ഇപ്പോൾ സ്വകാര്യ മേഖലയിൽ വാർഡ് 4,5, എന്നിവിടങ്ങളിൽ ഓരോ നഴ്സറി സ്കൂളുകൾ പ്രവർത്തിച്ച് വരുന്നുണ്ട്.

അംഗൻവാടികൾ IV-ാം വാർഡിനൊഴികെ എല്ലാ വാർഡുകളിലും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കെട്ടിടവും സ്ഥലവും ഇല്ലാത്ത 2,3,5,8,9,വാർഡുകളിൽ പോരായ്മകൾ പരിഹരിക്കുന്നതിനും 4,6,7,9,വാർഡുകളിൽ ഓരോന്നും കൂടി സ്ഥാപിക്കുന്നതിനും ഉള്ള നടപടിയുണ്ടാകണം. ഇംഗ്ലീഷ് മീഡിയം നഴ്സറി സ്ഥാപനങ്ങളിലേക്ക് കുട്ടികളെ അയയ്കാനുള്ള പ്രവണത രക്ഷിതാക്കളിൽ കണ്ടുവരുന്നു. അംഗൻവാടികളിലെ ഭൗതീക സാഹചര്യങ്ങൾ വളരെ മോശമായ രീതിയിലാണ്. സൗകര്യപ്രദമായ കെട്ടിടങ്ങൾ, കളിക്കോപ്പുകൾ, ശുദ്ധജലം, വഴികൾ തുടങ്ങിയവയുടെ അപര്യാപ്തത ഈ പ്രസ്ഥാനത്തെ ആകർണീയമാക്കുന്നില്ല. ഇതിന് അടിയന്തിര പരിഹാരം കാണണം. പോഷകാഹാര പദ്ധതി വിപുലീകരിക്കുകയും വൈദ്യപരിശോധന നിർബന്ധമാക്കുകയും ചെയ്യണം. വാർഡ് അടിസ്ഥാനത്തിലുള്ള ജനകീയ കമ്മറ്റികളുടെ നേതൃത്തം ഈ സ്ഥാപനത്തിനുണ്ടാകണം.

## ശിശുവിഹാർ

ഒന്നാം വാർഡിൽ ശിശുവിഹാറിനുവേണ്ടി ഒരു കെട്ടിടം പണി കഴിപ്പിച്ചിട്ട് വർഷങ്ങൾ പലതു കഴിഞ്ഞു. ഇന്നും അത് പ്രവൃത്തന സജ്ജമാക്കിയിട്ടില്ല എന്നതും സൂചിപ്പിക്കുന്നു. അതിന്റെ പ്രവർത്തനം പൂർണ്ണതോതിൽ തന്നെ ഉടനെ ആരംഭിക്കുന്നതോടൊപ്പം അതിനോടനുബന്ധിച്ച് ഒരു വായന ശാല-ഗ്രന്ഥശാല കൂടി സ്ഥാപിക്കുകയും ചെയ്യണം.

## വായനശാലഗ്രന്ഥശാലകൾ

ഇപ്പോൾ പഞ്ചായത്തിലെ IV-ാം വാർഡിൽ മാത്രമാണ് ഒരു വായനശാല/ഗ്രന്ഥ ശാലയുള്ളത്. ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം. പഞ്ചായത്തിലെ ആകെ ജനസം ഖ്യയുമായി തട്ടിച്ചുനോക്കുംമ്പോൾ ഇതിലെ ജനകീയ പങ്കാളിത്തം തുലോം കുറവാണ്. വാർഡ് അടിസ്ഥാനത്തിൽ ജനപങ്കാളിത്തത്തോടുകൂടി വായനശാലകൾ ഗ്രന്ഥശാലകളാക്കി മാറ്റണം. അതിനോടനുബന്ധിച്ച് T.V., റേഡിയോ തുടങ്ങിയ മാദ്ധ്യമങ്ങളും സംഘടിപ്പിച്ച് സാക്ഷരത പരിപാടികൾക്ക് ആക്കം കൂട്ടണം.

## സാക്ഷരതാ പരിപാടിയും കൂടിപ്പള്ളിക്കൂടങ്ങളും

വാർഡ് അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ 25 മുതൽ 50 വരെയുള്ള ആളുകൾ ഇപ്പോഴും നിരക്ഷരരായി തുടരുന്നു എന്നു മനസിലാക്കാം. സാക്ഷരതാ പരിപാടി തുടർന്ന് നടത്തുകയും സാക്ഷരതനേടിയവർക്ക് പ്രയോഗിക വിജ്ഞാനം ലഭിക്കുന്നതിനുള്ള കരുത്തുറ്റ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുകയും വേണം.

ഇംഗ്ലീഷ് ഭാഷാഭ്യമം കൊടു മ്പിരികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മാതൃഭാഷയുടെ പ്രസക്തി നശിച്ചു വരുകയാണെന്ന സത്യം നിഷേധിക്കാനാവുമോ? ഈ സാഹചര്യത്തിൽ കുടിപ്പള്ളിക്കൂടം നടത്തുന്നതിന് കഴിവും പ്രഗത്ഭ്യവും നേടിയവരെ കണ്ടെത്തി അവർക്ക് ആവശ്യമായ പ്രോൽസാഹനവും ഗ്രാന്റും അനുവദിച്ച് പദ്ധതി വിജയകരമായി മാറ്റേണ്ടതാണ്.

## സങ്കേതിക വിദ്യാഭ്യാസ രംഗം

പഞ്ചായത്തിനെ മൂന്നാംവാർഡിൽ പട്ടികജാതി പട്ടികവർഗ്ഗ വെൽഫയർ ഡിപ്പാർട്ടുമെന്റി ന്റെ കീഴിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം നടക്കുന്നുണ്ട്. കൂടാതെ സ്വകാര്യമേഖലയിൽ ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, കമ്പ്യൂട്ടർ സെന്ററുകൾ തുടങ്ങി യവയും പ്രവർത്തിച്ചുവരുന്നു. ഗവൺമെന്റ ബോയിസ് ഹൈസ്ക്കുളിനോടനുബന്ധിച്ച് ഒരു കംപ്യൂട്ടർ പഠനകേന്ദ്രം ഈ വർഷാരംഭത്താടുകൂടി നിലവിൽ വന്നത് സാങ്കേതിക രംഗത്തും പഞ്ചായത്തിന്റെ വളർച്ചയുടെ ആരംഭം കുറിച്ചിരിക്കുന്നുഎന്നനുമാനിക്കാം. ആട്ടോ മൊബൈൽ ഇലക്ട്രോണിക്ക് രംഗങ്ങളിൽ കൂടുതൽ പരിശീലന കേന്ദ്രങ്ങൾ നടത്താൻ കഴിയുന്നവരെ കണ്ടെത്തി അവർക്ക് പ്രോൽസാഹനം കൊടുക്കണം.

## കായിക കലാരംഗം

അഞ്ചാം വാർഡിൽ ഉള്ള പഞ്ചായത്ത് കളിസ്ഥലത്ത് പഞ്ചായത്തുതല കായിക മത്സരങ്ങൾ സംഘടിപ്പിച്ചും കായീക രംഗത്തെ പുഷ്ടിപ്പെടുത്തിയും പൊതുജനസഹകരണ ത്തോടെ കൂടി ഒരു കൾച്ചറൽ സെന്റർ സ്ഥാപിച്ചപ്പോൾ കായിക വിദ്യാഭ്യാസത്തിന് കരുത്ത് പകരേണ്ടതാണ്.

## ഉന്നത വിദ്യാഭ്യാസരംഗം

അക്കാഡമിക്ക് വിദ്യാഭ്യാസത്തിനായി ഈ പഞ്ചായത്തിലെ വിദ്യർത്ഥികൾ ഇതര താലൂക്കിലോ, പഞ്ചായത്തുകളിലോഉള്ള കോളേജുകളെയാണ് ആശ്രയിക്കുന്നത്. സാകതിക പഠനരംഗവും അതുപോലെ തന്നെ. എന്നാൽ കേരളാ യൂണിവേഴ്സിറ്റിടെ ഒരു ഇൻഫോർ മേഷൻ സെന്റർ പഞ്ചായത്ത് ഒഫീസിനോടനുബന്ധിച്ചുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ഒരളവിൽ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് ആശ്വാസംനൽകുന്നുണ്ട്. വിദ്യഭ്യാസ ഉപജില്ലാ കേന്ദ്രവും നമ്മുടെ പഞ്ചായത്തിൽ തന്നെയാണ്.

## നിർദ്ദേശങ്ങൾ

1. സ്കൂളുകളിലെ താല്ക്കാലികഷെഡുകൾ, ഓലക്കെട്ടിടങ്ങൾ, പഴക്കമേറിയ കെട്ടിടങ്ങൾ എന്നിവ നീക്കം ചെയ്ത് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കണം അറ്റകുറ്റപ്പണികൾ നടത്തണം.
2. ആവശ്യമായ ഫർണിച്ചറുകൾ, കക്കൂസ്, മൂത്രപ്പുര, ഭക്ഷണം പാകം ചെയ്യാനുള്ള സ്ഥലം, കളിസ്ഥലം, ചുറ്റുമതിൽ, ശുദ്ധജലം കിട്ടാനുള്ള സൗകര്യം തുടങ്ങിയവ അടിയന്തിര മായി ഉണ്ടാക്കുക.

3. ലൈബ്രറി, ലാബോറട്ടറി, റീഡിംഗ്, പഠനോപകരണങ്ങൾ മുതലായവ ഉണ്ടാക്കുക., വിപുലീകരിക്കുക. പ്രവർത്തന ക്ഷമമാക്കുക.
4. പരിസരശുചീകരണത്തി ന് ആവശ്യമായ നടപടികൾ പൊതുജനാരോഗ്യവകുപ്പിന്റെ സഹകരണത്തോടു കൂടി ചെയ്യുക.
5. U.P തലം മുതൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഏർപ്പടുത്തുക.
6. അശാസ്ത്രീയമായ രീതിലും വിവിധ തരത്തിലുള്ള അൺ എയ്ഡഡ് സ്കൂ ളുകൾ അനുവദിക്കാതിരിക്കുക.
7. പ്രീ പ്രൈമറി പ്രൈമറിതല വിദ്യാഭ്യാസം മാതൃഭാഷയിൽ മാത്രമാക്കുക.
8. അധ്യാപക വിദ്യാർത്ഥി അനുപാതം പുനഃനിർണ്ണയം നടത്തി പോരായ്മകൾ പരിഹരിക്കണ്ടതാണ്.
9. അദ്ധ്യാപകർക്ക് റീ ഓറിയന്റേഷൻ കോഴ്സുകൾ നിർബന്ധിതമാക്കുക.
10. P.T.A. കൾ, മാതൃസംഗമങ്ങൾ ശക്തമാക്കുകയും സ്കൂൾ ഭരണത്തിൽ അവരവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക.
11. ഒരു ഹൈസ്കൂൾ വൊക്കേഷണൽ ഹയർ സെക്കണ്ടറിയായുർത്തുക.
12. മാസം തോറും മെഡിക്കൽ പരിശോധന നിർബന്ധമാക്കുക. ലൈഫ് ഇൻഷ്വറൻസ് സ്ക്കീമിൽ വിദ്യാർത്ഥികളെ ഉൾക്കൊള്ളിക്കുക.
13. ദുർബല വിഭാഗം വിദ്യാർത്ഥികൾക്ക് ഹൈസ്ക്കൂൾ തലത്തിലും ഉച്ചഭക്ഷണം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്ക ണം.
14. എല്ലാ വിദ്യാലയങ്ങളിലും കായിക-കലാദ്ധ്യാപകരെ നിയമിക്കണം.
15. ഫസ്റ്റ് എയ്ഡ് കൊടുക്കുന്നതിനാവിശ്യമായ മരുന്നുകളും അതിനു ട്രെയിനിംഗ് കിട്ടിയിട്ടുളള അദ്ധ്യാപകരും എല്ലാ സ്ക്കൂളിലും ഉണ്ടായിരിക്കണം.
16. സ്ക്കൂൾ–പഞ്ചായത്ത് ക്ലാസ് തലങ്ങളിൽ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തണം.
17. സാമ്പത്തികമായി പിന്നോക്കം നിൽകുന്ന വിദ്യാർത്ഥികൾക്ക് ആവശ്യ മെങ്കിൽ സാമ്പത്തിക സഹായം നൽകുക.
18. പഠന നിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവരെ ഉദ്ധരിക്കുന്നതിന് വാർഡ് അടിസ്ഥാനത്തിൽ വിദ്യാസമ്പന്നരുടെ കമ്മറ്റികളുണ്ടാക്കി ആവശ്യ മായ നടപടികൾ സ്വീകരിക്കുക.
19. വർഷാരംഭത്തിൽ തന്നെ ആവശ്യമായ അദ്ധ്യാപകരെ നിയമിക്കുക.
20. ഹരിപ്പാട് ഒരു ഗവൺമെന്റ് കോളേജ് സ്ഥാപിക്കുക.
21. ഒരു പൊളിടെക്നിക്ക് സ്ഥാപിക്കുക.

# 5.5 കുടിവെള്ളവും പൊതുജനാരോഗ്യവും

കാർത്തികപ്പള്ളി താലൂക്കിന്റെ തിരുനെറ്റിയിലെ തിലകക്കക്കുറി എന്നു വിശേഷിപ്പിക്കാവുന്ന ഹരിപ്പാടു പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മറ്റു പല മേഖലയിലുമെന്നതുപോലെ കുടിവെള്ളത്തിന്റെ കാര്യത്തിലും ഇന്ന് പ്രതിസന്ധിയെ നേരിടുന്നു. ഹരിപ്പാട് പഞ്ചായത്തിനെ സ്ബന്ധിച്ചിടത്തോളം മുഖ്യകുടിവെള്ള സ്രോതസ്സുകൾ കിണറുകളും പൊതു ടാപ്പുകളും ആണ്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും കുളങ്ങൾ ഉണ്ടെങ്കിലും അതിൽനിന്നുള്ള ജലം കുടിവെള്ളമായി ഇന്ന് ഉപയോഗിക്കുന്നില്ല. പഞ്ചയത്തിന്റെ വടക്കു കിഴക്കൻ മേഖലകളിൽ കിണറുകളിൽനിന്നും ലഭിക്കുന്ന ജലം പാനയോഗ്യമല്ല. കാരണം ഒാരു കലർന്ന വെള്ളമാണ് ഇവിട ങ്ങളിലെ കിണറുകളിൽ നിന്നും ലഭിക്കുന്നത്. പഞ്ചായത്തിലെ പടിഞ്ഞാറൻ മേഖലകളിലും അവസ്ഥ ഇതുതന്നെയാണ്. മദ്ധ്യഭാഗത്തു കിണറുകളിൽനിന്നു ലഭിക്കുന്ന ജലം ചിലസ്ഥലങ്ങളിലൊഴികെ പാനയോഗ്യമാണ് (ഉദാ:- 4ാം വാർഡ്5-ാം വാർഡ് എന്നിവിടങ്ങളിൽ) മുകളിൽ സൂചിപ്പിച്ച ഭാഗങ്ങളിൽ കിണറ്റിലെ ജലം തവിട്ടുനിറമുള്ളതായി കാണാം. ഹരിപ്പാടു പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും ഉള്ള കിണറുകളിലെ ഇരുമ്പിന്റെ അംശം കൂടുതലാണ്. അതിനാൽ ചെങ്കൽനിറമുള്ള ജലം പല കിണറുകളിലും കാണാം ഈ കാരണത്താൽ തന്നെ ഇതിൽ കഴുകുന്ന വസ്ത്രങ്ങൾ തവിട്ടുനിറത്തിൽ ആയിത്തീരുന്നു. അതുപോലെ തന്നെ കിണറുകളിലെ ജലനിരപ്പ് മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വളരെ താഴുകയും കുടിവെള്ളത്തിന് പഞ്ചായത്താകമാനം ക്ഷാമം നെരിടുകയു് ചെയ്യുന്നു. കഴിഞ്ഞ വരൾച്ചയിൽ ഇതുവരെ വറ്റാത്ത പല കിണറുകളും വറ്റിയതായി കാണാൻ കഴിയുന്നു.

ഈ പഞ്ചായത്തിൽ പൈപ്പുവഴിയുള്ള ജലവിതരണവും ഉള്ളതായി മുകളിൽ സൂചിപ്പിച്ചിരുന്നല്ലൊ 1958- ൽ പ്രവർത്തനം ആരംഭിച്ച ഒരു ശുദ്ധജല വിതരണ പദ്ധതിയാണ് ഇത്. കുഴൽ കിണറാണ് ഈ പദ്ധതിയുടെ ജലസ്രോതസ്സ്. ഏതാണ്ട് 67500 ലിറ്റർ സംഭരണശേഷിയുള്ള ഒരു ജല സംഭരണിയും ഒരു കുഴൽ കിണറുമാണ് ഇതിനുള്ളത് ഏതാണ്ട് 90 പൊതു ടാപ്പുകൾ വഴി ജലവിതരണം നടത്തുന്നു. പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 35% ആൾക്കാർക്കു മാത്രമെ ഇതിന്റെ പ്രയോജനം ലഭിക്കുന്നുള്ളു. ദിവസം 16 മണിക്കൂർ സമയം ആണ് ഇതിൽനിന്നും വിതരണം ഉള്ളത് സ്രോതസ്സിന്റെ അഭാവവും വെള്ളത്തിന്റെ ഗുണനിലവാരവും പ്രശ്നങ്ങളായി അവശേഷിക്കുന്നു. ഭൂഗർഭ ജലത്തിലും ഇരുമ്പിന്റെ അംശം കൂടുതലുള്ളതായി കാണുന്നു. കൂടാതെ പഞ്ചായത്തത്തിലെ വിതരണ ശൃംഖലയിലുള്ള പൈപ്പുകൾ കാലപ്പഴക്കംചെന്നവയാണ് അതു കൊണ്ടുതന്നെ വിതരണനഷ്ടവും സംഭവിക്കുന്നു. ആയതിനാൽ മാറ്റങ്ങൾ ആവശ്യമായി വരുന്നു. പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും പൈപ്പുജല് എത്തിയിട്ടില്ല. എന്നതിനാൽ പുതിയ ഒരു ശുദ്ധജലവിതരണ പദ്ധതി ആവശ്യമായി കഴിഞ്ഞിരിക്കുന്നു. അത് തികച്ചും ഒരു നദീ ജലസ്രോതസ്സിനെ ആസ്പദമാക്കിയുള്ളതാകുകയും വേണം

പഞ്ചായത്തിന്റെ ജന സാന്ദ്രത ഏതാണ്ട് 1560 ആളുകൾ (1) ഒരു ചതുരശ്ര കിലോമീറ്ററിന് എന്ന തോതിലാണ് ഏറെക്കുറെ ജനങ്ങൾ തിങ്ങിപ്പാർകുന്ന ഒരു പഞ്ചായത്താണിത്. ആയതിനാൽ കിണറുകളിലെയും മറ്റും ജലം മലിനീകരിക്കാൻ സാദ്ധ്യത ഏറിയിരിക്കുന്നു. (ഈ അടുത്ത കാലത്ത് ഹെൽത്ത് ഇൻസ്പെക്ടർ നടത്തിയ സാമ്പിൾ ടെസ്റ്റുകളിൽ പല കിണറുകളിലെയും ജലത്തിൽ മാലിന്യത്തിൽറെ അംശം ഉള്ളതായി കണ്ടു) അതു കൊണ്ടു തന്നെ പൈപ്പുകൾ വഴിയുള്ള ശുദ്ധമായ ജലവിതരണത്തിന് കൂടുതൽ മുൻതൂക്കം കൊടുക്കേണ്ട സാഹചര്യത്തിലേക്ക് വിരൽ ചൂണ്ടുന്ന വസ്തുതയാണിത്.

കുടിവെള്ളത്തിനു ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ എതൊക്കെയാണെന്ന് അവസാന പട്ടികയിൽ വ്യക്തമാക്കി യിട്ടുണ്ട്. നിലവിലുള്ള പദ്ധതി ആരംഭിച്ചിട്ട് ഏതാണ്ട് 40 വർഷത്തോളമാകുന്നു. ടി കാലഘട്ടത്തിൽ ജനസംഖ്യയിൽ തന്നെ വലിയ വർദ്ധനയുണ്ടായി അതിനാൽ ജലവിതരണ നിലവാരം (Level of watar suply) വളരെ മോശമായിരി ക്കുന്നു.

## പദ്ധതി നിർദ്ദേശം

നദീജല സ്രോതസ്സിനെ ആശ്രയിച്ചുള്ള ശുദ്ധജലവിതരണപദ്ധതിക്കു രൂപം കൊടുക്കുകയും കുടിവെള്ള ക്ഷാമം നേരിടുന്ന പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും പൈപ്പ് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക എന്നതാണ് കുടിവെള്ള ക്ഷാമത്തെ നേരിടുന്നതിന് ചെയ്യാവുന്ന ശ്വാശ്വതമായ പരിഹാരമാർഗ്ഗം.

അതിന് പ്രകൃതി നമുക്ക് കനിഞ്ഞരുളിയിട്ടുള്ള ജലസ്രോതസ്സുകൾ പ്രയോജനപ്പെടുത്താവുന്നതുമാണ്. അച്ചൻ കോവിലാറ്റിൽനിന്നും ജലം ശേഖരിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതിയുടെ പ്രാഥമിക എൻജിനീയറിംഗ് റിപ്പോർട്ട് പരിഗണനക്കായി വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുള്ളതാകുന്നു. ഈ പദ്ധതിയിൽ കീഴിൽ ഹരിപ്പാട്ട് വില്ലേജ് കൂടാതെ, കാർത്തികപ്പള്ളി, ചിങ്ങോലി എന്നീ വില്ലേജുകളും ഉൾപ്പെടുന്നു. ഈ പദ്ധതിയുടെ പ്രയോജനം ഹരിപ്പാട് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം 2019-ാം മാണ്ടോടെ 26085 പേർക്ക് ലഭിക്കുന്നതായി കണക്കാക്കിയിരിക്കുന്നു. ഏതാണ്ട് ഒരു ദശലക്ഷം ലിറ്റർവെള്ളം ഈ പഞ്ചായത്തു മേഖലയിൽ പ്രതിദിനം വിതരണം ചെയ്യേണ്ടിവരും. ഇതിന് നദിയിൽസ്ഥാപിക്കുന്ന കിണർ, ശുദ്ധീകരണപ്ലാന്റ്, ജല സംഭരണികൾ, ജല വിതരണ ശൃംഖല, പമ്പുസെറ്റ്എന്നിവ ഉൾപ്പെടുന്നു. ഈ പദ്ധതിയുടെമതിപ്പു ചെലവ് ഏതാണ്ട് 1000 ലക്ഷം അഥവാ10 കോടിയോളമാണ്.

ഈ പദ്ധതിക്ക് ഇൻഡ്യാഗവൺമെന്റിന്റെ ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുൾപ്പെടുത്തി ആവശ്യമായ തുക കണ്ടെത്താവുന്നതാണ്.

## പൊതുജനാരോഗ്യം

ആരോഗ്യരംഗത്ത് ഇതരസ്സ്ഥാനങ്ങളെ അപേക്ഷിച്ച് പൊതുവിൽ കേരളീയരുടെ നില ഭേദപ്പെട്ടതാണെങ്കിൽ വസ്തുതകൾ വിശകലനം ചെയ്തു വിലയിരുത്തുമ്പോൾ ഈ മേഖലയിൽ അനവധി പ്രശ്നങ്ങളെ നാം നേരിടുന്നതായി കാണാൻ കഴിയും. അതു കൊണ്ടുതന്നെ വളരെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടുന്ന ഒരു മേഖലയാണ് ഇത്. ആരോഗ്യ പ്രശ്നങ്ങൾക്ക് മുൻഗണന കൊടുക്കുന്നതിനൊപ്പം ആരോഗ്യ് കാത്തു സൂക്ഷിക്കുന്നതിന് ഒന്നാമതായി വ്യക്തി ശുചിത്വം, പരിസര ശുതിത്വം എന്നിവയുടെ അനിവാരതയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ വഴി നടപ്പിൽ വരുത്തണം.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കാത്തികപ്പള്ളി താലൂക്കിന്റെ ഭരണസിരാകേന്ദ്രമാണ് എന്നതി നാൽ ജനസാന്ദ്രത അനുദിനം വർദ്ധിക്കുന്നു. എന്നാൽ അതനുസരിച്ചുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നമുക്ക് പലവിധ കാരണങ്ങളാൽ കഴിഞ്ഞില്ല. പ്രധാനമായും ഹരിപ്പാടു പഞ്ചായത്തിനെ സംബന്ധിച്ച് എല്ലാ വാർ ഡുകളുടേയും സ്ഥിതി പരിശോധിച്ചാൽ ഏതാണ്ട് 40% ത്തോളം കുടുംബങ്ങൾക്കു പ്രാഥമിക കൃത്യ ങ്ങൾ നിർവഹിക്കുനതിനുവേണ്ട സൗകര്യങ്ങളില്ല. അങ്ങനെയുള്ളവർ സൗകര്യപ്പെടുന്ന ഇടങ്ങളിൽ കൃത്യം നിർവഹിക്കുന്നതിനാൽ പരിസര ശുചിത്വത്തെ ഇതു നേരിട്ടു ബാധി ക്കുകയും അതു വഴി കുടിവെള്ള സ്രോതസ്സുകൾ മലിനമാകുന്നതിനു വഴി വെയ്ക്കുകയും ചെയ്യുന്നു. ഇത് പ്രത്യക്ഷമായോ പരോക്ഷമയോപൊതുജനാരോഗ്യത്തെ ബാധിക്കു ന്നു. ജലജന്യരോഗങ്ങൾരക്കും കാരണമായിത്തീരുന്നു. ആയതിനാൽ പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും പ്രാഥമിക സൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്നും അത് ഇല്ലാത്തനിർദ്ധന കുടുംബങ്ങൾക്ക് പഞ്ചായത്തിന്റെ സഹായത്താൽ അവ ലഭ്യമാക്കുകയുംവേണം. പരിസര മലിനീകരണവും മലിനജലം കെട്ടികിടക്കുന്നതും പഞ്ചായത്തിൻെ എല്ലാ ഭാഗങ്ങളിലുംക്ര മാതീതമായി വർദ്ധിച്ചിരിക്കുന്നതിനാൽ അതുവഴി പലവിധ രോഗങ്ങൾക്കും ഇടവരുത്തി പൊതുജനാരോഗ്യത്തിനു വൻഭീഷണിയായിത്തീർന്നിരിക്കുന്നു. അതിനാൽ മലിനജലം

കെട്ടിക്കിടക്കാനിടവരുത്താതെ അവ അനുയോജ്യമായ രീതിയിൽ നീരൊഴുക്കു ചാലുകളിലൂടെ ഒഴുക്കിവിട്ടും മരുന്നുതളിച്ചും കൊതുകു വിമുക്ത മാക്കണം.

ഹരിപ്പാട് പഞ്ചായത്തിൻെറ ഹൃദയഭാഗത്തുള്ള എഴിക്കകത്തു ജംഗ്ഷനിലും അവിടുന്നു പടിഞ്ഞാറോട്ടും കിഴക്കോട്ടുമുള്ള റോഡിൻെറ സൈഡിലുള്ള നീരൊഴുക്കു ചാലുകൾവൃത്തിയാക്കി മലിനജലം പിള്ള തോട്ടിലേക്ക് ബന്ധിപ്പിക്കാവുന്നതാണ്.

3-ാം വാർഡിൽകൂടി പോകുന്നപിള്ളതോട് കച്ചവടക്കാരുടെ വേസ്റ്റ് സാധനങ്ങൾ ( ചീത്തപച്ചക്കറികളും, പഴങ്ങളും, ചപ്പുചവറുകളും) നിക്ഷെപിക്കുന്നതുവഴിയും കൂടാതെ പലരുടെയും കകൂസിന്റെ ഔട്ട്റ്റും മറ്റും ഇവിടേക്ക് കണക്റ്റും ചെയ്തിരിക്കുന്നതിനാലും തടസ്സങ്ങൾ നേരിടുന്നു.

കച്ചവടക്കാരുടെ വേസ്റ്റ് നിക്ഷേപിക്കുന്നതിന് പ്രധാന ജംഗ്ഷനുകളിൽ വേസ്റ്റ്ബിൻ സ്ഥാപിക്കികയും അങ്ങനെ നിക്ഷെപിക്കുന്ന വസ്തുക്കൾ ദിവസവും എടുത്തുമാറ്റി നാഷണൽഹൈവേയുടെ വശങ്ങളിലുള്ള കുഴികൾകത്താവുന്നത്മാണ.

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി നിർമ്മിച്ചിരിക്കുന്ന ഓടകൾ വർഷത്തൊലിരിക്കൽ വൃത്തിയാക്കി നിരൊഴുക്കു സുഗമമാക്കണം. S.N തിയേറ്ററിന് മുൻവശത്തുകൂടി പോകുന്ന കൈത്തോട് പിള്ളതോട് എന്നിവ വൃത്തിയാക്കി നീരൊഴുക്കു സുഗമാക്കി ഡാണപ്പടിത്തോടിനോടു ബന്ധിപ്പിക്കണം.

ഈ പഞ്ചായത്ത് ഏറെക്കുറേ ജനനിബിഡമായിത്തിർന്നിരിക്കുന്നതാനാൽ പഞ്ചായത്തിലെ മൊത്തം ജനങ്ങളെ ബാധിക്കുന്നതും വിശിഷ്യാലക്ഷം വീടു കോളനികളിൽ താമസിക്കുന്നവരുടെ സൗകര്യത്തിലേക്കുമായി പഞ്ചായത്ത് തലത്തിൽ ഒരുപൊതു ശ്മശാനമാക്കി ഉപയുക്തമാക്കിയാൽ ഒരളവുവരെ ഈ ആവശ്യത്തിനുള്ള പരിഹാരമാകും.

ചികിത്സരംഗത്തെ കാര്യമെടുത്താൽ രോഗചികിത്സക്കായി സാധാരണ നാം ആശ്രയിക്കറാറുള്ളത് പ്രധാനമായും, അലോപ്പതി ചികിത്സയെ ആണ്. കൂടാതെ ആയുർവേദവും, ഹോമിയോ ചികിത്സയുമുണ്ട്. എന്നാൽ നമ്മുടെ പഞ്ചായത്തിനെസംബന്ധിച്ചിടത്തോളം ഈ മൂന്നു ചികിത്സാ സമ്പ്രദായങ്ങളുടെയും സർക്കാർ സംവിധാനത്തിലുള്ള സ്ഥാപനങ്ങളിലൂടെ ലഭിക്കുന്ന സേവനം തൃപ്തികരമല്ലെന്നുള്ളതാണ്. പ്രധാനമായും അതിനു പല കാരണങ്ങളുമുണ്ട്

- ഒന്നാമതായി നമ്മുടെ പഞ്ചായത്തതിർത്തിയിൽ സ്ഥിതി ചെയ്യുന്ന നമ്മുടെ താലൂക്ക് ആശുപത്രിയുടെ കാര്യം തന്നെ എടുക്കാം. താലൂക്ക് ആശുപത്രി എന്ന പദവിയുള്ളതിനാൽ ഈ താലൂക്കിലുൾപ്പെട്ടലിലിധ പഞ്ചായത്തുകളിലെ ദനവിഭാഗങ്ങളുടെ ഏക ആശ്രയമാണ് ഇത് എന്നാൽ ഇവിടെ എത്തുന്ന രോഗികൾ തിരിതെപ്പോകുമ്പോൾ മറ്റു പലവിധത്തിലുള്ള അസുഖങ്ങളുടെയും ബീജവാഹകരായാണ് കാരണം 1. ജീവൻനിലനിർത്തുന്നതിന് അവശ്യം വേണ്ടുന്ന മരുന്നുകളുടെ ദൗർലഭ്യം ആശുപത്രിയുടെ പരിമിതികൾക്കതീതമായുള്ള രോഗികളുടെ ബാഹുല്യം ആശുപത്രയിലേയും, വാർഡുകളിലേയും പരിസരത്തിന്റെയും തന്നെശുതിത്വമില്ലായ്മ അത്യാവശ്യം വേണ്ടുന്ന രോഗനിർണ്ണയ പരിശോധനകൾക്കുള്ള സൗകര്യമില്ലായ്മ ഇവടൊക്കെയാണ് പ്രധാനപ്രശ്നങ്ങൾ. എന്നാൽ ഇതിന്റെ സ്ഥിതിമെച്ചപ്പെടണമെങ്കിൽ ഇത് ഒരു റഫറൽ ആശുപത്രിയുടെ പദവിയിലെക്കണം അങ്ങനെഅവരണമെങ്കിൽ പഞ്ചായത്തിലെ ഇപ്പോൾ ശ്രീ രാമകൃഷ്ണമിഷൻ ആശ്രമത്തിൽ സ്ഥിതിചെയ്യുന്ന P.H Centre ന്റെ സ്ഥിതി മെച്ചപ്പെടുത്തന്നതിനുള്ള നടപടി ഉണ്ടാകണം.

അതുപോലെതന്നെയാണ് ഹരിപ്പാട് പഞ്ചായത്തിലെ 6 ാം വാർഡിലെ ഒരു വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറിയുടെയും സ്ഥതി. കൂടുതൽ പേർക്കും ഇങ്ങനെ ഒന്ന് ഉള്ളതായിതന്നെ അറിവില്ല. ഈ സ്ഥിതിമാറുന്നതിനുതുകുന്ന നടപടികളുണ്ടാകേണ്ടിയിരിക്കുന്നു.

ഈ രംഗത്ത് ചികിത്സക്കെത്തുന്ന രോഗികൾക്ക് ഒരു ഫുൾടൈം ഡോക്ടറുടെ സേവനം ലഭ്യമാകണം, അതുപോലെ അത്യാവശ്യ മരുന്നുകൾ ലഭ്യമാകണം.

ആയുർവേദ ചികിത്സരംഗത്ത് തികച്ചും സ്വാകാര്യ വ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങൾ മാത്രമേ ഇപ്പോൾ പഞ്ചായത്തിൽ നിലവിലുള്ളു. ഈ പഞ്ചായത്തിനെ സ്ബന്ധിച്ചിടത്തോളം

സർക്കാർ വക ഒരു ആയുർവേദ ആശുപത്രി അനിവാര്യമാണ്. കാരണം ഇന്നത്തെ സ്ഥിതിയിൽ സാമ്പത്തികപിന്നോക്കാവസ്ഥയിലുള്ള ജനവിഭാഗങ്ങൾക്ക് ഈ ചികിത്സാരീതി ഇന്നത്തെനിലയിൽ അപ്രാപ്യമാണ്. ഇതുമാറി അങ്ങനെയുള്ളവർക്കുകുടി പ്രയോജനം ലഭിക്കും വിധം കുറ്റമറ്റൊരു ആയൂർവേദ ചികിത്സാ സംവിധാനം സർക്കാർതലത്തിൽ ആരംഭിക്കണം.

പഞ്ചായത്തിലെ 8-ാം വാർഡിൽ സ്ഥിതിചെയ്യുന്ന മാതൃശിശുക്ഷേമ കേന്ദ്രം P.H.C ആയി ഉയർത്തണം. അതുപോലെതന്നെ ചികിത്സാർഗത്തമ വളരെ ഗുണം ചെയ്യുന്ന ഒരു സംവിധാനമാണ്. "ഹെൽത്ത് കാർഡ്" ചികിത്സക്കായി എത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യനിലയെക്കുറിച്ചുള്ള വിവരങ്ങൾ രോഗനിർണ്ണയം വേഗത്തിലും കുറ്റമറ്റതാക്കുന്നതാനും ഇതു സഹായിക്കും. രക്തഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഈ കാർഡിൽ രേഖപ്പെടുത്താവുന്നതാണ്.

രക്തദാനവും. നേത്രദാനവും മറ്റും നടത്തുന്നതിന് പഞ്ചായത്തു തലത്തിൽ ഒരു സന്നദ്ധസേനയെ രൂപികരിച്ചെടുക്കുക. അതുപോലെ തന്നെ ഉച്ചസ്ഥായീരോങ്ങളായ കാൻസർ, ക്ഷയം എന്നിവമൂലം ദുരിതം അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ചികിത്സക്കുസഹായകരമാകത്തക്ക വിധത്തിൽ സൊസൈറ്റികൾ രൂപികരിച്ചു സാമ്പത്തിക പിന്നോക്കാവസ്ഥ മൂലം ചികിത്സ അപ്രാപ്യനായവർക്ക് ചികിത,ആ ലഹായപദ്ധതി ആവിഷ്കരിച്ചു നടപ്പിൽ വരുത്തുക. ( ഈ ആവശ്യത്തിലേക്കായിസന്നദ്ധ സംഘടനകളുടേയും Rottary Club, Lions Club എന്നി സംഘടനകളുടേയും സഹായം നേടാവുന്നതാണ്.

| പ്രശ്ന മേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|
| ഈ വാർഡിൽ ചൂരല്ലാക്കൽ ഭാഗത്ത് ശുദ്ധജല ക്ഷാമം ഉണ്ട് | K.W.A പൈപ്പ് ലൈൻ നീട്ടുക |
| ഈ വാർഡിൽ വീയപുരം റോഡിന്റെ ഇരുവശത്തും പാട്ടുകാരൻ പറമ്പ് ലക്ഷം വീട് കോളനി പ്രദേശത്തും ശുദ്ധജല ക്ഷാമം ഉണ്ട്. | K.W.A യുടെ പൈപ്പ്ലൈൻ നീട്ടുക കുഴൽകിണർ സന്മതാപിക്കുക. |
| ഈ വാർഡിൽ കാട്ടിൽ കിഴക്കതിൽ ഭാഗത്തും ആന്താലൂൽ ഭാഗത്തും കൊട്ടക്കാട് വടക്കുഭാഗത്തും ശുദ്ധജല ക്ഷാമം ഉന്ട്. | ഇത് വരെ കുടിവെള്ളം എത്താത്ത സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടി കുടിവെള്ളമെത്തിക്കുക കുഴൽ കിണറുകൾ വേണ്ടിടത്ത് കുഴൽകിണറുകൾ സ്ഥാപിക്കുക. |
| താലൂക്കാശുപത്രി മുതൽ പടിഞ്ഞാറോട്ടും മെക്രോവേവ് ഭാഗവും B.H.S വരെയുമുള്ള പ്രദേശത്തും ശുദ്ധജല ക്ഷാമം ഉണ്ട്. | K.W.A പൈപ്പ് ലൈൻ നീട്ടുക. കുഴൽ കിണറുകൾ സ്ഥാപിക്കുക |
| ഈ വാർഡിൽ ഇന്നുവരെ പൈപ്പ് ലൈൻ എത്തിട്ടില്ല | ഈ വാർഡിലെ കിണറുകളിലെ ജലത്തിൽ എന്തോരാസപ്രവർത്തനം സംഭവിക്കിന്നതായി കാണുന്നു. പൊതുകളിസ്ഥത്ത് സന്മതാപിച്ചിട്ടുള്ള കുഴൽ കിണറിലെ വെള്ളം സ്റ്റോർ ചെയ്യുന്നതിന് ടാങ്ക് സ്ഥാപിച്ച് ഈ വാർഡിലും മറ്റ് വാർഡുകളിലും എത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക കിണറിലെ വെള്ളം പരിശോധനാവിശേയമാക്കുക. |

നക്രാത്ത് ലക്ഷം വീട് കോളനി പട്ടികജാതി കോളനി ചക്കുർമഠം കോളനി മല്ലള്ളേരി കോളനി പ്ലാക്കോട്ട് കോളനി മഠത്തിൽ പറമ്പിൽ കോളനി എന്നിവടങ്ങളിൽ ശുദ്ധജലക്ഷാമ ഉണ്ട്.

K.W.A പൈപ്പെ ലൈൻ നീട്ടുക. കോളനികളിലെ കിണറുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുക കുഴൽകിണറുകൾ സന്മതാപിക്കുക.

തോണ്ടതെക്കതിൽ കോളനി, പുത്തിക്കായ് ജംഗ്ഷൻ മുതൽ മണ്ണാച്ചാൽ ജംഗ്ഷൻ വരെയും തുക്കയിൽക്ഷേത്രം മുതൽ പരുവേൽ ജംഗ്ഷൻ വരെയും അവിടെ നിന്ന് വൈരവനക്കടവ് വരെയും

ഈ വാർഡിലെ നിലവിലുള്ള പൈപ്പുലൈനുകൾ നീട്ടിക്കൊടുക്കുകയും മറ്റ് ഭാഗങ്ങളിൽ കുഴൽ കിണറുകളും സ്ഥാപിക്കുകയും ചെയ്യുക. പുന്നൂർ മഠം മുതൽ വടക്കോട്ട് പടിക്കവള്ളി കിഴക്കേ കോളനി വരെ പൈപ്പ് ലൈൻ നീട്ടുക.

പ്രശ്ന മേഖല

നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം

മണ്ണാറാശാല മുതൽ തെക്കോട്ട് ആൽത്തറവരെയും പാളയത്തിൽ പടിഞ്ഞാരുവശം മുതൽ പഞ്ചവടി വരെയും ചമ്മാത്ത് മുതൽ പുല്ലാംവഴി വരെയും കിടിവെള്ളക്ഷാമം ഉള്ള പ്രദേശം

നിലവിലുള്ള പൈപ്പ്ലൈനുകൾ നീട്ടികൊടിക്കുകയും കുഴൽ കിണറുകലും കിണറുകളും സ്ഥാപിക്കുകയും ചെയ്യുക. ഡാണാപ്പടി പാലം മുതൽ വടക്കോട് തോട്ട് ചിറയിൽകൂടി വൈരവനക്കടവ് വരെയുള്ള പുതിയ റോഡിൽ പൈപ്പു ലൈനുകൾ സ്ഥാപിക്കുക. വാഴക്കിലിൽ ജംഗ്ഷൻ മുതൽ കിഴക്കോട്ട് മണ്ണാറശാല തെക്കുവശം വരെ പൈപ്പ്ല് ലൈൻ നീട്ടുക.

N.H ൽ നിന്ന് തെക്കോട്ട് മാലേത്ത് ലക്ഷം വീട് കോളനി വരെയും കാർത്തികപ്പള്ളി പഞ്ചായത്തിന്റെ വടക്കേ അതിർത്തി മുതൽ വടക്കോട്ട് പുത്തൻപുരയിൽ ലക്ഷം വീടുവരെയും മാർക്കറ്റ് സൊസൈറ്റി മുതൽ ഡാണആപ്പടി മാർക്കറ്റ് വരിയും സെൻട്രൽ സ്വാമിൽ മുതൽ തെക്കോട്ട് താഴവന ജംഗ്ഷൻ വരെയും കുടിവെള്ളക്ഷാമ ഉള്ള പ്രദേശം.

പൈപ്പ് ലൈനുകൾ സ്ഥാപിക്കുക, കുഴൽ കിണറുകൾ സ്ഥാപിക്കുക. പൊതു കിണറുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുക.

# 5.6 ഗതാഗതം, ഊർജം, മാർക്കറ്റ്

## ഗതാഗതം

വികസനത്തിന്റെ പാതയിലെ സുപ്രധാന ഘടകമാണ് റോഡ്. സഞ്ചാരം, കൃഷി, വ്യവസായം, ആരോഗ്യം തുടങ്ങി ഇപ്പോൾ എല്ലാ മേഖലകളിലെയും വളർച്ചയ്ക്ക് റോഡിന്റെ ഉപയോഗം വളരെവലുതാണ്. ഇപ്പോൾ എല്ലാ വീടുകളുടെയും മുന്നിൽകൂടി ഒരു പൊതുവഴി ഉണ്ടാകണം എന്ന ആഗ്രഹമാണ് ഈ പഞ്ചായത്തിൽ പൊതുവേ ഉണ്ടായി കാണുന്നത്. വർദ്ധിച്ചുവരുന്ന കുടുംബങ്ങളുടെ ഇപ്പോൾ എല്ലാ  ആഗ്രഹം സന്തമായി ഒരു വീടും സഞ്ചരിക്കരുവാൻ സ്വാതന്ത്ര്യമുള്ള ഒരു വഴിയും എന്നുള്ളതാണ്. പൊതുവേഉള്ള അവസ്ഥയിൽനിന്നും മനസ്സിലാക്കുവാൻ കഴിയുന്നത്. ഈ ഒരു സാഹചര്യം നിലനിൽക്കുമ്പോഴാണ് ഗതാഗതത്തിന്റെ സമഗ്രമായ വികസനം എന്ന ലക്ഷ്യം നമുക്ക് സാക്ഷാത്കരിക്കേണ്ടതായി വന്നിരിക്കുന്നത്. ഈ ലക്ഷ്യത്തിന്റെ ഈ ലക്ഷ്യത്തിന്റെ പൂർണ്ണത കൈവരിക്കുക എന്നുള്ളകാര്യം വൈഷമ്യമുള്ള ഒന്നുതന്നെയാണ്. അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന മറ്റുമേഖലകളുടെ വികസനത്തോടൊപ്പം ഗതാഗത സൗകര്യങ്ങളുടെ വികസനം മേൽപറഞ്ഞ കാരണങ്ങളാൽ പ്രാധാന്യം കുറച്ചുകാണുവാൻ പറ്റുന്നതല്ല. ഗതാഗതത്തിന്റെ വികസനം എന്ന ലക്ഷ്യം കുറേക്കൂടി വേഗതയിലാക്കുവാൻ ധാരാളം മാർഗ്ഗങ്ങളാണ് നമ്മുടെ മുന്നി ലുള്ളത്. അതിൽ പ്രധാനമായുള്ളത് അധികാര കേന്ദ്രങ്ങളിൽനിന്നും അനുവദിക്കുന്ന സഹായത്തിന്റെ പൂർണ്ണമായുള്ള ഉപയോഗപ്പെടുത്തലാണ്. എല്ലാ മേഖലകളിലും അനുവദിക്കുന്ന ധനസഹായത്തിന്റെ ദുരുപയോഗം വ്യാപകമായിരിക്കുന്നത് കർശനമായി തടയണം. ചെയ്യുന്ന വേലകൾ ബലമായും സ്ഥിരമായും ചെയ്യുക എന്നുള്ളതാണ് മറ്റൊരു പ്രധാനകാര്യം. ഇതും വളരെയധികം പ്രാധാന്യമർഹിക്കുന്നു. റോദുകളുടെ വികസനത്തിന് പല അനുബന്ധ ഘടകങ്ങളും ഉണ്ട്. എന്നാണ് പൊതുവേ കണ്ടുവരുന്നത്. എല്ലാ റോഡുകളുടെയും ശോച്യാവസ്ഥയ്ക്കു കാരണം റോഡിൽ വെള്ളം കെട്ടിനിൽക്കുന്നു എന്നുള്ളതാണ്. പക്ഷേ റോഡിന്റെ പ്രവർത്തവും റോഡിന്റെ ബലം വരുത്തുന്ന പ്രവർത്തനവും ഒരേ സമയം ചെയ്താൽ മാത്രമേ ഗുണകരമാവുകയുള്ളൂ. ഇത് ഇല്ലാത്ത രീതിയിൽ ചെയ്യുന്ന വേലകൾക്ക് മുടക്കുന്ന ഫണ്ടുകൾ പാഴായി പോകുന്ന അവസ്ഥ ഉണ്ടാകുന്നു. ടാറിംഗ് ആയാലും, ഗ്രാവലിംഗ് ആയാലും സ്ഥിരമായ സംവിധാനം ഉണ്ടാക്കിയാൽ ഒരു പരിധിവരെ അറ്റകുറ്റ പണികൾക്ക് വർഷം തോറും അമിതമായി ചെലവഴിക്കുന്ന രീതി ഒഴിവാക്കുവാൽ സാധിക്കും. ഈ പഞ്ചായത്തിന്റെ അവസ്ഥ പരിശോധിച്ചാൽ വളരെ ചുരുക്കം റോഡുകളിൽ മാത്രമേ ഇപ്പോൾ ഓട സംവിധാനം ഉള്ളൂ. ഉള്ളവയുടെ നിർമ്മാണം ഉപയോഗിക്കാവുന്ന അവസ്ഥയിലും അല്ലാത്ത സ്ഥിതിയിലാണ്. ഏതു വികസന പ്രവർത്തനവും അതാതു പ്രദേശത്തെ ഭൂമിയുടെ അവസ്ഥകൾ അറിയാവുന്ന ജനങ്ങളോടുപോലും അഭിപ്രായം ചോദിക്കാതെ നടത്തിയതാണ്. ഈ പോരായ്മകൾക്കെല്ലാം കാരണം ഇതും മാറിയെടുക്കേണ്ടതാണ്. പഞ്ചായത്തിന്റെ റോഡുകളിൽ കലിംങ്കുകൾ, പീച്ചിംഗുകൾ പോലെയുള്ള ആവശ്യങ്ങൾ ധാരാളമായി കാണുന്നു. പുതിയ വഴികൾ നിർമ്മിച്ചുകൊടുക്കണമെന്ന ആവശ്യങ്ങളും ധാരാളമാണ്. പഢ്ചായത്തിൽ വിവിധ രീതികളിൽ ചെയ്യേണ്ട വികസന പ്രവർത്തനങ്ങളെക്കുറിച്ച് നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്.

## ഗ്രാമ സഭകളിലെ നിർദ്ദേശങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

### വാർഡ്-1

1 നെല്ലൂരക്കടവുമുതൽവടക്കോട്ട് പിലാപ്പുഴ വടക്ക് ഹരിജൽ കോളനി വരെയുള്ള റോഡ് മണ്ണിട്ടുയർത്തി ടാർ ചടെയ്യുക.

2 കോളനിയുടെ വടക്കേയറ്റം മാലിയിൽ കടവിൽ വാഹനങ്ങൾ തിരിക്കുന്നതിന് സൗകര്യമുണ്ടാക്കുക.

3 മാങ്കാംകുളങ്ങര ക്ഷേത്രം മുതൽ കിഴക്കോട്ട് അരനാഴികക്കടവുക്ഷേത്രം വരെയുള്ള റോടും ഹരിജൻ കോളനി വരെയുള്ള റോഡും ടാർ ചെയ്യുക.

4. പിലാസെന്റ് മേരീസ് ചർച്ച് മുതൽ കിഴക്കോട്ട് വല്യത്ത് ഹരിജൻ കോളനി-പള്ളി സെമിത്തെരി റോഡിന്റെ ഉദ്ധാരണ പണികൾ നടത്തുക.

5. ഒന്നും മൂന്നും വാർഞുകളിൽ കൂടി പോകുന്ന മണിവേലിലേക്കുമുതൽ കിഴക്കോട്ട് ചൂരല്ലായ്ക്കൽ വരെയുള്ള റോഡിൽ സൈഡ് വാൾ കെട്ടി ടാർ ചെയ്യുക (നേരത്തെ N.R.E.P യിൽ തീർത്ത റോഡാണ്)

6. കുറ്റിക്കാട്ടു ലക്ഷം വീടുമുതൽ വടക്കോട്ട് ചിറയിൽ വീടുവരെയുള്ള റോഡിന്റെ അറ്റുകുറ്റ പണികൾ നടത്തുക.

7. റ്റി. ബി. മുതൽ വടക്കോട്ടു മാങ്കാകുളം വരെയുള്ള റോഡിന്റെ അറ്റു കുറ്റ പണികൾ നടത്തുക.

8. ചെങ്ങാരപ്പള്ളി റോഡുമുതൽ കിഴക്കോട്ടു കരടുപള്ളി വരെയുള്ള റോഡിന്റെ സംരക്ഷണ പണികൾ നടത്തുക.

9. കരടു പള്ളി തെക്കുവശത്തെ നടപ്പാലത്തിന്റെ അറ്റകുറ്റപണികളും നടപ്പാതയ്ക്ക് സൈഡ് വാൾ കെട്ടുകയും ചെയ്യുക.

10. ആരൂർ പടിമുതൽ കിഴക്കോട്ടു പുളിമൂട്ടിൽ പടി വരെയുള്ള റോഡിന്റെ സംരക്ഷണ പണികൾ നടത്തുക

11. പട്ടശ്ശേരി പടിമുതൽ കിഴക്കോട്ടുകടവിൽ പടി വരെയുള്ള റോഡിന്റെ അറ്റകുറ്റ പണികൾ നടത്തുക

12. കോയിപ്പള്ളി മുക്കുമുതൽ അരനാഴിക സങ്കേതം റോഡ് കിഴക്കു കടവുവരെ മണ്ണിട്ടു യർത്തി സഞ്ചാര യോഗ്യമാക്കുക.

13. ചൂരല്ലാക്കൽ പാലംമുതൽ വടക്കോട്ട് റോഡ് മണ്ണിട്ടുയർത്തി സഞ്ചാര യോഗ്യമാക്കുക.

14. മൂടയിൽ പടടി മുതൽ കിഴക്കോട്ട് സെന്റെ് മേരീസ് പള്ളി വരെ റോഡ് നിർമ്മാണം.

### രണ്ടാം വാർഡ്

1. കോമളത്തു കുളങ്ങര ജംഗ്ഷൻ മുതൽഅരൂർ സ്ക്കൂൾ വരെയുള്ല റോഡ് സഞ്ചാര യോഗ്യമാക്കുക.

2. വാഴപ്പള്ളി ജംഗ്ഷൻ മുതൽ അരൂർ ജംഗ്ഷൽ വരെയുള്ള റോഡ് മെറ്റലിംഗ് കഴിഞ്ഞ് കിടക്കുന്നതിനാൽ ടാർ ചെയ്യുക.

3. കാട്ടുപറമ്പിൽ ജംഗ്ഷൻ മുതൽ വടക്കോട്ട് കുരുമ്പോലേത്ത് ജംഗ്ഷൻ വരെയുള്ള റോഡ് സഞ്ചാര യോഗ്യമാക്കുകയും റെയിൽ വേക്രോസിന് കിഴക്കുവശമുള്ള ഭാഗം പീച്ചിംഗ് കെട്ടി സൂക്ഷിക്കുകയും ചെയ്യുക.

4. തൃപ്പക്കൂടം ജംഗ്ഷൻ മുതൽ വടക്കോട്ട് കുരുമ്പോലേത്ത് ജംഗ്ഷൽ വരെയുള്ള റോഡ് സഞ്ചാര യോഗ്യമാക്കുകയും ഈറോഡിന്റെ മദ്ധ്യഭാഗമായ കൊച്ചിപാലത്തിന്റെ

ഇരുമ്പു സൈഡും പീച്ചിംഗ് കെട്ടി ബലപ്പെടുത്തുകയും ചെയ്യുക.

5. വല്യവീട്ടിൽ ജംഗ്ഷൽ മുതൽ അരൂർ സ്ക്കൂൾ വരെയുള്ള റോഡ് ഉയർത്തി സഞ്ചാര യോഗ്യമാക്കുക.

6. കാങ്കോലിൽ ജംഗ്ഷൽ മുതൽ പുല്ലാംകുഴി ജംഗ്ഷൻ വരെനാട്ടുകാർ വെട്ടിയറോഡ് പഞ്ചായത്ത് ഏറ്റെടുത്ത് സഞ്ചാര യോഗ്യമാക്കുക

7. കുറേശ്ശരി പടിമുതൽ കിഴക്കോട്ട് പ്ലാമൂട്ടിൽ പടി (റ്റി. ബി) വരെയുള്ള റോഡ് ഉയർത്തി സഞ്ചാരയോഗ്യമാക്കുക.

8. അരൂർ സ്ക്കൂൾ മുതൽ വടക്കോട്ട് കവിയിൽ പറമ്പിൽ ലക്ഷം വീട് വരെയുള്ള സഞ്ചാരയോഗ്യമാക്കുക.

9. വാതുകുളങ്ങര ക്ഷേത്രത്തിന്റെ പടിഞ്ഞാറുവശം കുളത്തിന്റെ സൈഡ് പീച്ചിംഗ് കെട്ടി ബലപ്പെടുത്തുക

10. ആരൂർ സ്ക്കൂളിന്റെ തെക്കുവശത്ത് കിഴക്കോട്ട് റെയിൽ വേലൈൻ വരെ നീരൊഴുക്കു സൗകര്യത്തോടുകൂടി റോഡ് സഞ്ചാര യോഗ്യമാക്കുക.

11. മാങ്കാംകുളങ്ങര റെയിൽ വേ ക്രോസിന് പടിഞ്ഞാറുവശം തെക്കോട്ട് യു. പി. സ്ക്കൂൾവരെയും വടക്കോട്ട് ചെറിയിലെത്ത് ജംഗ്ഷൻ വരെയുള്ള റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് സഞ്ചാരയോഗ്യമാക്കുക.

12. ആരൂർ സ്ക്കൂളിന്റെ തെക്കുവശം നന്ദാവനം വീടിന് വടക്കുവശത്തുകൂടി കിഴക്കോട്ട് റെയിൽ വേലൈൻ വരെ നാട്ടുകാർ വെട്ടിയ റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് സഞ്ചാരയോഗ്യമാക്കുക.

13. കാട്ടേത്ത്പടിമുതൽ വടക്കോട്ട് കുന്നത്ത് പടി വരെയുള്ള റോഡ് വടക്കോട്ട് പുത്തൻ പുരയ്ക്കൽ പടിവരെ യോജിപ്പിച്ച് സൈഡ് പീച്ചിംഗ് കെട്ടി ബലപ്പെടുത്തുക.

മൂന്നാം വാർഡ്

1. ടൗൺമുസ്ലീം പള്ളി മുതൽ കിഴക്കോട്ട് റെയിൽ വേലൈൻ വരെ ടാർ ചെയ്യുക.

2. നെടുംതറ മുതൽ കോലച്ചൻ തറ വരെ ടാർ ചെയ്യുക.

3. പൈങ്ങാലിൽ വടക്കുവശം മുതൽ കാചട്ടിൽ കിഴക്കേതിൽ വരെ ടാർ ചെയ്യണം.

4. U.P.S-ന്റെ കിഴക്കു വശത്തു കൂടി തെക്കോട്ടു വലിയ വീടു വരെ ഉള്ള റോഡ്ടാർ ചെയ്യണം.

5. ടൗൺ മുസ്ലീം L.P.S ന് വടക്കു വശത്തുകൂടി മുസ്ലീം പള്ളി വരെ പോകുന്ന റോഡ് റെയിൽവെ ലൈൻ വന്നതു മൂലം ഉപയോഗ ശൂന്യമാണ്. ഈ അവസ്ഥ പരിഹരിക്കുക.

7. നെടുംതറമുതൽ ചാക്കാട്ടു വരെയുള്ള റോഡിന്റെ സൈഡിൽ പിച്ചിങ്ങ് കെട്ടിസംരക്ഷിക്കുക.

8. M.L.A റോഡിൽ നിന്നും നേരിയം പള്ളി ലക്ഷംവീടെ വരെയുള്ള –കോളനിയിലേക്കുള്ള റോഡ് വീതികൂട്ടി പിച്ചിങ്ങ് കെട്ടി സംരക്ഷിക്കുക.

9. പൈങ്ങാലിൽ തെക്കുവശം മുതൽN.S.S-ന്റെ കരയോഗം വരെയുള്ള റോഡ് ഉയർത്തി ടാർ ചെയ്യുക.

10. കുടിലിൽ തോടിന് കുറുകേ പതുക്കാട്ടു പുറകിൽ പാലം നിർമ്മിച്ച് സഞ്ചാര യോഗ്യമാക്കണം.

11. കാട്ടിൽമുക്കിൽ നിന്ന് പടിഞ്ഞാറോട്ടു പത്തോളിൽ വരെ റോഡ് ഉയർത്തി വെള്ളപ്പൊക്കത്തിൽനിന്ന്സംരക്ഷിക്കണം.

12. നടുവിലേത്തു മുതൽ തെക്കോട്ടു കാട്ടിൽ കിഴക്കേതു മുക്ക് വരെയും അവിടെ നിന്ന് കിഴക്കോട്ടുകുടിലിൽ തോടുവരെയും ഉള്ള റോഡ് ഉയർത്തി മെറ്റൽ ചെയ്തു ടാർ ചെയ്യുക.

### വാർഡ് –4

1. ഹരിപ്പാട് G.H.S ന് കിഴക്കു വശത്തുകൂടി വടക്കോട്ടു അമ്പലപ്പാട്ട് കുളം വരെയുള്ള A.K.Gറോഡ് ഗ്രാവലിട്ട് ഉയർത്തി ടാർ ചെയ്യുണം(750 മീറ്റർ)
2. ടൗൺ ഹാൾ ജംഗ്ഷന് കിഴക്ക് വശത്തു കൂടി വടക്കോട്ടുള്ള Link Road (നഗരി ക്ഷേത്രത്തിന് പടിഞ്ഞാറ് വശത്തത്തു കൂടി വടക്കോട്ട്) ടാർ ചെയ്യണം(500 മീറ്റർ)
3. N.H. ൽ നിന്നും താലൂക്ക് ആഫീസിലേക്കു പോകുന്ന മൈക്രോവേവ് റോഡ് റീമെറ്റൽ ചെയ്ത് ടാർ ചെയ്യണം (400 മീറ്റർ)
4. A.K.G. റോഡിൽ'സ്വപ്നം'വീടിന് തെക്കു വശത്തുകൂടി പെരുങ്കുളം റോഡ് വരെയുള്ള റോഡ് മണ്ണിട്ട് ഉയർത്തി മേറ്റൻ .ചെയ്തു ടാർ ചെയ്യണം.
5. കീഴ്തൃക്കോവിൽ അമ്പലത്തിനു കിഴക്ക്വശത്തു കൂടി ഉള്ള റോഡ് മണ്ണിട്ട് ഉയർത്തി ഗ്രാവൽ ചെയ്തു ടാർ ചെയ്യുക. (500 മീറ്റർ )
6. A.K.G. റോഡിൽ നിന്നും കിഴക്കോട്ടു 'മാമച്ചൻ തറ'വരെയുള്ള മണ്ണിട്ട് ഉയർത്തി ഗ്രാവൽ ചെയ്തു ടാർ ചെയ്യുക.(500മീറ്റർ )
7. കച്ചേരി ജംഗ്ഷൻ മുതൽ വയക്കോട്ടു State Highwar വരെയുള്ള റോഡ് അറ്റകുറ്റപ്പണിനടത്തി സഞ്ചാരയോഗ്യമാക്കുക.
8. ഹരിപ്പാട് ക്ഷേത്രത്തിന്റെ തെക്കേ നടയിൽ നിന്നും തെക്കോട്ട് നാളണൽ ഹൈവേ വരെയുള്ള മണ്ണിട്ട് ഉയർത്തി ഗ്രാവൽ ചെയ്തു ടാർ ചെയ്യുണം.
9. ഹരിപ്പാട് ക്ഷേത്രകത്തിന് മുൻവശത്തുകൂടി തെക്കോട്ടുള്ള അഴുക്ക് ചാൽ (പിള്ളത്തൊട്) വൃത്തിയാക്കിപിച്ചിങ്ങ് കെട്ടി ഓടയ്ക്ക് മുകളിൽ സ്ലാബു നിരത്തിയാൽ ക്ഷേത്രത്തിനു കിഴക്ക് വശത്തു നിന്നുംN.H 17ൽ എത്താനുള്ള ഒരു നല്ല റോഡ് നിർമ്മിക്കാൻ കഴിയും.
10. അമ്പലപ്പാട്ടു കളത്തിന് പിച്ചിങ്ങ് കെട്ടി ചുറ്റുമുള്ള റോഡ് സംരക്ഷിക്കുക.
11. തിരുവിലഞ്ഞാൽ ക്ഷേത്രത്തിലേക്കുള്ള ആറാട്ടു വഴി സഞ്ചാര്യയോഗ്യമാക്കുക.
12. മൈക്രോവേവ് സ്റ്റേഷൻ റോഡിൽ നിന്നും പടിഞ്ഞാറോട്ട് B.H.S. വരെയുള്ള പഞ്ചായത്ത് റോഡ് മുഴുവനും ഗ്രാവലിട്ടു ഉയർത്തി സഞ്ചാരയോഗ്യമാക്കുക.

### വാർഡ് 5

1. കോട്ടയ്ക്കത്തെ മുക്ക് മുതൽ വെള്ളാന ജംഗ്ഷൻ വരെയുള്ള റോഡ് സഞ്ചാര്യയോഗ്യമാക്കുക. (മണ്ണിട്ട് ഉയർത്തി മെറ്റൽ ചെയ്ത് ടാർ ചെയ്യുക )
2. പൈരേത്ത് കിഴക്ക് വശത്തുനിന്നും കിഴക്കോട്ട് N.H ലേക്ക് വർഷങ്ങളായി ഉണ്ടായിരുന്ന പൊതുവഴി സ്വകാര്യവ്യക്തി വേലി കെട്ടി കൈവശപ്പെടുത്തിയിരിക്കുന്നു ഭാഗം തിരികെ എടുത്ത് സഞ്ചാര്യയോഗ്യമാക്കുക

3. വടക്ക് തൃപ്പക്കുടം ക്ഷേത്ര ജംഗ്ഷനിൽ നിന്നും തെക്ക് കോളോത്ത് ക്ഷേത്രം വരെയുള്ള ഭാഗത്ത് ഡ്രെയിനേജ് സൗകര്യം ഉണ്ടാക്കി വെള്ളം ഒഴിഞ്ഞു പോകാനുള്ള ഓടകൾ കലിങ്കുകൾ ഇവ സ്ഥാപിക്കുക.

4. ടി. വാർഡിലെ ജനങ്ങളുടെ പ്രധാന സഞ്ചാര മാർഗ്ഗങ്ങളിലും ജംഗ്ഷനുകളിലും നിയോൺ മെർക്കുറിലൈറ്റുകൾ സ്ഥാപിക്കുന്നതിന് 25 ലൈറ്റുകൾ അനുവദിക്കുക.

5. പഞ്ചായത്ത് വകയും അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്നതുമായ പൊതുകുളി സ്ഥലത്തിനു ചുറ്റും ചുറ്റുമതിൽ കെട്ടിയും, നിരപ്പ് വരുത്തിയും, രാത്രിയിൽ പ്രകാശം ലഭിക്കുന്നതിന് ആവശ്യമായ ഫ്ലെഡ്ലൈറ്റുകൾ സ്ഥാപിക്കുക.

6. കുളി സ്ഥലത്തു സ്ഥാപിച്ചിട്ടുള്ള വാട്ടർ സപ്ലൈ സ്കീം പ്രയോജനപ്പെടുത്തുന്നതിനുള്ള ടാങ്ക്സ്ഥാപിച്ചും, പമ്പ് സെറ്റ് സ്ഥാപിച്ചും ശുദ്ധജലവിതരണം വ്യാപകമാക്കുക.

7. ഹരിപ്പാട് വഴി ചെറുതനക്കടവിലേക്കു തിരിച്ച് പോകുന്ന എല്ലാ ബസുകളും കച്ചേരിപ്പടിക്കൽ നിന്നുംകോളോത്ത് ക്ഷേത്രം, തൃപ്പക്കുടം ജംഗ്ഷൻ വഴി ബ്രഹ്മാനന്ദം സ്ക്കൂൾ വഴി സൗകര്യം ഉണ്ടാക്കുക.

8. കടത്തപ്പറമ്പ് ജംഗ്ഷനിൽ നിന്നും കിഴക്കോട്ടുള്ള റോഡിൽ തിരുമംഗലത്ത് വീടിന്റെ കിഴക്ക് വശംറോഡിന്റെ വടക്കേ സൈഡിൽ ഉദ്ദേശം 10 കി.മി. നീളത്തിൽ പിച്ചിങ്ങ് കെട്ടി കിഴക്കോട്ട് N.Hൽവന്ന് മുട്ടിക്കുക.

9. വീയപുരം–ഹരിപ്പാട് റോഞിൽ നിന്നും മധുഭവൻ വീടിനു തെക്കു വശത്തു നിന്നും ആരംഭിച്ച് മിത്രാലയത്തു പടി വഴി പനമൂടു ജംഗ്ഷൻ വരെയുള്ള റോഡ് ഗ്രാവൽ ചെയ്ത് ഉയർത്തി ടാർ ചെയ്യുക.

10. ആമ്പാടി ജംഗ്ഷൻ മുതൽ കിളിയ്ക്കാകുളങ്ങര വരെയുള്ള റോഡ് ടാർ ചെയ്യുക. പിച്ചിങ്ങ് കെട്ടിവെള്ളം ഒഴുകുന്നതിന് സൗകര്യപ്പെടുത്തുക.

11. കോളോത്ത് കിഴക്ക് വശത്ത്നിന്നും എടയ്ക്കാകണ്ടി വരെയുള്ള 300 മീറ്റർ റോഞ് ടാർ ചെയ്യുക.

12. തൃപ്പക്കുടം ക്ഷേതത്തിന് തെക്കുവശത്തു നിന്നും ആരംഭിച്ച് മുടീക്കാവ് ജംഗ്ഷൽ വരെയും അവിടെ നിന്നും കാദംബരി വീടിന് സമീപത്തു കൂടി വടക്കോട്ട് ചോടോപ്പള്ളിൽ മുക്ക് വരെയുള്ള റോഡ് ഗ്രാവൽ ചോയ്ത് ടാർ ചെയ്യുക.

13. പനമൂട്ടിൽ ജംഗ്ഷിനിൽ നിന്നും പടിഞ്ഞാറോട്ട് മുണ്ടയ്ക്കൽ ക്ഷേത്രത്തിന് മുൻവശത്തു കൂടി കൊട്ടാരത്തിൽ പറമ്പിൽ ലക്ഷം വീട് വരെയുള്ള റോഡ് ടാർ ചെയ്യുക.

14. ജല നിർഗ്ഗമന ചാലുകൾ മണ്ണുമാറ്റി ആഴം കൂട്ടി പ്രയോജനപ്പെടുത്തുക.

15. ,വെള്ളാന ജംഗ്ഷന് പടിഞ്ഞാറ് തെക്കായി താമസിക്കുന്ന ജനങ്ങൾക്ക് ഒരു വഴി തോടിന് കുറുകേ സ്ലാബിട്ട് സഞ്ചാരയോഗ്യമാക്കുക.

16. കോമളത്തു കുളങ്ങരയിൽ നിന്നും പടിഞ്ഞാറോട്ട് വന്ന് കോളാത്തു വഴി തൃപ്പക്കുടത്തിനു വരുന്ന റോഡ് റിപ്പയർ ചെയ്യുക.

<u>വാർഡ് 6</u>

1. കറുക പമ്പ് മുക്ക് മുതൽ ചക്കാല പറമ്പ് മുക്ക് വരെയുള്ള റോഡ് ടാർ ചെയ്യണം.

2. 6,7,8 വാർഡുകളിലുള്ള മണ്ണാറശ്ശാല –തൃക്കിയിൽ ക്ഷേത്രം വരെയുള്ള റോഡ് ടാർ ചെയ്യണം.

3. കോയിക്കപ്പറമ്പ് മുക്ക് മുതൽ പുന്നൂർമഠം വരെയുള്ള റോഡ് ടാർ ചെയ്യണം.

4. 5,6 വാർഡിലൂടെ കിളിയ്ക്കാകുളങ്ങര മുതൽ അമ്പാടി മുക്ക് വരെയുള്ള റോഡ് ടാർ ചെയ്യുണം.

5. കുട്ടത്തേത്ത് പടിഞ്ഞാറ് മാറി വടക്കോട്ടുള്ള റോഡ് ഉയർത്തുക.

6. പുന്നൂർമഠം മുതൽ വടക്കോട്ടുള്ള റോഡ് ഉയർത്തുക.

7. ചക്കൂർമഠം ലക്ഷംവീട് കോളനിയിലേക്കുള്ള റോഡുയർത്തുക.

8. കാക്കപ്പറമ്പിൽനിന്നും കിഴക്കോട്ടുള്ള ഇടവഴി വൃത്തിയാക്കി സൈഡിൽ പിച്ചിങ്ങ് കെട്ടി ഉയർത്തുക.

9. ചക്കാലപ്പറമ്പിൽ നിന്നും വടക്കോട്ട് കുട്ടത്തേതിൽ ജംഗ്ഷൻ പടിഞ്ഞാറ് വശത്ത് എത്തുന്ന റോഡ് ഗ്രാവൽ ചെയ്യുയർത്തുകയും, മെറ്റൽ ചെയ്യും. കുളത്തിന്റെ സൈഡ് പിച്ചിങ്ങ് കെട്ടി സംരക്ഷിക്കുകയും ചെയ്യുക.

10. പുലിപ്രഭാഗത്തേക്ക് പുതിയ റോഡ് വെട്ടുക.

11. നക്രാത്ത് കോളനിയിലേക്കുള്ള റോഡ് വടക്കേയറ്റം വരെ മുട്ടിക്കുക.

12. നാഗാലിൽ തെക്കുവശത്തുള്ള റോഡ് മണ്ണാറശ്ശാലയിൽ നിന്നും വടക്കോട്ടു വരുന്ന റോഡിൽ മുട്ടിച്ച് സൈഡിൽ പിച്ചിങ്ങ് കെട്ടുക.

13. തേവലപ്പുറത്ത് തെക്കു മാറ്റി കിഴക്കോട്ടു വെട്ടിയ റോഡ് കിഴക്ക് ആയാപറമ്പ് റോഡിൽ എത്തിച്ച് സൈഡിൽ പിച്ചിങ്ങ് കെട്ടുക.

14. ചക്കാലപ്പറമ്പിൽ തെക്കു ഭാഗത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് യാത്രാ സൗകര്യം ഉണ്ടാക്കുക.

15. കുട്ടത്തേത് മുക്കിൽ പടിഞ്ഞാറ് മാറി വടക്കോട്ടു പോകുന്ന റോഡിന്റെ മദ്ധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന പടിഞ്ഞാറോട്ടു തിരിയുന്ന ഇടവഴി സഞ്ചാരയോഗ്യമാക്കുക.

16. പുതുപ്പുരയ്ക്കൽ പടിഞ്ഞാറ് വശത്തുള്ള കുടുംബത്തിന് വഴി ശരിയാക്കി കൊടുക്കുക.

17. ഹരിപ്പാട് ആയാപ്പറമ്പ് റോഡിലുള്ള റെയിൽവേ റോഡിൽ തെക്കു ഭാഗത്തു കൂടി പുതുതായി 30 മീറ്റർനിളത്തിൽ റോഡ് നിർമ്മിക്കുക.

18. മണ്ണാറശ്ശാല കിഴക്ക് വശത്ത് കൂടി വടക്കോട്ടുള്ള നടവഴി സൈഡിലുള്ള തോടിന് പിച്ചിങ്ങ് കെട്ടിവീതി കൂട്ടി ഉയർത്തി റോഡ് സഞ്ചാരയോഗ്യമാക്കുക.

19. ചക്കാലപ്പറമ്പിൽ നിന്നും മാത്തിൽ പറമ്പിൽനിന്നും മഠത്തിൽ പറമ്പൽ ലക്ഷം വീട്ടിലേക്കുള്ള റോഡ് ഉയർത്തുക.

എഴാം വാർഡ്

1. കുട്ടത്തേത് ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് പേരൂർ കിഴക്ക് വശം വരെയുള്ള റോഡിൽ ടാർ ചെയ്യതതിന്റേ ബാക്കി തൈക്കൂട്ടം ജംഗ്ഷൻ മുതൽ പേരൂർ കിഴക്കു വശം വരെ ടാർ ചെയ്യുണം.
2. പുത്തിക്കാട്ടിൽ മുതൽ തോങ്ങേതെക്കേതിൽ ലക്ഷം വീട് വരെയും തുടർന്ന് കല്ലേലിപ്പടിക്കൽ കടവു വരെയുമുള്ള റോഡ് ടാർചെയ്യണം.
3. ബ്ലോക്കാഫിസിനു പടിഞ്ഞാറു വശം തോടിന്റെ കടവു മുതൽ വടക്കോട്ട് കോയിക്കപ്പള്ളി ചിറവഴി പട്ടേരികിഴക്ക്വശം വരെയുള്ള റോഡിൽ കലുങ്ക് നിർമ്മിച്ച് റോഡ് ഗ്രാവൽചെയ്ത് ഉയർത്തി സഞ്ചാര യോഗ്യമാക്കണം.
4. മണ്ണാറശ്ശാല വടക്കുവശം കല്ലുപാലം മുതൽ പടിഞ്ഞാറോട്ട് ശങ്കരൻ കുളങ്ങര വരെയുള്ള പുതിയ റോഡിൽ ഒരു കലുങ്ക് നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കണം.
5. ചിന്നാട്ടു കിഴക്കുവശം മുതൽ തെക്കോട്ട് കോഴിശ്ശേരി മുക്ക് വരെയുള്ള റോഡിന്റെ മദ്ധ്യഭാഗത്ത് ഒരപ കലുങ്കും കോളാറ്റ് തെക്കുവശം പിച്ചിംഗ് കെട്ടി ഗ്രാവൽ ഇട്ട് ഉയർത്തി സഞ്ചാരയോഗ്യമാക്കണം.
6. കുന്നേൽ കിഴക്ക് വശം മുതൽ വടക്കോട്ട് വല്ല്യവീട്ടിൽ കിഴക്ക് വശം വരെയുള്ള റോഡ് ഗ്രാവൽ ഇട്ട് ഉയർത്തി സഞ്ചാരയോഗ്യം ആക്കണം.
7. ഫെറാത്തു കിഴക്ക് വശം മുതൽ വടക്കോട്ട് വല്ലയവീട്ടിൽ കിഴക്ക്വശം വരെയുള്ള റോഡ് ഗ്രാവൽ ഇട്ട് ഉയർത്തി സഞ്ചാരയോഗ്യമാക്കണം.
8. കൊട്ടു കളീയ്ക്കൽ മുതൽ തൈക്കുന്നേൽ വഴി കോളാറ്റ് തെക്കുവശം വരെ പുതുതായി റോഡ് നിർമ്മിച്ച് പിച്ചിംഗ് കെട്ടി ഗ്രാവൽ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.
9. പേരൂർ മുതൽ പടിഞ്ഞാറോട്ട് ഡാണാപ്പെട്ടി തോടുവരെയുള്ള റോഡ് ടാർ ചെയ്യണം.
10. വല്ല്യവീട്ടിൽ വടക്കുവശത്തുകൂടി പോകുന്ന നടപ്പാതയിൽ ഓട നിർമ്മിക്കുകയും ഗ്രാവൽ ഇട്ട് ഉയർത്തി റോഡ് നിർമ്മിക്കുകയും ചെയ്യുക.
11. കണ്ടത്തിൽപ്പുരയ്ക്കൽ മുതൽ പടിഞ്ഞറോട്ട് കരാട്ടു ജംഗ്ഷൻ വരെയുള്ള റോഡ് വീതി കൂട്ടി ടാർ ചെയ്യുക.
12. മണ്ണാറശ്ശാല പടിഞ്ഞാറു വശം മുതൽ വടക്കോട്ട് തുക്കയിൽ ക്ഷേത്രത്തിനു മുൻവശം വരെയുള്ള റോഡ് ടാർ ചെയ്യുക.
13. പുന്നൂർ മഠം മുതൽ വടക്കോട്ട് ഹരിപ്പാടിന്റെ അതിർത്തി വരെയുള്ള റോഡ് ഗ്രാവൽ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.
14. പടിക്കവളളിൽ കിഴക്ക്വശം ലക്ഷംവീട്ടിലേക്ക്ഉള്ള വഴി ഗ്രാവൽ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.

വാർഡ് VIII

1. മണ്ണാറശ്ശാലക്കടവിൽ വളരെ വർഷങ്ങളായി ആവശ്യപ്പെടുന്ന ബസ്സുകൾ പോകത്തക്കവിധത്തിലുള്ള വീതി കൂടിയ പാലം അടിയന്തര പ്രധാന്യം കണക്കിലെടുത്ത് നിർമ്മിക്കണം.
2. ചെമ്മാത്ത് മുക്ക് മുതൽ ആൽത്തറ ജംഗ്ഷൻ വരെയുള്ള റോഡ് അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ടാർ ചെയ്യണം.
3. മണ്ണാറശ്ശാല തെക്ക് ജംഗ്ഷൻ മുതൽ ആൽത്തറ ജംഗ്ഷൻ വരെയുള്ള റോഡിൽ ഓട നിർമ്മിക്കണം.
4. ചെമ്മാനത്ത് മുക്ക് മുതൽ പെരുങ്കുളത്തിന് വടക്കു വശത്ത് എത്തുന്ന റോഡ് ഗ്രാവൽ ഇട്ട് ഉയർത്തി ടാർ ചെയ്യണം.
5. 6,7,8 വാർഡുകളിലൂടെ കടന്ന് പോകുന്ന മണ്ണാറശ്ശാല ജംഗ്ഷൻ മുതൽ തുക്കയിൽ ജംഗ്ഷൻ വരെയുള്ള റോഡ് അടിയന്തരമായി ടാർ ചെയ്യണം.
6. പാളയത്ത് പടിഞ്ഞാറുവശത്തു കൂടി പുല്ലാംവഴി റോഡിനേയും മണ്ണാറശ്ശാല മെയിൻ റോഡിനേയും ബന്ധിപ്പിക്കുന്ന നീരൊഴുക്ക് തോടിന് സൈചിൽ പിച്ചിംഗ് കെട്ടി ഉയർത്തി വീതി

കൂട്ടി ടാർചെയ്യണം.

7. മൂടേത്ത് മുക്കു മുതൽ പടിഞ്ഞാറോട്ട് ഡാണാപ്പടി തോട് വരെ ടാർ ചെയ്യണം.

8. ഡാണാപ്പടി പഴയപാലം മുതൽ വടക്കോട്ട് മണ്ണാറശ്ശാല കടവ് വഴി എഴാം വാർഡിലേക്ക് പോകുന്ന റോഡിന്റെ പടിഞ്ഞാറെ സൈഡിലൂടെ പിച്ചിംഗ് കെട്ടി ഉയർത്തി വീതി കൂട്ടി ടാർ ചെയ്യണം.

9. ബ്ലോക്ക് ഓഫീസ് ജംഗ്ഷൻ മുതൽ മണ്ണാറശ്ശാല കടവ് വരെയുള്ള റോഡ് ടാർ ചെയ്യണം.

10. വാഴപ്പള്ളി ജംഗ്ഷനിൽ നിന്നും കിഴക്കോട്ട് ഉള്ള റോഡിന്റെ വീതി കൂട്ടി ബാക്കിയുള്ള ഭാഗം കൂടി പഞ്ചായത്ത് ഏറ്റെടുത്ത് മണ്ണാറശ്ശാല സ്ക്കൂളിന് തെക്കുവശം വരെ ടാർ ചെയ്യണം.

11. പെരുംകുളത്തിന്റെ വടക്ക് വശത്ത് ക്യാംപ് ഷെഡ് മുതൽ പടിഞ്ഞാറേ നടവരെയുള്ള റോഡും പടിഞ്ഞാറേ നടയിൽ നിന്നും തെക്കോട്ടു വന്ന് തെക്കേ നട വഴി അമ്പലത്തിന് മുൻവശത്തെത്തുന്ന റോഡും അടിയന്തര പ്രധാന്യത്തോട് ടാര ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.

12. 4,5,6,7,8 വാർഡുകളിലൂടെ കടന്ന് പോകുന്ന ഗതാഗതതിരക്കുള്ള ഹരിപ്പാട്–മണ്ണാറശ്ശാല വഴി ചെറുതനയിലേക്കുള്ളതും. ഹരിപ്പാട്-ആയാപ്പറമ്പ് റോഡും, ഹരിപ്പാട്-മണ്ണാറശ്ശാല വഴി ഡാണാപ്പടിയിലെത്തുന്ന N.H ലിങ്ക് റോഡും വർഷത്തിൽ ഒരു തവണ എങ്കിലും അറ്റകുറ്റപ്പണികൾ നടത്തി സൈഡിൽ ഗ്രാവലിട്ട് സംരക്ഷിക്കണം.

13. പടിഞ്ഞാറെ നടയിൽനിന്നും പഞ്ചവടി ജംഗ്ഷനിൽ നിന്നും വടക്കോട്ട് പുല്ലാം വഴി റോഡിൽ എത്തുന്ന റോഡ് സൈഡിൽ പിച്ചിംഗും ഓടയും കെട്ടി ഉയർത്തി വീതികൂടി ഉയർത്തി വീതികൂട്ടി അടിയന്തരമായി ടാർചെയ്യണം.

14. മണ്ണാറശ്ശാല മെയിൻ റോഡിൽ ചെമ്പകാമില്ലിന് പടിഞ്ഞാറ് വശത്തു നിന്നും തെക്കോട്ട് പുല്ലാം വഴി റോഡിലെത്തുന്ന നടവഴിയുടെ പടിഞ്ഞാറേ സൈഡിൽ പിച്ചിംഗ് കെട്ടി വീതികൂട്ടി ഗ്രാവലിട്ട് സഞ്ചാരയോഗ്യമാക്കണം.

15. ബ്ലോക്ക് ഓഫീസിന് തെക്കുവശം സജീവ് ഭവനു തെക്കുവശത്തു കൂടി പടിഞ്ഞാറോട്ടു ഡാണാപ്പടി തോട് വരെ എത്തുന്ന റോഡ് വീതികൂട്ടി ഗ്രാവൽ ചെയ്യണം.

16. മണ്ണാറശ്ശാല മെയിൽ റോഡിൽ ചെമ്പകാമില്ലിന് പടിഞ്ഞാറ് വശം റോഡിന് വടക്കേ സൈഡിൽ പിച്ചിംഗ് കെട്ടി ഗ്രാവൽ നിറച്ച് മെയിൻ റോഡ് സംരക്ഷിക്കണം.

17. കിഴിക്കുളത്ത് നിന്നും കിഴക്കോട്ടുള്ള വഴി പഞ്ചായത്തെ ഏറ്റെടുക്കണം.

18. ഡാണാപ്പടി പഴയപാലത്തിൽനിന്നും മണ്ണാറശ്ശാലക്കടവിലേക്കും തുടർന്ന് 7–ാം വാർഡിലൂടെയും കടന്ന പോകുന്ന റോഡിൽ ഡാണാപ്പടി പഴയപാലത്തിന് അല്പം വടക്കു മാറിയുള്ള നീരൊഴുക്ക് തോടിന് കുറുകെയും മണ്ണാറശ്ശാല കടവിന് തെക്ക്ഭാഗത്ത് മണ്ണാറശ്ശാല പടിഞ്ഞാറ് ഭാഗത്തു നിന്നും ഡാണാപ്പടി തോടിലേക്കുള്ള നീരൊഴുക്ക് തോടിന് കുറുകേയും പ്രധാന കൈത്തോടുകൾ എല്ലാം ചേർന്ന് ഡാണാപ്പടി തോട്ടിൽ എത്തുന്ന ഉമ്മന്നൂർ വടക്കു വശത്തു കൂടി വരുന്ന തോടിനു കുറുകേയും ഈ വഴിയുള്ള ഗതാഗതം സുഗമമാക്കുവാൻ 3 വലിയ കലിങ്കുകളും. ഈ റോഡിൽ ചാലിൽ പുത്തൻ വീടിന് പടിഞ്ഞാറ് വടക്ക് ഭാഗത്ത് ഒരു വലിയ ചെറിയ കലുങ്കും അടിയതരമായി നിർമ്മിക്കണം.

19. പടിഞ്ഞാറെ നടയിൽ നിന്നും പഞ്ചവടി ജംഗ്ഷനിൽ നിന്നും വടക്കോട്ട് പുല്ലാംവഴി റോഡിൽ എത്തുന്ന റോഡിൽ എത്തുന്ന റോഡിൽ രണ്ടു കലുങ്കുകൾ അടിയന്തരമായി നിർമ്മിക്കേണ്ടതാണ്.

20. മുടേത്തു മുതൽ പടിഞ്ഞാറോട്ടുള്ള റോഡിൽ ഒരു കലുങ്ക് അടിയന്തരമായി നിർമ്മിക്കേണ്ടതാണ്.

21. ചെമ്മാനേത്ത് ജംഗ്ഷനിൽ നിന്നും പെരും കുളത്തിന് വടക്കുഭാഗത്ത് എത്തുന്ന റോഡിൽ പെരുംകുളത്തിൽ നിന്നും വടക്കോട്ട് ഒഴുകുന്ന തോടിനു കുറുകേയും ചെമ്മാനേത്ത് ജംഗ്ഷന് കിഴക്ക് വശത്ത് കലുങ്കുകൾ നിർമ്മിക്കേണ്ടതാണ്.

22. കറുകപ്പറമ്പ് ജംഗ്ഷനിൽ നിന്നും നിലവിലുള്ള പൈപ്പ് എടുത്തുമാറ്റി ശക്തമായ ഒഴുക്കുള്ള ഈ തോട്ടിൽ ഒരു വലിയ കലുങ്ക് നിർമ്മിക്കേണ്ടതാണ്.

23. വല്യത്ത് ഭാഗത്ത് താമസിക്കുന്നവർക്കുള്ള സഞ്ചരിയ്ക്കുവാനുള്ള വഴി തടസ്സപ്പെട്ടിരിക്കുന്ന അവസ്ഥ മാറ്റി ഈ വഴി സഞ്ചാരയോഗ്യമാക്കണം.

24. കോടംപള്ളി തെക്കുവശം മുതൽ പടിഞ്ഞാറോട്ടുള്ള വഴി പഞ്ചായത്ത് ഏറ്റെടുക്കണം.

25. ബ്ലോക്ക് ഒഫീസ് മുതൽ തെക്കോട്ടുള്ള മെയിൻ റോഡിന് ഇരു സൈഡിലും ഓടകൾ നിർമ്മിച്ച് വടക്കുവശത്തു കൂടി ഒഴുകുന്ന തോടുമായി ബന്ധിപ്പിക്കണം. ഇരു സൈഡിലും ഉള്ള ഓടകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് കുരിയാം പടിക്കൽ തെക്കുവശത്ത് മെയിൻ റോഡിന് കുറുകേ കലുങ്ക് നിർമ്മിക്കണം.

26. മണ്ണാറശ്ശാല ജംഗ്ഷനിൽ നിന്നും വടക്കോട്ടുള്ള റോഡിന്റെ പടിഞ്ഞാറേ സൈഡിൽ ഓട നിർമ്മിച്ച് വടക്കു ഭാഗത്ത് കൂടി ഒഴുകുന്ന തോടുമായി ബന്ധിപ്പിക്കണം.

27. ചെമ്മാനത്ത് ജംഗ്ഷനിൽ നിന്നും കിഴക്കോട്ടുള്ള റോഡിന് സൈഡിൽ ഓടകെട്ടി സംരക്ഷിക്കണം.

28. ബ്ലോക്ക് ജംഗ്ഷിനിൽ നിന്നും വടക്കോട്ടുള്ള റോഡിന്റെ സൈഡിൽ ഓട കെട്ടണം.

29. പടിഞ്ഞാറെ നട മുതൽ പടിഞ്ഞാറോട്ട് ഡാണാപ്പടി വരെയുള്ള റോഡിന്റെ വടക്കേ സൈഡിൽ ഓട കെട്ടണം.

30. ഹരിപ്പാട് -മണ്ണാറശ്ശാല -ഡാണാപ്പടി മെയിൻ റോഡിന്റെ സൈഡുകളിൽ ഒട നിർമ്മിക്കണം.

31. നാലാം വാർഡിൽ ചേപ്പാട്ട് തെക്ക് വശത്ത് നിന്നും ആരംഭിച്ച് മണ്ണാറശ്ശാല മെയിൻ റോഡ് കടന്ന് എരിഞ്ഞാടപ്പള്ളിൽ തെക്കു വശത്തു കൂടി പടിഞ്ഞാറോട്ട് വന്ന് പെരും കുളത്തിൽനിന്നും വടക്കോട്ട് ഒഴുകി വരുന്ന തോടുമായി ചേർന്ന് അല്പം പടിഞ്ഞാറോട്ട് വന്ന് വടക്കോട്ട് തിരിഞ്ഞ് മണ്ണാറശ്ശാല മെയിൻ റോഡ് കടന്ന് ചെമ്പകാ മില്ലിന് പടിഞ്ഞാറ് വശത്ത് കൂടി ഒഴുകി കറുകപ്പറമ്പ് ജംഗ്ഷനിൽ നിന്നും വടക്കോട്ട് തിരിഞ്ഞ് കറുകപ്പറമ്പിൽ കിഴക്ക് വശത്ത് കൂടി ഒഴുകു വടക്കോട്ട് വന്ന് പടിഞ്ഞാറോട്ട് തിരിഞ്ഞ് ഒഴുകി മണ്ണാറശ്ശാല വടക്കു ഭാഗത്തു കൂടി പടിഞ്ഞാറോട്ട് ഒഴുകുന്നതും, ചുളളിയിൽ കിഴക്ക് വശത്ത് കൂടി ഒഴുകി വടക്കോട്ട് വന്ന് മണ്ണാറശ്ശാല കിഴക്ക് വശത്ത് കൂടി വടക്കോട്ട് ഒഴുകി മണ്ണാറശ്ശാല വടക്ക് വശത്ത് കൂടി പടിഞ്ഞാറോട്ട് ഒഴുകുന്നതും, ഈ തോടുകൾ തമ്മിൽ ഒരുമിച്ച് ചേർന്ന് ഉമ്മന്നൂർ വടക്കു ഭാഗത്ത് കൂടി പടിഞ്ഞാറോട്ട് ഒഴുകി ഡാണാപ്പടി തോട്ടിൽ എത്തിച്ചേരുന്നതുമാണ്. ഈ തോടുകൾ താഴ്ത്തി ഇരു സൈഡിലും തുടക്കം മുതൽ അവസാനം വരെയും പിച്ചിംഗ് കെട്ടി നീരൊഴുക്ക് സുഗമമാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കണം.

## <u>വാർഡ് IX</u>

1. National Highway-യിൽ നിന്ന് തെക്കോട്ട് St. Thomas Churchന്റെ വാതലിൽ കൂടി വാലേത്ത് ലക്ഷം വീടു വരെയുള്ള റോഡ് ഉയർത്തി ടാർ ചെയ്യണം.

2. നാഷണൽ ഹൈവേയിൽ നിന്ന് തെക്കോട്ട് പനച്ചൂർ ക്ഷേത്രത്തിന്റേ കിഴക്ക് വശത്ത് കൂടി പടിഞ്ഞാറോട്ടുള്ള റോഡ് ഉയർത്തി ടാർ ചെയ്യണം.

3. പനച്ചൂർ ക്ഷേത്രത്തിന്റെ തെക്ക്വശത്ത് നിന്ന് പടിഞ്ഞാറോട്ട് റോഡ് നിർമ്മിക്കുക.

4. കുളച്ചിറ ജംഗ്ഷൻ മുതൽ മാർക്കറ്റിംഗ് സൊസൈറ്റി വരെയുള്ള റോഡ് ടാർ ചെയ്യുക.

5. മംഗളോദയം ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് ഉള്ള റോഡ് നിർമ്മിക്കുക,

6. സെൻട്രൽ ടിമ്പർ ഡിപ്പോ മുതൽ തെക്കോട്ടുള്ള റോഡ് സൈഡിൽ പിച്ച് വാൾ കെട്ടി ടാർ ചെയ്യുക.

7. എൻ. എസ്.എസ്. ജംഗ്ഷൻ മുതൽ തെക്കോട്ട് ഹരിപ്പാട് പഞ്ചായത്തിന്റെ അതിർത്തി വരെയുള്ള റോഡ് ടാർ ചെയ്യുക.

8. മാർക്കറ്റിംഗ് സൊസൈറ്റി മുതൽ കിഴക്കോട്ട് വന്ന് തെക്കോട്ട് പുത്തൻ പുരയിൽ കോളനി വരെയുള്ള റോഡ് ടാർ ചെയ്യുക.

9. പുത്തൻപുരയിൽ [illegible]വിട് കോളനിയിൽനിന്ന് തെക്കോട്ടുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.

10. വേട്ടക്കാട് ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ടുള്ള റോഡ് ടാർ ചെയ്യുക.

## പൊതുഗതാഗതസൗകര്യം

ടൗൺ ഹാൾ ജംഗ്ഷൻ, എഴിക്കകത്ത് ജംഗ്ഷൻ, ആശുപത്രി ജംഗ്ഷൻ, ഡാണാപ്പടി, മാധവാ ജംഗ്ഷൻ എന്നിവടങ്ങളിൽ ട്രാഫിക്ക് ഐലൻഡുകൾ സ്ഥാപിക്കുക. കോമളത്ത് ജംഗ്ഷനിൽ ട്രാഫിക്ക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുക. 4, 5, 6, 7, 8 എന്നീ വാർഡുകളിലൂടെ കടന്ന് പോകുന്ന ഹരിപ്പാട്, ആയാപറമ്പ്, ഹരിപ്പാട് മണ്ണാറശാല വഴി ചെറുതന എന്നീ റോഡുകളിൽ പ്രൈവറ്റ് ബസ്സുകളുടെ മത്സരയോട്ടം കാരണം പലപ്പോഴും ട്രിപ്പ് മുടങ്ങുന്ന അവസ്ഥ മാറ്റുവാൻ അധികാരികൾ കർശനമായി ശ്രദ്ധിക്കണം. ഡാണാപ്പടി പ്രൈവറ്റ് സ്റ്റാന്റ് പ്രവർത്തനം ആരംഭിക്കുമ്പോൾ മുഴുവൻ ബസ്സും ഹരിപ്പാട്ട് നിന്നും മണ്ണാറശാല ജംഗ്ഷൻ വഴി ഡാണാപ്പടി പോകുന്നതിനും വരുന്നതിനുമുള്ള നടപടി സ്വീകരിക്കണം. നേരത്തെ ഇതു വഴി ഓടിക്കൊണ്ടിരുന്ന കായംകുളം മണ്ണാറശാല വഴി ആലപ്പുഴയ്ക്കുള്ള K.S.R.T.C. ബസ്സ് ഇപ്പോൾ ഓടുന്നില്ല. ആയതിനാൽ വേണ്ട നടപടികൾ സ്വീകരിക്കണം. ചരിത്ര പ്രസിദ്ധമായ മണ്ണാറശാലയിലേക്ക് ദൂര സ്ഥലങ്ങളിൽ നിന്നും K.S.R.T.C. ബസ്സുകൾ സർവ്വീസ് നടത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണം. കോളാത്ത്, തൃപ്പക്കുടം വഴി ആനാരി കടവിലേക്ക് പ്രൈവറ്റ് ബസ് സർവ്വീസ് ഓടുവാൻ നിർദ്ദേശം കൊടുക്കണം.

# ഊർജ്ജം

ഹരിപ്പാട് പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യ ഊർജ്ജസ്രോതസ്സ് ജൈവദ്രവ്യങ്ങളായ വിറക്, തെങ്ങുൽപ്പന്നങ്ങൾ, ചപ്പ്, ചവറ്, എന്നിവയും വാണ്യജ്യഇന്ധങ്ങളായ വൈദ്യുതി, എണ്ണ പ്രകൃതി വാതകം എന്നിവയിമാണ്. ഇവിടെത്തെ ഇന്ധനങ്ങളുടെ ഉപഭോടത്തെ മൂന്ന് മേഖലകളായി തിരിക്കാവുന്നതാണ്.

## 1. ഗാർഹികം

ഭക്ഷ്യസംസ്കരണതിന് വിറകുതന്നെ പ്രധാന ഇന്ധനം. ഇവിടത്തെ ജനങ്ങളിൽ 80% ഇന്നും പാചകത്തിന് വിറകും, തെങ്ങുൽപ്പന്നങ്ങളും ഉപയോഗിക്കിന്നു. ബാക്കി 20% ആളുകൾ മാത്രമാണ് പാചകവാതകവും മണ്ണെണ്ണയും ഉപയോഗിക്കുന്നത്. വിറകിന്റെ ആദ്യന്തരലഭ്യത അനുദിനം കുറഞ്ഞു വരുന്നതിനാലും, വില ഒരു കിലോക്ക് 1.25രൂപ വരെ ആയതിനാലും ജനങ്ങൾ ജൈവദ്യവ്യഇന്ധനങ്ങളുപേക്ഷിച്ച് സൗകര്യപ്രദമായ പാചകവാതത്തിലേക്കും, മണ്ണെണ്ണയിലേക്കും മാറിക്കൊണ്ടിരിക്കയാണ്.

1987 മുതലാണ് ഇവുടെ പാചകവാതകം ആദ്യമായി ലഭ്യമായത്. 1991 ജൂൺ മുതൽ ഇത് ലഭിക്കുന്നതിന് വേണ്ടി പേർ രജിസ്റ്റർ ചെയ്ത് കണക്ഷൻ കാത്തിരിക്കുന്നു. പാചകത്തിന് 95-96 വർഷത്തിൽ 93648 ലിറ്റർ മണ്ണെണ്ണ പൊതുവിതരണകേന്ദ്രത്തിൽ കൂടി പെർമിറ്റു പ്രകാരം ജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.

വെളിച്ചത്തിന്റെ മുഖ്യസ്രോതസ്സ് വൈദ്യുദിയാണ്. ആകെയുള്ള 3230 വീടുകളിൽ 2198 വീടുകൾ വൈദ്യുതിരികരിച്ചിട്ടുണ്ട്. (ആധുനിക പുരോഗതിയുടെ അടിസ്ഥാന ശക്തി വൈദ്യുതിയേപ്പറ്റി പ്രത്യേകം അടിയിൽ പരാമർശിക്കുന്നുണ്ട്.) വൈദ്യുതി കഴിഞ്ഞാൽ മണ്ണെണ്ണയാണ് വെളിച്ചത്തിന്വേണ്ടി ഉപയോഗിക്കുന്നത്. 1995-96വർഷത്തിൽ പൊതുവിതരണകേന്ദ്രത്തിൽകൂടി കാർഡുമേകൾക്ക് 124207 ലിറ്റർ മണ്ണെണ്ണ വികരണം നടത്തിയിട്ടുണ്ട്.

## 2. കാർഷികം

കാർഷികമേഖലയിലെ ജലസേചനത്തിന് വൈദ്യുതി ഉപയോഗിക്കുന്നു. പറമ്പകളിലെ ജലസെചനം വ്യാപകമല്ല. വിരുപ്പുകൃഷി ഇല്ലെന്നു തന്നെ പറയാം. പുഞ്ചകൃഷിക്കുവേണ്ടി വെള്ളം വറ്റിക്കുന്നതും ജലസേചനം നടത്തുന്നതും വൈദ്യുതി ഉപയോഗിച്ചു തന്നെയാണ്. കാർഷികമേഖയിലെ മറ്റെല്ലാ പ്രവർത്തനത്തിന്റെയും മുഖ്യഊർജ്ജസ്രോതസ്സ് കന്നുകാലികളും, മനുഷ്യാദ്ധ്വാനവുമാണ.

## 3. വാണിജ്യം

വ്യാപാരസ്ഥാപനങ്ങളിൽ വെളിച്ചത്തിനായി വൈദ്യുതി ഉപയോഗിക്കുന്നു. ഹോട്ടൽ. ബേക്കറി മുതലായവയിൽ പാചകത്തിന് വിറക് ഉപയോഗിക്കുന്നു.

## വൈദ്യുതി

വൈദ്യുതി ബോർഡിന്റെ ഹരിപ്പാട് മേജർ ഇലക്ട്രൽ സെക്ഷൻ ആഫീസാണ് ഈ പഞ്ചായത്തിന്റെ വൈദ്യുതി വിതരണത്തിന്റെ മേൽനോട്ടം വഹിക്കുന്നത്. കാർത്തികപ്പള്ളി താലൂക്കിലെ നങ്ങ്യാർകുളങ്ങര 66K.V സബ്ബ് സ്റ്റേഷനിൽ നിന്നാണ് ഇവിടുത്തേക്ക് വൈദ്യുതി ലഭിക്കുന്നത്.

വൈദ്യുതി വിതരണത്തിനായി 14 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുട്ടുണ്ട്. അവയുടെ വിശദവിവരങ്ങൾ അടിയിൽ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | ട്രാൻസ്ഫോർമറുടെ പേത് | കപ്പാസിറ്റി |
|---|---|---|
| 1 | ആശുപത്രി ട്രാൻഫോർമർ | 163 KVA |
| 2 | മാധവ " | 163 " |
| 3 | മൈക്രോ വേവ് " | 100 " |
| 4 | ഹരിപ്പാട് വെസ്റ്റ " | 163 " |
| 5 | മണ്ണാറശാല " | 100 " |
| 6 | തുക്കയിൽ " | 100 " |
| 7 | കിളിക്കാകുളങ്ങര" | 100 " |
| 8 | എൽ. എച്ച് " | 163 " |
| 9 | സൊസൈറ്റി " | 100 " |
| 10 | ഹരിപ്പട് ഈസ്റ്റ് " | 100 " |
| 11 | " " | 100 " |
| 12 | പിലാപ്പുഴ " | 100 " |
| 13 | ഹരിപ്പാട് നോർത്ത് " | 100 " |
| 14 | നെടുംതറ " | 100 " |

ആകെയുള്ള ദ്യൈുതഉപഭോക്തക്കളിൽ 80% ഗാർഹിക ഉപഭോക്താക്കളിണ്. ഈ പഞ്ചായത്തിൽ വൈദ്യുതി കണക്ഷനുവേണ്ടി കാത്തിരിക്കുന്ന 655 അപേക്ഷകരുണ്ട്. എന്നാൽ 95-96 ൽ ആകെ തൊടുത്തത് 181 കണക്ഷനുകൾ മാത്രമാണ്. വിശദവിവരങ്ങൾ അടിയിൽ പട്ടികപ്പെടുത്തുന്നു.

| വിഭാഗം | എണ്ണം കണക്ഷൻ ലഭിക്കാനുള്ളവർ | അവസാനംകണക്ഷന്റെ കണക്ഷന്റെ എണ്ണം | 95-96ൽ കൊടുത്ത കണക്ഷന്റെഎണ്ണം |
|---|---|---|---|
| ഓർഡിനറി | 300 | 30-9-91 | 32 |
| O.T.P | 78 | 2.96 | 17 |
| O.Y.E.C | 277 | 3.96 | 132 |
| **ആകെ** | **655** | | **181** |

ഈ നില തുടർത്താൽ ഈ നൂറ്റാണ്ടിന്റെ അവസാനം പോലും ഈ പഞ്ചായത്തിൽ മുഴുവൻ വീട്ടിലും വൈദ്യുതി അത്തുകയില്ല.

തെരുവുവുളക്കുകൾ

ഈ പഞ്ചായത്തിൽ ആതെ 710 തെരുവു വിളക്കുകളാണുള്ളത്. പട്ടിക കാണുക.

| | | |
|---|---|---|
| ബൾബ് | - | 524 |
| ട്യൂബ് | - | 181 |
| വേപ്പർ ലാബ് | | 5 |
| ആകെ | | **710** |

പഞ്ചാതയത്ത് 95-96 വർഷത്തിൽ 175470 രൂപ തെരുവിളക്കുകത്തിക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ഇത് പഞ്ചായത്തിന്റെ വരുമാനത്തിന്റെ ഏതദേശം 7% ആണ്. എന്നാൽ ഈ സൗകര്യം പഞ്ചായത്തിന്റെ പല ഭാഗത്തും എത്തിയിട്ടില്ല.

ഈ പഞ്ചായത്തിൽ ഒരു ഹരിജൻ കോളനിവൈദ്യുതികരിച്ചിട്ടുണ്ട്. പട്ടിക കാണുക.

| വാർഡ് നമ്പർ | ഹരിജൻ കോളനിയുടെ പേര് | കണക്ഷൻ ലഭിച്ച കുടുംബങ്ങൾ | സൗജന്യ നിരക്കിൽ ഉപയോഗിക്കുന്ന വരുടെ എണ്ണം | പണം നൽകി വൈദ്യുതി ഉപയോഗിക്കന്ന വരുടെ എണ്ണം |
|---|---|---|---|---|
| 1 | നേരിയം പള്ളി ഹരിജൻ കോളനി | 33 | 7 | 26 |

പാരമ്പര്യേതര ഊർജ്ജസ്രോതസ്സ് ഈ പചായത്തിൽ ഉപണൊപ്പെടുത്തിയിട്ടില്ല. ഏതാനും അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ പ്രവർത്തനരഹിതമാണ്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ വൈയുതി എത്തിയിട്ടില്ല. അവയുടെ വിവരങ്ങൾ അടിയിൽ പട്ടികപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | പ്രദേശത്തിന്റെ പേര് |
|---|---|---|
| 1. | I | കിഴക്കേടത്തു മൂടയിൽ തെക്കുവശം മുതൽ കിഴക്കോട്ട് സെന്റ് മേരീസ് പള്ളി വരെ. |
| 2 | " | കരടംപള്ളി ഭാഗം |
| 3 | " | ആരൂർപടി മുതൽ പുളിമൂട്ടിൽ പടി വരെ. |
| 4 | " | M.L.A റോഡിലെ നെമ്യംപള്ളത്ത് ലക്ഷം വീട് മുതൽ ചൂരല്ലാക്കൽ വരെ. |
| 5 | " | വിമലാലയം മുതൽ പാര്യംമുറി വരെ. |
| 6 | VI | നക്രാത്ത് ലക്ഷം വീട് കോളനി ( പട്ടികജാതി ) |
| 7 | ,, | വൈരവന കുളത്തിന്റെ വടക്കുള്ള റോഡിൽ ലവൽക്രോസ് കഴിഞ്ഞുള്ള25 വീടുകൾ. |
| 8 | " | VI -ാം വാർഡിന്റെ വിവധഭഗങ്ങളിൽ 300 വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല. |
| 9 | VII | കോയിക്കപ്പള്ളി ഭാഗം, ചക്കുർമ്മം, മല്ലാശ്ശേരി ലക്ഷം വീട് കോളനി. |
| 10 | IX | പുത്തൻപുരയിൽ ലക്ഷം വീടു കോളനി. |

2. പഞ്ചായത്തിന്റെ എല്ലാ വാർഡിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
3. പഞ്ചായത്തിന്റെ ആകെ വരുമാനത്തിൽ 7% വരുന്നസംഖ്യ തെരുവിളക്കുകൾ കത്തിരിക്കുന്നതിന് ചിലവാകുന്നുണ്ട്.

4. കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ചെറുതും വലുതുമായ അനവധി പുതിയ റോഡുകൾ പഞ്ചായത്തിൽ നിർമ്മിച്ചിട്ടുണ്ട്. അവ മിക്കതിലും തെരുവുവിളക്കുൾ തെരുവിളക്കുകൾ ഇതുവരേയും എത്തിയിട്ടില്ല.

5. വൈദ്യുതി കണക്ഷൻ ലഭിക്കാൻ അനേക വർഷം കാത്തിരിത്തേണ്ടി വരുന്നു.

6. പല ലക്ഷംവീടു കോളനിയോടൊപ്പം ഒരു ഹരിജൻ കോളനിയിലും വൈദ്യുതി എത്തിയിട്ടില്ല.

7. ഇന്ധനക്ഷമത കുറഞ്ഞ പരമ്പരാഗത രീതിയിലുള്ള വിറകടുപ്പ്, വിറകിന്റെ അമിത ഉപഭോഗത്തിനുപുറമേ വീട്ടമ്മമാരുടെ അനാരോഗ്യത്തിനും, പരിസരമലിനീകരണ ത്തിനും കാരണമാകുന്നു.

8. പാചകവാതകം ആവശ്യാനുസരണം ലഭിക്കുന്നില്ല.

9. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല.

## സാധ്യതകൾ

1 പഞ്ചായത്തിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ അത് എത്തിക്കാൻ വൈദ്യുതി ബോർഡിന് അവശ്യമായ ഫണ്ടില്ല. സമയബന്ധിതമായി ഈ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കാൻ പ്രത്യേക സ്കീമുകൾ തയ്യാറാക്കണം.

2 നങ്ങ്യാർകുളങ്ങര സബ്ബ്സ്റ്റേഷനിൽ നിന്നുമാണ് ഈ പ്രദേശത്തേക്ക് വൈദ്യുതി വിതരണം ചെയ്യുന്നത്. ഈ സ്റ്റേഷനിൽ ലഭിക്കന്ന വോൾട്ടേജ് യഥാർത്ഥത്തിൽ ലഭിക്കേണ്ടതിന്റെ 80% മാത്രമാണ്. ദ്വിതീയ വിതരണശാലയിലെത്തുമ്പോൾ വോൾ ട്ടേജ് വീണ്ടും കുറയുന്നു. പീക്ക് ലോഡ് സമയത്ത് വോൾട്ടേജ് പ്രശ്നം രൂക്ഷമാകുന്നു.

പ്രേക്ഷണ- വിതരണ നഷ്ടം കുറക്കാനുള്ള സാധ്യത ഇവിടെ ധാരാളമുണ്ട്. ഇതിൽ പ്രധാനമായും ചെയ്യാവുന്നത് ജമ്പർ മെച്ചപ്പെടുത്തുക, ലൈനിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ വെട്ടിമാറ്റുക, ട്രാൻസ്ഫോമറുകൾ പുനർക്രമീകരിക്കുക, പുതിയ ഗ്രാൻസ്ഫോർമറുകൾ ആവശ്യമുള്ളിടത്ത് സ്ഥാപിക്കുക എന്നിവയാണ്.

3 പഞ്ചായത്തിലെ ഒട്ടുമുക്കാലും തെരുവുവിളക്കുകൾ കത്താതിരിക്കുന്നത് ബോർഡിലെ ജീവനക്കാരുടെ അനാസ്ഥകാരണമാണ്. തെരുവുവിളക്കുകൾ കത്തിക്കുന്ന തിനുള്ള ചുമതല പഞ്ചായത്ത് ഏറ്റെടുക്കുകയാണ് പ്രശ്നപരിഹാരത്തിനുള്ള ഏക മാർഗ്ഗം. അതിന് കഴിയുകയില്ലെങ്കിൽ ബോർഡു ജീവനക്കീരുടെ പ്രവർത്തനം ജന കീയപരിശോധനക്ക് വിധേയമാക്കുകയെങ്കിലും ചെയ്യേണ്ടിയിരിക്കുന്നു.

സോഡിയം വേപ്പർ ലാപുകൾ സ്പോൺസർമാരുടെ സഹായത്തോടെ പ്രധാനപ്പെട്ട നാൽക്കവലകളിവും, മണ്ണാറശാല നാഗരാജക്ഷേത്ര പരിസരത്തും സ്ഥാപിക്കാവു ന്നതാണ്.

4 മിക്ക ഗ്രാമസഭകളിലും തെരുവുവിളക്കുകളുടെ ഒരു നീണ്ടപട്ടിക സമർപ്പിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്ത കണക്കിലെടുത്ത് വളരെ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കാൻ സ്കീമുകൾ തയ്യാറാക്കേണ്ടതാണ്.

5 പഞ്ചായത്തിന്റെ മുഴുവൻ വീടുകളിലും അനാർട്ടിന്റെ സഹായത്തോടെ ദക്ഷത കൂടിയ വിറകടുപ്പുകൾ സ്ഥാപിക്കാവുന്നതാണം.

6 പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളായ സൗരോർജ്ജം ജൈവോർജം എന്നിവ ഉപയോഗം വ്യാപകമാക്കാൻ അനാർട്ടുമായി സഹകരിച്ച് പദ്ധതികൾ തയ്യാറാക്കുക. ഇത്തരം ബോധവാന്മാരാക്കുന്നതിന് അനാർട്ടിന്റെ പരിശീലനം സിധിച്ച ടീമിന്റെ സേവനം പ്രയോജനപ്പെടുത്തണം.

7 പഞ്ചായത്തിന്റെ പുറംപോക്കുകളിൽ നേരിട്ടോ സ്വകാര്യവ്യക്തികളെ ഏർപ്പെടുത്ത യോ, വൃക്ഷങ്ങൾവച്ചു പിടിപ്പിച്ച് വിറകിന്റെ ലഭ്യതയും, പഞ്ചായത്തിന്റെ വരുമാനവും വർദ്ധിപ്പിക്കാവുന്നതാണ്.

5.7

# പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം.

മനുഷ്യജീവിതത്തിലെ പ്രധാന ഘടകങ്ങളിലൊന്നാണ് പാർപ്പിടം. പഞ്ചായത്തിലെ പകുതിയോളം വരുന്ന വീടുകളുടെ സ്ഥിതി വളരെ ദയനീയ അവസ്ഥയിലാണ്. ആകെയുള്ള വീടുകളുടെ എണ്ണത്തിൽ 25% കുടിലുകളാണ്. ഭവനനിർമ്മാണരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധിച്ച ചെലവുകാരണം ദാരിദ്രരേഖയ്ക്കു താഴെയുള്ളവർക്ക് സാമാന്യം നല്ല രീതിയിലുള്ള ഒരു വീട്വയ്ക്കുവാൻ ബുദ്ധിമുട്ടാണ്. ഈ സ്ഥിതി മാറ്റിയെടുക്കാൻ നിലവിലുള്ള സഹായത്തിന്റെ നിരക്ക് വർദ്ധിപ്പിക്കുകയും ലളിതമായ വ്യവസ്ഥകൾക്കുവിധേയമായി ലോൺ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക എന്നത് ഒരു പരിഹാരമാർ ഗ്ഗമാണ്. ലോണുകളും മറ്റു സഹായപദ്ധതികളും യഥാർത്ഥ ഗുണഭോക്താക്കൾക്കു തന്നെ ലഭിക്കണം എന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിലെ ഏകദേശം 50% വരുന്ന വീടുകളിൽ പ്രഥമിക സൗകര്യങ്ങൾ വേണ്ടവിധത്തിൽ നിലവിൽ ഇല്ലാത്ത അവസ്ഥയിൽ ആണ്. ഇതിന് അടിയന്തര പരിഹാരം ഉണ്ടാകേണ്ടതാണ്. നല്ലരീതിയിൽ നിർമ്മാണ പ്രവർത്തനം നടത്തിയിരിക്കുന്ന പകുതിയോളം വീടുകളിൽ ഏകദേശം 30% ഓടിട്ടതും 15% വീടുകൾ ഭാഗികനിർമ്മാണം നടത്തിയിട്ടുള്ളതുമാണ്. പഞ്ചായത്തിലെ നിലവിലുള്ള വീടുകളുടെ തരംതിരിച്ചുള്ള പട്ടിക വാർഡുതലത്തിൽ മറു പുറത്ത് കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ ലക്ഷം വീടുകളുടെ അവസ്ഥ വളരെ മോശമാണ്. ഇവയ്ക്ക് അറ്റകുറ്റപ്പണികൾ അടിയന്തരപ്രാധാന്യം നൽകി ചെയ്യേണ്ടതും അതിനാവശ്യമായ സഹായ ധനം നൽകേണ്ടതുമാണ്. ലക്ഷം വീടുകളിലും ഇന്നേവരെ വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കുവാൻ വേണ്ട നടപടിസ്വീകരിക്കുക, സ്വന്തമായ വീടും സ്ഥലവും ഇല്ലാത്ത ദാരിദ്രരേഖയ്ക്കു താഴെയുള്ള പത്തു ശതമാനത്തോളം കുടുംബങ്ങൾ ഉണ്ട്. ഇവർക്ക് വീടും സ്ഥലവും ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണം. സ്വന്തമായി സ്ഥലമുള്ള കുടുംബങ്ങൾക്ക് വീടുവയ്ക്കുവാൻ വേണ്ട സഹായമെത്തിക്കുക ലക്ഷം വീടുകളുടെ എണ്ണം വർദ്ധിപ്പിച്ചു നിർദ്ധനരായവരെ സഹായിക്കണം. കെട്ടിട നിർമ്മാണ സാമഗ്രികൾ ഒന്നും തന്നെ ഉല്പാദിപ്പിക്കുന്നില്ല. പഞ്ചായത്തിലെ കുടിലുകൾ മുഴുവനും സ്ഥിരം സംവിധാനത്തിൽ എത്തിക്കുവാനുള്ള സാമ്പത്തിക സഹായ പദ്ധതികൾ നടപ്പിൽ വരുത്തണം. എല്ലാ വീടുകളിലും വർഷത്തിൽ അഞ്ചുമാസക്കാലം കുടി വെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇതിന് വിപുലമായ ശുദ്ധജലവിതരണ പദ്ധതികൾ ഉണ്ടാകേണ്ടതാണ്.

സാധനസാമിഗ്രികളുടെ അമിതമായ വിലക്ക യറ്റവും ദുർവഹമായ കൂലിച്ചെലവും കാരണം പുതിയ കെട്ടിട നിർമ്മാണം വളരെയേറെ ദുഷ്ക്കരമാണ്. സർക്കാരിന്റെ പലവിധ സഹായപദ്ധതികളും നിലവിലുണ്ട്. എന്നാൽ ഇവയഥാകാലം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിനുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുന്ധിമുട്ടുകൾ ഒഴിവാക്കേണ്ടതാണ്. യുവജനസന്നദ്ധ സംഘടനകളുടെ പരമാവധി മനുഷ്യദ്ധ്യാനവും നിർമ്മിതി കേന്ദ്രം തുടങ്ങിയ ഏജൻസികളെ കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിക്കുന്നതും ഒരു പരിധിവരെ സഹായകമാണ്. റവന്യൂ വകുപ്പുമുഖേന, പ്രകൃതിക്ഷോഭത്താൽ വീടു നഷ്ടപ്പെടുന്നവർക്ക് നൽകുന്ന പുനരധിവാസപദ്ധതിയുടെ ആനുകൂല്യം ടി വീടുകൾ പുനർനിർമ്മിക്കുവാനോ നന്നാക്കുവാനോ തികയുകയില്ല. ആകയാൽ ഈ സഹായധനം വർദ്ധിപ്പിക്കേണ്ടതാണ്. വീടുകൾ നിലവിലില്ലാത്ത കോളനികളിൽ പ്ലാന്റ് സിസ്റ്റം നടപ്പാക്കാവുന്നതാണം. അടുത്ത അഞ്ചു വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരമാവധി പരിഹരിക്കുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. സിമന്റ്, കമ്പി മുതലായ കെട്ടിട നിർമ്മാണ സാമഗ്രികളുടെ പൊതുവിതരണ സമ്പ്രദായം ഏർപ്പെടുത്തുക.
2. പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക. ( ലേബർ മുതൽ എൻജിനീയർ വരെ സംഘത്തിലൂടെ സപ്ലൈ ചെയ്യുക. സർക്കാർ പദ്ധതികൾ പഞ്ചായത്തിലെത്തിക്കുന്ന ഏജൻസിയായി സന്നദ്ധസംഘടനയെ പ്രവർത്തിപ്പിക്കുക).
3. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി 15000/- രൂപയിൽ നിന്ന് 25000/- രൂപയായി ഉയർത്തുക.
4. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി 26400/- രൂപയിൽ 50,000/- രൂപയായി ഉയർത്തുക.
5. JAY, MWS, JRY, RLEGP എന്നിവ 15800/- രൂപയിൽ നിന്നും 30,000/- രൂപയായി ഉയർത്തുക.
6. ചെലവു കുറഞ്ഞ വീടുകൾക്ക് പ്രചരണം നൽകുക.
7. പുതിയതായി നിർമ്മിക്കുന്ന കോളനികൾ ഫ്ളാറ്റടിസ്ഥാനത്തിൽ ആക്കുക.
8. പ്രാഥമിക സൗകര്യങ്ങൾക്കായി അനുവധിക്കുന്ന ധനസഹായം 2500 ൽ നിന്നും 5000 രൂപയായി ഉയർത്തുക.
9. കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ നിമ്മിതി കേന്ദ്രത്തെ ഏല്പിക്കുക.
10. പഞ്ചായത്ത് അതിർത്തിയിൽ സ്ഥലവും വീടും ഇല്ലാത്തവർക്ക് 4 സെന്റ് സ്ഥലം വീതം വിതരണം ചെയ്യുന്നതിൽ നടപടി സ്വീകരിക്കുക.

# സാമൂഹ്യക്ഷേമം

പഞ്ചായത്തിൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഈ രംഗത്ത് ദാരിദ്ര രേഖയ്ക്കു താഴെയുള്ളവരെ ഉദ്ധരിക്കുവാനുള്ള ദാരിദ്രനിർമ്മാജന പദ്ധതിയും, സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമ പദ്ധതിയും പട്ടികജാതി വികസനകോർപ്പറേഷനും നിലവിലുണ്ട്. കൂടാതെ നിരവധി മേഖലകളിലേക്ക് സാമൂഹ്യക്ഷേമ പ്രവത്തനം വ്യാപിപ്പിക്കുവാൻ ശ്രദ്ധിക്കുക. വിധവകൾക്കും, കർഷകതൊഴിലാളികൾക്കും, വൃദ്ധജനങ്ങൾക്കും വികലാംഗർക്കും പെൻഷൻ സഹിതമുള്ള ആനുകൂല്യം ലഭ്യമാക്കണം. ഇവർ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ തീരുമാനമെടുക്കാനുള്ള കാലതാമസം ഒഴിവാക്കണം. നിയമത്തിന്റെയും സർട്ടിഫി ക്കേറ്റുകളുടേയും വ്യവസ്ഥകൾ ലളിതമാക്കേണ്ടതാണ്. സാമ്പത്തിക രംഗത്തെ പിന്നോക്കാവസ്ഥകാരണം വിദ്യാഭ്യാസം നേടുന്നതിൽ നിന്നും പിന്നോക്കം പോകുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിച്ചു പഠനം പൂർത്തിയാക്കുന്നതിന് സഹായിക്കേണ്ടതാണം. വനിതാ വികസന കോർപ്പറേഷൻ ആസ്ഥാനം തിരുപനന്തപുരത്തായാൽ പൊതുപ്രവർത്തന രംഗത്ത് വനിതകൾക്ക് ഈ കോർപ്പറേഷൻ ഇന്നും അന്യ മാണ്. ഇതിലൂടെ നടക്കുന്ന മുഴുവൻ വികസനപ്രവർത്ത നങ്ങളും പഞ്ചായത്തിലെത്തിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക. സ്ത്രീകളുടെയും, കുട്ടികളുടേയും ഉന്നമനത്തിന് വേണ്ടി പത്തോ അതിനധികമോ സ്ത്രീകൾക്കൂട്ടായി പ്രവർത്തിക്കുന്ന പൊതുസംരംഭങ്ങൾ ആരംഭിക്കുക.

വിവിധ തരത്തിലുള്ള പെൻഷനുകൾ കാലതാമസവും കുടിശികയും കൂടാതെ വിതരണം ചെയ്യുക. ജനസാന്ദ്രത കണക്കിലെടുത്ത് നിലവിലുള്ള പൊതുശ്മശാനം ഇലക്ട്രിക്ക് ശ്മശാനമായി ഉയർത്തുക. വാർഡുകളിലെ അംഗൻവാടി പ്രവർത്തനവും ശിശുക്ഷേമ പരിപാടികളും വിപുലീകരിക്കുക. അംഗൻവാടികൾ നിലവില്ലാത്ത സ്ഥലങ്ങളിൽ പുതിയതായി അംഗൻവാടികൾ സ്ഥാപിക്കുക. അറ്റകുറ്റപണികൾ നടത്തേണ്ട അംഗൻവാടികൾക്ക് (കെട്ടിടങ്ങൾക്ക്) അവ എത്രയും വേഗം നടത്തുകയും സ്ഥലവും കെട്ടിടവും ഇല്ലാത്ത അംഗൻവാടികൾക്ക് അവ ഉണ്ടാകുന്നതിനുള്ള സത്വര നടപടി ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിലെ ലക്ഷം വീടുകളിലെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ വൈദ്യുതി, കുടിവെള്ളം, പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാക്കുക. അറ്റകുറ്റപ്പണികൾ ആവശ്യമായ വീടുകൾക്ക് അവ നടത്തുക. വീടുകൾ ഇല്ലാത്തവർക്ക് അടിയന്തിരപ്രാധാന്യം നൽകി വീടുകൾ നൽകുക. പ്രകൃതിക്ഷോഭവും മറ്റു അപകടങ്ങളും അഭിമുഖീക രിക്കുന്നവർക്ക് അടിയന്തിരസഹായമെത്തിക്കുക. എല്ലാ വാർഡുകളിലും വൃദ്ധമന്ദിരങ്ങളും മഹിളാസ്ഥാപനങ്ങളും സ്ഥാപിക്കുക. പൊതുവിതരണ രംഗത്ത് ഒരു മാവേലി സ്റ്റോറും റേഷൻ കടകളും പ്രവർത്തിക്കുന്നു. പുതിയതായി ഒരു പച്ചക്കറി സ്റ്റോർ ആരംഭിക്കണം. നിർമ്മാണ തൊഴിലാളി, കർഷകതൊഴിലാളി, തയ്യൽ, ബാർബർ, മരംകയറ്റക്കാർ, ഇരുമ്പു പണിക്കാർ, ബീഡി തൊഴിലാളികൾ, വാച്ച്, സൈക്കിൾ റിപ്പയർ, ഫോട്ടോ ഗ്രാഫർമാർ, തേങ്ങാവെട്ടി ഉണക്കുന്നവർ എന്നിവരിൽ ക്ഷേമനിധിയിൽ ചേർന്നിട്ടില്ലാത്തവരെ അംഗങ്ങളാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ.

1. JRY ഫണ്ട് ഉപയോഗിച്ച് അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങളുണ്ടാക്കുകയും ഉള്ളവയിൽ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.
2. പഞ്ചായത്ത് പുറം പോക്കു ഭൂമി അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ നൽകുക.
3. 8-ാം വാർഡിലെ മാതൃശിശുക്ഷേമ കേന്ദ്രം P.H.C ആയി ഉയർത്തുക.
4. അംഗൻവാടികൾ ഇല്ലാത്ത പ്രദേശങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കുക.
5. സാമൂഹ്യക്ഷേമനിധിയിൽ നിന്നും നൽകിയിട്ടുള്ള ധനസഹായത്തിന് എത്രയും വേഗം നടപടി എടുക്കുക.
6. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ലോണുകൾ അടക്കമുള്ള സാമ്പത്തിക സഹായത്തിനുള്ള വ്യവസ്ഥകൾ ലളിതമാക്കുക.
7. കർഷകത്തൊഴിലാളി ക്ഷേമത്തിന് വേണ്ടി നെൽകൃഷി നടത്തുന്ന പ്രദേശങ്ങൾ നികത്തുന്ന പ്രവണത അവസാനിപ്പിക്കുക.
8. നക്രാത്ത് കോളനിയുടെ പടിഞ്ഞാറുവശം പീലിങ്കെട്ടി ബലപ്പെടുത്തുക.
9. അമിതമായ കെട്ടിട നിർമ്മാണച്ചെലവ് കണക്കിലെടുത്ത് എല്ലാ വാർഡുകളിലും ഭവനനിർമ്മണ കൗൺസിൽ രൂപീകരിക്കുക.
10. കൊതുകു നിയന്ത്രണത്തിനും പേപ്പട്ടി ശല്യത്തിനും പകർച്ച വ്യാധികൾക്കും എതിരെ അടിയന്തിര നടപടികൾ സ്വീകരിക്കുക.
11. 8-ാം വാർഡിൽ പടിഞ്ഞാറെ നടയിൽ ഒന്നും രണ്ടും സെന്റുകളിൽ താമസിക്കുന്ന കുടുംബിസമുദായ അംഗങ്ങൾക്കും മറ്റുള്ള ജനവിഭാഗങ്ങൾക്കുമായി പഞ്ചായത്ത് പുറംപോക്കിൽ ഒരു ശ്മശാനം സ്ഥാപിക്കുക.

**ചാർട്ട് 1.14 A**
**കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ 1995 - 96**
**Ref. E.**

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം — ഒരു നിലയുള്ള കെട്ടിടങ്ങൾ | | | | വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| 1 | 436 | - | 76 | 240 | 97 | 23 | 36 |
| 2 | 644 | 59 | 123 | 346 | 78 | 38 | 52 |
| 3 | 570 | 13 | 155 | 298 | 58 | 46 | 38 |
| 4 | 942 | 112 | 312 | 365 | 94 | 59 | 7 |
| 5 | 378 | 7 | 64 | 198 | 75 | 34 | 21 |
| 6 | 498 | 4 | 82 | 256 | 88 | 68 | 36 |
| 7 | 342 | 1 | 37 | 188 | 108 | 8 | 51 |
| 8 | 517 | 9 | 94 | 264 | 85 | 65 | 4 |
| 9 | 639 | 28 | 185 | 318 | 88 | 20 | 16 |
| ആകെ | 4966 | 233 | 1128 | 2473 | 771 | 361 | 261 |

| ക്രമ നമ്പർ | വാർഡ് | എണ്ണം | അംഗൻ വാടി നമ്പർ | കുട്ടി കളുടെ എണ്ണം. | കെട്ടിട മുള്ളത് | കെട്ടിടം ഇല്ലാത്തത് | സ്ഥലം ഉള്ളത് | സ്ഥലം ഇല്ലാത്ത് | കളി പ്പാട്ടം ഉള്ളത് | കളി പ്പാട്ടം ഇല്ലാത്തത് | സ്ഥമുണ്ടാ യിട്ടും കെട്ടിടം ഇല്ലാത്തത് | അംഗൻവാടി അനുവദിക്കേണ്ടതിന്റെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1 | 1 | No. 18 | 39 | ഉണ്ട് | – | ഉണ്ട് | – | ഉണ്ട് | – | – | 1 |
| 2 | 2 | 2 | No. 21<br>No. 101 | | | | | | | | | |
| 3 | 3 | 2 | | | | | | | | | | |
| 4 | 4 | - | | | | | | | | | | 1 |
| 5 | 5 | 1 | | | | ഇല്ല | | ഇല്ല | | ഇല്ല | | 1 |
| 6 | 6 | 1 | No. 22 | | 1 | | 1 | | | | | 1 |
| 7 | 7 | 1 | | | 1 | | 1 | | | | | 1 |
| 8 | 8 | 1 | | | | 1 | | 1 | | | | 1 |
| 9 | 9 | 1 | | | | 1 | | 1 | | | | 1 |



# സംസ്ക്കാരം

മാനവികതയുടെ കൂട്ടായ്മയിൽ വ്യക്തിത്വ വിക സനത്തിന്റെ പരിച്ഛേദമാണ് ഓരോ കാലഘട്ടത്തി ലേയു സാംസ്ക്കാരിക നിലവാരത്തിന്റെ അളവുകോൽ. ഓരോ വിഭാഗം ജനങ്ങളുടേയും, വിവിധ വിഭാഗം ജനതയുടെയു ജീവിത രീര യിൽ അനുവർത്തിക്കുന്ന ആചാരാനുഷ്ഠാന



ങ്ങളും, അഭിരുചികളും, അദ്ധ്വാനശക്തികളുടെയും, സാമ്പത്തിക സംവിധാനങ്ങളുടെയും, സാമൂഹ്യ ധാരണകളുടെയും എല്ലാം എല്ലാം കൂട്ടായ്മയിൽ നിന്നും ഉരുത്തിരിയുന്ന ഏകത്വം സമൂഹത്തിന്റെ സംസ്ക്കാരത്തിന്റെ വിളനിലമാകുന്നു.

മദ്ധ്യതിരുവിതാംകൂറിന്റെ തിലകക്കുറിയായി ചരിത്രാതീതകാലം മുതൽ പ്രശോഭിക്കുന്ന 'ഹരിപ്പാട്' എന്ന ഗ്രാമത്തിന് നഷ്ടപ്രതാപങ്ങളുടെ ഒട്ടനവധി മധുരിക്കുന്ന ഓർമ്മൾ അയവിറക്കാനുണ്ട്. ജന്മി-നാടുവാഴിത്വത്തിന്റെയും, രാജാധികാര പ്രമത്തതയുയെയും, ഇല്ലങ്ങളുടെയും, ക്ഷേത്രാരാധനയുടെയും നാടായ ഹരിപ്പാട് അഭിമാനാർഹമായ ഒരദ്ധ്യായത്തിന്റെ പിൻതുടർച്ചയാണ്.

'കേരള കാളിദാസൻ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ശ്രീ. കേരളവർമ്മ വലിയകോയിതമ്പുരാനെ, രാജകോപത്താൽ ശിക്ഷിക്കപ്പെട്ട് ഹരിപ്പാട്ടെ ഠാണാവിൽ പാർപ്പിച്ചിരുന്നതും, തമ്പുരാൻ അവിടെ നിന്നും പ്രാണപ്രേയസിക്ക് മയൂരം വഴി സന്ദേശം അയച്ചതും (മയൂരസന്ദേശം) ഈ കൊച്ചുഗ്രാമത്തിന്റെ ചരിത്രത്തിരുനെറ്റിയിൽ നിന്നു കൊണ്ടാണെന്ന കാര്യം ആരെയാണ് ഹർഷപുളകിതരാക്കാത്തത്.?

"തെക്കൻ പളനി" എന്ന് ആരാധകർ വാഴ്ത്തുന്ന ഹരിപ്പാട് ശ്രീ. സുബ്രഹ്മണ്യസ്വാമിക്ഷേത്രത്തിലെ തിരു ആറാട്ടും അതിനു മുമ്പ് ദശദിനങ്ങളിൽ നടക്കുന്ന ദേശീയോത്സവവും ഈ നാടിന്റെ സാംസ്ക്കാരിക തനിമയുടെ മുഖമുദ്രതന്നെ! നാനാജാതി മതസ്ഥർക്കും ഒരുപോലെ പങ്കെടുക്കാവുന്ന ഇവിടത്തെ ഉത്സവം പോലെ തന്നെ സമത്വഭാവനയുടെ സുന്ദരമായ ഒരു പുറം ലോകം ഇവിടെയുണ്ട്. ജാതി മത വൈരങ്ങളുടെ അന്തർലീനമായ ചിന്താധാരകൾ അകമേയുണ്ടെങ്കിലും പുറത്ത് മതേതരത്വത്തിന്റെ മഹനീയത വിളംബരം ചെയ്യുന്ന സൗഹാർദ്ദമായൊരന്തരീക്ഷം ഈ ഗ്രാമത്തിന്റെ പ്രത്യേകതയാണ്.

വളരെയേറെ പ്രസിദ്ധമായ മണ്ണാറശാല നാഗരാജക്ഷേത്രം ഇവിടെയാണ്. ഭാരതത്തിന്റെ പലഭാഗത്തു നിന്നും ഉദ്ദിഷ്ട കാര്യസാദ്ധ്യത്തിനായി ഈ ക്ഷേത്രത്തിൽ എത്തിചേരുന്ന ഭക്തജനങ്ങളുടെ തിരക്ക് ഏറ്റവും കൂടുന്നത് തുലാമാസത്തിലെ തിരു ആയില്യ മഹോത്സവ ദിവസമാണ്.

കോളോത്ത് ഭഗവതിക്ഷേത്രം, തുക്കയിൽ, തൃപ്പടക്കം, വാത്തുകുളങ്ങര, അരനാഴിക, പനമൂട്ടിൽ, നഗരി തുടങ്ങി എത്രയെത്ര ഹിന്ദുദേവാലയങ്ങൾ, മുസ്ലീം, ക്രൈസ്തവ ദേവാലയങ്ങൾ എല്ലാം എല്ലാം മുഖാമുഖം, പരസ്പരം ബഹുമാനാദരവോടെ തലയുയർത്തി നില്ക്കുന്ന ഈ കൊച്ചുഗ്രാമം മാനവമൈത്രിക്ക് മകുടോദാഹരണമാണ്.

വിദ്യാഭ്യാസ നിലവാരത്തിൽ ഹരിപ്പാട് ഗ്രാമത്തിലെ ജനങ്ങൾ വളരെ മുന്നിലാണ്. അതിനൊരു കാരണവും ഉണ്ട്. ഇംഗ്ലീഷ് വിദ്യാഭ്യാസം സാർവത്രീകമാകും മുമ്പ് തിരുവിതാംകൂറിൽ തലയുയർത്തി പ്രൗഢിയോടെ നിന്ന മണ്ണാറശാല മലയാളം വിദ്വാൻ ഹൈസ്ക്കൂളും, ആയുർവ്വേദ സ്ക്കൂളും, എഴിക്കകത്ത് ജംഗ്ഷന് കിഴക്കുവശം ഇപ്പോഴും നിലനില്ക്കുന്ന മലയാളം പള്ളിക്കൂടമെന്ന യു. പി. സ്ക്കൂളും ഈ നാടിന്റെ നാനാ മേഖലകളിൽ നിന്നും ഇവിടെയെത്തി വിദ്യ അഭ്യസിച്ചവർ ലോകത്തിന്റെ പല കോണുകളിലും ഇപ്പോഴും ഉണ്ട്. കലാ-സാഹിത്യ-സാംസ്ക്കാരിക രംഗങ്ങളിലും ഭരണ നിർവ്വഹണ രംഗങ്ങളിലും, വ്യക്തിമുദ്ര പതിപ്പിച്ച ബഹുഭാഷാ പണ്ഡിതരും, ജ്ഞാനികളും പിന്തുടർന്ന കാലടിപ്പാടുകൾ പലതും ഇന്നത്തേ തലമുറക്ക് മാർഗ്ഗദർശികളാകേണ്ടതാണ്. സർവ്വശ്രീ. പി. ശേഷാദ്രി അയ്യർ, മാടശ്ശേരി മാധവവാര്യർ, സി. എസ്. ബാലകൃഷ്ണവാര്യർ, പ്രൊഫ. പപ്പുപിള്ള, എം. ബി. ബാലകൃഷ്ണവാര്യർ, അഡ്വ. പി. സുബ്ബയ്യർ. തേവലപ്പുറത്ത് മാധവൻ വക്കീൽ, പ്രൊഫ. ഉണ്ണുണ്ണി തരകൻ, പുത്തിയിൽ ഭാസ്ക്കരൻ മൂത്തത് തുടങ്ങിയ എത്രയെത്ര പ്രതിഭാധനർ നമ്മുടെ ഗ്രാമീണ ജനതയുടെ സാംസ്ക്കാരിക നവോത്ഥാനത്തിന്റെ പാതയിൽ സമർപ്പിത ജീവിതം കാഴ്ചവച്ചിരിക്കുന്നു.

ശ്രീ. കെ. ആർ. ഹരിപ്പാട്, ഹരിപ്പാട് ബ്രദേഴ്സ് എന്ന പേരിൽ പ്രശസ്തരായിട്ടുള്ള ചെല്ലപ്പ പണിക്കർ, പാഠകവിദ്വാൻ ഹരിപ്പാട് അച്ചുതദാസ്, കഥകളിയരങ്ങ് കീഴടക്കിയ ഹരിപ്പാട് രാമകൃഷ്ണപിള്ള തുടങ്ങിയവരെ ആർക്കാണ് മറക്കാൻ കഴിയുക. സപ്തതി ആഘോഷിച്ചുകഴിഞ്ഞ ശ്രീ. അച്ചുതവാര്യർ കലാരംഗത്തിന് മുതൽക്കൂട്ടാണ്.

ശ്രീകുമാരൻ തമ്പിയും, പി. വി. തമ്പിയും, എം. ജി. രാധാകൃഷ്ണനും, ഹരിപ്പാടിന് അഭിമാനിക്കാവുന്ന വിധത്തിൽ തനതായ കഴിവുകൾ പ്രകടിപ്പിച്ചു കൊണ്ടിരിക്കുമ്പോൾ പുത്തൻ തലമുറയിൽപ്പെട്ട അബ്ദുൽ റസാക്കും, സുരേഷ് മണ്ണാറശാലയും, ഹരിപ്പാട് അനിൽ കുമാറും, ഹരിപ്പാട് സോമനും വിവിധ രംഗങ്ങൾ കീഴടക്കാൻ പരിശ്രമിക്കുകയാണ്.

## ശ്രീരാമകൃഷ്ണാശ്രമം.

സാംസ്ക്കാരിക വളർച്ചക്കൊപ്പം ആദ്ധ്യാത്മികതകളും ഇവിടെ അടിസ്ഥാനപരമായി തന്നെ ഒരു കേന്ദ്രം പ്രവർത്തിച്ചിരുന്നു. ഹരിപ്പാട് ശ്രീരാമകൃഷ്ണാശ്രമം ഒരു കാലഘട്ടത്തിൽ വളരെയേറെ പ്രൗഢിയോടെ പ്രവർത്തിച്ചിരുന്ന ആശ്രമം ഇന്ന് ക്ഷയോന്മുഖമാണ്. ആശ്രമം സ്ക്കൂൾ ഇന്നില്ല. ആശ്രമത്തിൽ സന്യാസിമാർ ഇല്ല. ആഘോഷങ്ങളും പന്തിഭോജനവും ഇന്നില്ല. സാമൂഹ്യപരി വർത്തനഘട്ടത്തിൽ മാറിവന്ന ജീവിതസാഹചര്യങ്ങളും, പുരോഗമന ചിന്താധാരയും, ആത്മീകതയിൽ നിന്നുള്ള വ്യതിചലനവും എല്ലാംകൂടിയായപ്പോൾ ആശ്രമത്തിന്റെ പഴയകാല പ്രതാപം കെട്ടടങ്ങിയിരിക്കുന്നു. എന്നാൽ ജാതി വൈരവും തൊട്ടുകൂടായ്മയും ഭ്രഷ്ടും നിലനിന്നിരുന്ന ആദ്യം പന്തിഭോജനം നടത്തി മതനിരപേക്ഷ സാമൂഹ്യഘടനയ്ക്ക് മകുടം ചാർത്തിയതിന് വേദിയായത് ഈ ആശ്രമം ആയിരുന്നു എന്നത് നമ്മുടെ നാടിന്റെ സാംസ്ക്കാരിക പൈതൃകത്തിന് ഉത്തമദൃഷ്ടാന്തമാണ്.

## പരിപോഷിപ്പിക്കപ്പെടേണ്ട കലകൾ:

ഓണാട്ടുകരയും അപ്പർകുട്ടനാടും ചേർന്ന് ഭൂപ്രദേശത്ത്, പണിയാളർ തിങ്ങിനിറഞ്ഞ പണിയിടങ്ങളിൽ അദ്ധ്വാനത്തിന്റെ മഹിമ വിളംബരം ചെയ്യുന്ന അനേകം കലാരൂപങ്ങൾ പ്രചാരത്തിലുണ്ടായിരുന്നു. തെയ്യവും കോലവും ഇന്ന് കാണാനില്ല. ഞാറ്റു പാട്ടും വായ്പാട്ടുകളും കേൾക്കാനില്ല. നൃത്തവും തിരുവാതിരയും കുത്തിയോട്ടവും കോലടിയും മൺമറഞ്ഞുകൊണ്ടിരിക്കുന്നു. അക്ഷരശ്ലോകവും നാടകവും കനിതാലാപനവും എല്ലാം ജനതയുടെ തിരക്കേറിയ ജീവിതത്തിൽ നിന്നും അകലുന്നു. അതോ ആധുനിക വാർത്താ ചിത്രവിപണന മാദ്ധ്യമങ്ങൾ പരത്തുന്ന പ്രചണ്ഡമായ പ്രചരണത്തിൽ ഇവ മുങ്ങി താഴുകയാണോ? നമ്മുടെ പഴയകാല കലാരൂപങ്ങൾ നിശ്ചയമായും പുനർജീവിപ്പിക്കണം. അതിനായി ശ്രദ്ധിക്കണം.

ഹരിപ്പാട്ടെ പ്രശസ്തമായ ശ്രീ. കേരളവർമ്മ സ്മാരക കാർത്തികപ്പള്ളി താലൂക്കുസെൻട്രൽ ലൈബ്രറി കലാ സാംസ്ക്കാരിക പ്രതിഭകൾക്ക് എല്ലാവിധ പ്രചോദനവും നൽകിക്കൊണ്ട് കാലത്തിന്റെ ജീർണ്ണതകളെ അതിജീവിച്ചു തലയുയർത്തി നില്ക്കുന്നു. മുക്കാൽ നൂറ്റാണ്ടു പഴക്കമുള്ള ഈ സ്ഥാപനം പഞ്ചായത്തിലെ ഏക ഗ്രന്ഥശാലയാണ്. വായനാശീലം ഗ്രാമീണ സർവ്വകലാശാലകൾ എന്ന തത്വം അന്വർത്ഥമാക്കിക്കൊണ്ട് നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന ഇവിടെ പോരായ്മകൾ വളരെയുണ്ട്. ഈടുറ്റ പുസ്തകങ്ങൾ, അമൂല്യമായ ഗ്രന്ഥങ്ങൾ, നിരവധി ദിനപത്രങ്ങൾ, മാസികകൾ എല്ലാം ദിവസവും നൂറുകണക്കിന് വായനക്കാർക്ക് സഹായകമാകുന്നു. വളരെക്കാലം അടഞ്ഞുകിടന്നിരുന്ന ഈ ലൈബ്രറി ജനകീയ സ്വഭാവമുള്ളതാക്കി മാറ്റാനും, ജനാഭിലാക്ഷത്തന് അനുസൃതമായി വളർത്താനും പുരോഗമന കലാസാഹിത്യ സംഘത്തിന്റെ പ്രവർത്തകരായിട്ടുള്ള ഇന്നത്തെ ഭരണകർത്താക്കൾ നിതാന്ത ശ്രദ്ധയിലാണ്. പഴയ ഷെൽഫുകളും ഉപകരണങ്ങളും മാറ്റി പുതിയവ സ്ഥാപിച്ചും ജീർണ്ണിച്ച കെട്ടിടത്തിനുപകരം പുതിയവ സ്ഥാപിച്ചും പോരായ്മകൾ നികത്താൻ കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതുണ്ട്.

ടി ലൈബ്രറിയോളം തന്നെ പഴക്കമുള്ള ഹരിപ്പാട് ടൗൺ ഹാൾ സാംസ്ക്കാരിക പ്രവർത്തനത്തിന് കലാ-സാഹിത്യപ്രചരണങ്ങൾക്ക് വേദിയൊരുക്കി ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്നു. ഈ ടൗൺഹാളിന്റെ ഭരണം റിസീവറുടെ പക്കലായതിനാൽ അതിന്റെ ദു:സ്ഥിതി കൂടുകയാണ്. ടൗൺ ഹാളിന്റെ നിലനില്പും, വികസനവും ജനങ്ങൾക്ക് പ്രയോജനകരമായുള്ള പ്രവർത്തനവും ത്വരിതമാക്കുവാൻ ഇതിന്റെ ഭരണം ഗ്രാമപഞ്ചായത്തിന്റെ കൈകളിലെത്തിയാലെ കഴിയു. സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുക എന്നത് ഏതൊരു കാലഘട്ടത്തിലെയും ചൈതന്യവത്തായ പ്രവർത്തനമായിരുന്നു. രാജസദസുകളിൽ നിന്നും കലയും, കവിതയും, കഥയും, തുള്ളലും, കൂടിയാട്ടവും ജനമദ്ധ്യത്തിലേക്ക് കൊണ്ടുവന്നത് സാഹിത്യകാരന്മാരാണ്.

അതുപൊലെത്തന്നെ മാനവീകജീവിതത്തിന്റെ എല്ലാവശങ്ങളേയും ദു:ഖത്തേയും സുഖത്തെയും വിതയ്ക്കുന്ന നയങ്ങളെയും അതിനെതിരെയുള്ള പോരാട്ടങ്ങളെയും സാഹിത്യകലാരൂപങ്ങളിലൂടെ മനുഷ്യമന സ്സുകളിലേക്ക് പകർത്തുന്ന ധന്യമായ ജോലിയാണ് സാഹിത്യകാരന്മാർ ചെയ്യുന്നത്. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളേയും തട്ടിത്തകർക്കുവാനും യഥാർത്ഥ ജീവിതത്തിന്റെ ചലനാത്മക ഭാവങ്ങളിലൂടെ പുത്തൻ സംസ്ക്കാരങ്ങൾ നെയ്തെടുക്കുക കൂടി സാഹിത്യകാരന്മാർ ചെയ്യുന്നു. അവർ നമ്മുടെ ജീവിക നൗകയുടെ തുഴച്ചിൽക്കാരാണ്. അവരെ ആദരിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും കഴിയണം. നാടിന്റെ നാനാഭാഗത്തുനിന്നുള്ള പ്രതിഭാധനരായ കവികളും കലാകാരന്മാരും സാഹിത്യകാരന്മാരും ഇന്ന് ഹരിപ്പാട് സ്ഥിരതാമസമാക്കിയിട്ടുണ്ട്. വിപ്ലവ കവി എം. കൃഷ്ണൻ കുട്ടിയും, നാടക കൃത്തായ പ്രഭുല്ല കുമാറും, ബാലസാഹിത്യകാരനായ ഏവൂർ പരമേശ്വരനും രാഘവൻ കേദാരവും ആവിധത്തിൽ ഹരിപ്പാടിന്റെ ചൈതന്യത്തിന് മാറ്റുകൂട്ടുന്നു.

## കലാസമിതികൾ

ഗ്രാമാന്തരങ്ങളിൽ രൂപീകൃതമാകുന്ന കലാ-കായിക സമിതികൾ നിരവധിയാണ്. പക്ഷേ പലതും ഉദയവും അസ്തമനവും ഒരുമിച്ച് ആഘോഷിക്കുന്നവയാണ്. വേണ്ടത്ര പരിഗണനയും പിന്തുണയും ലഭിക്കാത്തതുമൂലം വളർച്ച മുരടിച്ച ചില ക്ലബ്ബുകൾ ഇപ്പോഴും പല സ്ഥലങ്ങളിലുമുണ്ട്.

നാടകാസ്വാദനത്തിന് മുൻതൂക്കം നൽകിയിരുന്ന ആർട്ട്സ് സൊസൈറ്റികളും ഫിലിം ക്ലബ്ബുകളും ക്രക്കറ്റു ക്ലബ്ബുകളും ഉണ്ടായിരുന്നു. അവയെല്ലാം അകാലത്തിൽ അസ്തമിക്കുകയായയിരുന്നു. ഫുട്ബോൾ, വോളിബോൾ തുടങ്ങിയ കായിക-കലാരംഗത്ത് ഏറെ പ്രശസ്തിയുണ്ടായിരുന്ന ക്ലബ്ബുകളും ഇന്ന് നിഷ്പ്രഭമാണ്. അവയെല്ലാം നൽകിയ സംഭാവനകൾ നമ്മുടെ നാടിന്റെയും നാട്ടാരുടേയും സാംസ്ക്കാരിക നില മെച്ചപ്പെടുത്താവാൻ ഏറെ സഹായിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള വോളിബോൾ മത്സരം കാണാൻ ഹരിപ്പാടിന് അവസരമുണ്ടാക്കിയ ടൗൺ ക്ലബ്ബിന്റെ പ്രവർത്തനം മഹനീയമായിരുന്നു.

ഇവയെല്ലാം നമ്മുടെ നാടിന് ഇനിയും ഏറെ സംഭാവന ചെയ്യുവാൻ കഴിയുന്ന പുത്തൻ തലമുറയുടെ കൈകളിൽ സുരക്ഷിതമാണ്. പുനർജനിക്കുകയും അവ സംരക്ഷിക്കപ്പെടുകയും വേണം. ഹരിപ്പാട് കേന്ദ്രീകരിച്ച് ഇപ്പോൾ നിരവധി പ്രൊഫഷണൽ കലാസമിതികളുടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. നവദർശന, ദർശന, കേരള നൃത്തകലാക്ഷേത്രം, സുദർശന നൃത്തകലാനിലയം തുടങ്ങിയ സമിതികൾ അക്കൂട്ടത്തിൽപ്പെടുന്നു. എന്നാൽ ഇവ കൈകാര്യം ചെയ്യുന്ന പ്രമേയങ്ങൾ സാംസ്ക്കാരിക വളർച്ചയ്ക്കും ജീവിത പുരോഗതിയ്ക്കും സഹായകരമായ രീതിയിൽ ആണോ എന്ന് ചിന്തിക്കേണ്ടതുണ്ട്.

ജീവിതത്തിന്റെയും സമൂഹത്തിന്റേയും കണ്ണാടിയാണ് കലാരൂപങ്ങൾ എന്നതിനാൽ ജീവിതപുരോ ഗതിക്കുതകുന്ന മൂല്യങ്ങൾ ഉൾക്കൊള്ളുന്ന കലാരൂപങ്ങൾക്ക് പ്രാമുഖ്യം നൽകാൻ ഇവർ ശ്രദ്ധിക്കണം.

## കായികരംഗം - ശ്രദ്ധ അനുവാര്യം.

വ്യക്തിത്വവികാസത്തിന്റെ മേഖലയിൽ ഏറെ സംഭാവന ചെയ്യാൻ കഴിയുന്ന കായിക (SPORTS) രംഗത്ത് ഏറെ പിന്നിലാണ് എന്ന ദു:ഖസത്യം മറച്ചുവച്ചിട്ടു കാര്യമില്ല. കായികരംഗത്ത് പ്രതിഭകളെ കണ്ടെത്തുവാനും കാര്യക്ഷമമായ പരിചരണം നൽകി വളർത്തുവാനും ശ്രമിച്ചാൽ കായികരംഗത്ത് പുത്തൻപ്രതിഭകളെ സംഭാവന ചെയ്യാൻ ഈ ഗ്രാമത്തിനും ഗ്രാമീണർക്കും കഴിയും. അതിനുള്ള തീവ്രമായ ശ്രമം ആരംഭിക്കണം. ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബുകൾക്ക് ഈ കാര്യത്തിൽ ഏറെ ശ്രദ്ധിക്കാൻ കഴിയും.

സാംസ്ക്കാരിക രംഗത്ത് നവോത്ഥാനത്തിന്റെ ശംഖനാദം മുഴക്കുവാൻ പ്രതിഭാശാലികളെ കണ്ടെത്തുവാൻ സ്ക്കൂൾ തലം മുതൽ ശ്രമം ആരംഭിക്കണം. സ്ക്കൂൾ നിലവാരത്തിൽ നടത്തുന്ന പ്രവർത്തനങ്ങളെ ഗ്രാമപഞ്ചായത്തുകളും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളും നൽകുന്ന സഹായങ്ങൾ കാര്യക്ഷമമാക്കണം.

## സ്ക്കൂളുകൾ:

നമ്മുടെ സാംസ്ക്കാരിക മാനവികതയ്ക്കും മാറ്റു കൂട്ടുന്ന പുത്തൻതലമുറയെ വളർത്തിയെടുക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് നമ്മുടെ സ്ക്കൂളുകളാണ്. സ്ക്കൂളുകളിൽ ഇന്നുള്ള പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധിക്കണം. സ്ക്കൂളുകളിൽ കലാസമിതികൾ സംഘടിപ്പിക്കുവാനും, സാംസ്ക്കാരിക വേദികൾ ഒരുക്കാനും അവിടെ സൗഹൃദ മത്സരങ്ങൾ സംഘടിപ്പിക്കുവാനും അഭിനയത്തിലും കവിതാലാപനത്തിലും പ്രസംഗത്തിലും ചിത്രരചനയിലും പ്രാവീണ്യം പകരാനും വേണ്ട സംവിധാനങ്ങൾ ചെയ്യാൻ കഴിഞ്ഞാൽ വരും തലമുറയെ കൂടുതൽ പ്രാപ്തരാക്കി മാറ്റാം

## കൈവിടുന്ന ഗ്രാമീണത.

ഗ്രാമവും പട്ടണവും രാജ്യവും ലോകവും തമ്മിലുള്ള അകലം ഇന്നുകുറഞ്ഞു വരുകയാണ്. ലോകത്തിന്റെ ഏതുമൂലയിലും അപ്പോഴപ്പോൾ നടക്കുന്ന സംഭാവനകൾ തൽസമയം തന്നെ സമ്മുടെ ഗ്രാമത്തിലിരുന്നുകൊണ്ടു കാണാൻ കഴിയും വിധത്തിൽ. ശാസ്ത്ര-സാങ്കേതിക നേട്ടം കൈവരിച്ചിരിക്കിന്ന ഈ കാലത്ത് സാംസ്ക്കാരിക രംഗത്തും ആഗോളവല്ക്കരണം കടന്നു വരുന്നു.

ദൂരദർശൻ ശൃംഖലകൾ പകർന്നു നൽകുന്ന വിഭവങ്ങൾ സാംസ്ക്കാരിക പുരോഗതിക്ക് നൽകുന്ന സംഭാവനകളേക്കാൾ കൂടുതൽ അധ:പതനത്തിന്റെ പരശതം മുൾമുനകളാണ്. പുത്തൻതലമുറയ്ക്ക് ഭീകരതയുടെ ഒരു മുഖം സംഭാവനചെയ്യുന്നതിൽ മാദ്ധ്യമങ്ങൾ വഹിക്കുന്ന പങ്ക് കുറച്ചുകണ്ടുകൂടാ.

## കമ്പോള വല്ക്കരണ സംസ്ക്കാരം.

ടിവിയും റേഡിയോയും പത്രങ്ങളും പരസ്യങ്ങളാൽ നിറക്കപ്പെടുമ്പോൾ യഥാർത്ഥ മനുഷ്യൻ അതു കണ്ടും കേട്ടും വിഭ്രാന്തിയിലാവുകയാണ്. ഏതാണ് ലാഭകരം, ഏതാണ് ഗുണകരം, ഏതാണ് സ്വീകാര്യം എന്നു തിരിച്ചറിയാതെ വിഷമിക്കുന്നു. അവിടെ ജീവിത തനിമയും പ്രകൃതിയും കുളിർകാറ്റും കുളിർജലവും നമുക്ക് അന്യമാകുന്നു. അവ നാമറിയാതെ നമ്മിൽനിന്നും ചോർത്തുന്നു. പകരം നമുക്ക് കൃത്രിമത്തിന്റെ കമ്പോളവല്ക്കരണത്തിന്റെ ഒരു പൊയ്മുഖം തരുന്നു. അതിനെതിരായ ജാഗ്രത പുലർത്താൻ നമ്മുടെ തലമുറയെ പ്രാപ്തരാക്കേണ്ടതുണ്ട്. സത്യവും മിത്ഥ്യയും കൃത്രിമത്വവും തമ്മിൽ ഏറ്റുമുട്ടുമ്പോൾ തിരിച്ചറിവിന്റെ സംസ്ക്കാരത്തെ നാം പരിപോഷിപ്പിക്കണം.

## നിർദ്ദേശങ്ങൾ

1. എല്ലാ വാർഡുകളിലും വായനശാലകൾ സ്ഥാപിക്കുക.
2. ശ്രീ. കേരളവർമ്മ സ്മാരക സെൻട്രൽ ലൈബ്രറിയുടെ പോരായ്മകൾ പരിഹരിച്ച് കൂടുതൽ മെച്ചപ്പെടുത്തുകയും പഞ്ചാത്തിലെ മറ്റു എല്ലാ വായനശാലകൾക്കും പുസ്തകങ്ങൾ കൊടുക്കുന്ന കേന്ദ്ര ലൈബ്രറിയായി പരിഗണിച്ചു പരിപോഷിപ്പിക്കുകയും ചെയ്യുക.
3. വായനശാലകൾക്ക് പത്ര-മാസികകൾ നൽകുക.
4. എല്ലാ ഗ്രന്ഥശാലകൾക്കും വായനശാകൾക്കും ഓരോ ടി.വി. നൽകുക.
5. ടൗൺഹാൾ പുനരുദ്ധരിക്കുകയും കൂടുതൽ സൗകര്യപ്രദമാക്കുകയും ചെയ്യുക.
6. കലാസമിതികർക്കും കായിക ക്ലബ്ബുകൾക്കും പ്രോത്സാഹനം നൽകുകയും ഗ്രാന്റു നൽകുകയും ചെയ്യുക.
7. കലാ-കായിക പ്രതിഭകൾക്ക് പ്രത്യേക കോച്ചിംഗ് സൗകര്യം ഏർപ്പെടുത്തുക.
8. പ്രാചീന കലകളെയും നാടൻകലകളെയും പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
9. സ്ക്കൂൾ സാംസ്ക്കാരിക സമിതികർ ശക്തമാക്കുക.
10. പരിശീലനകളരികൾ സ്ഥാപിക്കുകയും പ്രഗത്ഭമതികളുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്യുക.
11. സാഹിത്യകാരന്മാർക്ക് പ്രസിദ്ധീകരണത്തിന് വേണ്ട സഹായങ്ങൾ ചെയ്യുക.

## 5.9

# വനിത

ഹരിപ്പാട് പഞ്ചായത്തിലെ ജനസംഖ്യ 14978 ആണ്. അതിൽ സ്ത്രീകളുടെ എണ്ണം 7683 ആണ്. ഇതിനർത്ഥം പുരുഷന്മാരേക്കാൾ സ്ത്രീകളാണ് മുന്നിൽ എന്നാണ്. വനിതാവിമോചന പ്രസ്ഥാനങ്ങൾ ഉയർത്തെഴുന്നേൽ ക്കുന്ന ഈ കാലഘട്ടത്തിൽ പോലും നമ്മുടെ പഞ്ചായത്തിലെ വനിതകൾ അവരുടെ അവകാശ സമരങ്ങളിൽ പങ്കെടുക്കാതെ നിഷ്ക്രീയരായിരിക്കുന്നു എന്നതാണ് സത്യം. പരമ്പരാഗതമായി സംഭവിച്ച പുരുഷമേധാവിത്വം സ്ത്രീകളെ അടിമകളാക്കി മാറ്റിയിരുന്നു എങ്കിൽ സ്വാതന്ത്ര്യം നേടിയതോടുകൂടി വിദ്യാഭ്യാസ രംഗത്തും സാമൂഹിക സാംസ്ക്കാരിക രംഗത്തും ഉണ്ടായ വൻപിച്ച മാറ്റം സ്ത്രീകളിലും പ്രതിഫലിച്ചു തുടങ്ങി. പുരുഷന്മാർക്കുള്ള എല്ലാവിധ അവകാശ അധികാരങ്ങളും ഭരണ ഘടന ായിതന്നെ സ്ത്രീകൾക്കും കിട്ടി.

വിദ്യാഭ്യാസ തൊഴിൽ രംഗങ്ങളിലെല്ലാം പുരുഷനോടൊപ്പം സ്ത്രീയും നേട്ടങ്ങൾ കൈവരിക്കുവാൻ തുടങ്ങി. പ്രത്യേകിച്ചും അവർക്ക് ഭരണരംഗത്ത് സംവരണം കിട്ടിയതോടുകൂടി ഭരണാധികാരികളും ആയിതീർന്നു. എന്നിട്ടും ഭൂരിപക്ഷം സ്ത്രീകളും ഈ സാമൂഹ്യമാറ്റം കണ്ടില്ലെന്ന് നടിക്കുകയാണ്. ഇത് പരിതാപകരമായ ഒരു സ്ഥിതിയാണ്.

നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളുടേതായ അവകാശസമരഘങ്ങളോ, സാമൂഹ്യസംഘടനകളോ വനിതാസംഘങ്ങളോ ഒന്നും തന്നെ ഇന്ന് പ്രവർത്തിക്കുന്നില്ല. പ്രാഥമിക വിദ്യാഭ്യാസരംഗം പരിശോധിച്ചാൽ ഇന്നും ആൺകുട്ടികൾ ആണ് മുന്നിൽ.

**ജനസംഖ്യ.**

ഇത് എങ്ങനെ സംഭവിച്ചു എന്ന് സ്ത്രീകൾ ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരേ തൊഴിൽ മേഖലയിൽ പുരുഷനോടൊപ്പം സ്ത്രീയും പങ്കെടുക്കുന്നുണ്ടെങ്കിലും കൂലിയിൽ ഇന്നും വിവേചനം നിലനില്ക്കുന്നു. സാമൂഹ്യ തൊഴിൽ രംഗങ്ങളിൽ കാണുന്ന ഇത്തരം വിവേചനങ്ങൾക്ക് എതിരായി വനിതകൾ പ്രതികരിക്കേണ്ടിയിരിക്കുന്നു.

**തൊഴിൽ രംഗം.**

നേരിടുന്ന പ്രശ്നങ്ങൾ

1. തൊഴിൽ മേഖലകളിൽ സ്ത്രീകൾ അവഗണിക്കപ്പെടുന്നു.

2. സാമൂഹ്യസാംസ്ക്കാരിക സേവനരംഗങ്ങളിൽ പ്രവർത്തന സജ്ജരായി സ്ത്രീകൾ വരുന്നില്ല.

3. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് സ്ത്രീകൾ തല്പരരാകുന്നില്ല.

4. സ്വയംതൊഴിൽ രംഗത്ത് സ്ത്രീകൾ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല.

5. സാമ്പത്തിക പിന്നോക്ക നില, അവരെ കർമ്മ പദ്ധതികളിൽ നിന്നും പിൻതിരിപ്പിക്കുന്നു.

6. സർക്കാർ സഹായ പദ്ധതികൾ, തൊഴിൽ നിയമങ്ങൾ മുതലായവയിൽ വേണ്ടത്ര പരിജ്ഞാനമില്ലായ്മ.

7. സ്വയം ശക്തിനേടി ധീരമായിരംഗത്തിറങ്ങുവാനുള്ള മനക്കരുത്ത് ഇല്ലായ്മ.

8. ശാസ്ത്രീയ ബോധത്തിന്റെ അപര്യാപ്തത, അന്ധവിശ്വാസങ്ങളിലേക്കും, അനാചാരങ്ങളിലേക്കും നയിക്കുന്നു.

9. ഉന്നതമേഖലകളിൽ തൊഴിൽ ലഭിക്കുന്നതിനാവശ്യമായ വിദ്യാഭ്യാസം ലഭിക്കുന്നില്ല.

10. സ്ത്രീധന പ്രശ്നങ്ങൾ, പീഠനങ്ങൾ, വൈധവ്യം എന്നീകാരണങ്ങളാൽ പ്രയാസമനുഭവിക്കുന്ന വനിതകളെ കണ്ടെത്തി കണക്ക് സൂക്ഷിക്കുക.

പ്രശ്നപരിഹാരനിർദ്ദേശങ്ങൾ

1. പഞ്ചായത്ത് അടിസ്ഥാനത്തിൽ വനിതാ മെമ്പറന്മാർ, ഗ്രാമസേവകർ, കൃഷിഭവൻ ഉദ്യോഗസ്ഥർ, ഡോക്ടർ, വില്ലേജ് ആഫീസർ, വിദ്യാഭ്യാസം നേടിയ സാമൂഹ്യ വനിതാ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ഒരു 'ഉപദേശക സെൽ' ഉണ്ടാക്കുക. വിവിധതരത്തിലുള്ള ഗവണ്മെന്റ് സഹായ പദ്ധതികളുടെ വിവരങ്ങൾ നൽകാനും, വനിത കളെ വിവിധരംഗങ്ങളിൽ പ്രവർത്തന നിരതരാക്കാനും ഈ സെല്ലിനു കഴിയും. കൂടാതെ വനിതകളുടെ പ്രവർ ത്തനങ്ങളെ അവലോകനം ചെയ്ത് വേണ്ട നിർദ്ദേശങ്ങളും നൽകുക. 10-ാം നമ്പർ പ്രശ്നങ്ങളിൽ കാണുന്ന വനിതകളെ പുനരധിവസിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

2. അഗതി വിധവാപെൻഷനുകൾ മറ്റ് സഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ അർഹരായ എല്ലാസ്ത്രീകൾക്കും കിട്ടുന്നു എന്ന് ഉറപ്പുവരുത്തുക.

3. വിഭവ സാദ്ധ്യത കണക്കിലെടുത്ത് തൊഴിൽ, യൂണിറ്റുകൾ തുടങ്ങുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുകയും, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യുക. തൊഴിലവസരം, തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക.

4. വൈദഗ്ദ്ധമാർന്ന തൊഴിലുകൾക്കായി പരിശീലന പരിപാടികൾ നടപ്പാക്കുക.

5. വിനോദം, വിശ്രമം, എന്നിവക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള സംവിധാനം വികസിപ്പിക്കുക.

6. സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുക്കുകയും സാമ്പത്തിക ആനുകൂല്യങ്ങൾ കൊടുക്കുകയും ചെയ്യുക.

7. വനിതകൾക്ക് തൊഴിൽ സാദ്ധ്യതകൾ ഉണ്ടാകുന്നതിന് പരിശീലനം നൽകുക. പരിശീലനകാലത്ത് ഗ്രാന്റുകളും നൽകുക.



# 5.10



# സഹകരണ മേഖല

## സഹകരണ മേഖല

പഞ്ചായത്തിലെ സഹകരണ മേഖലയുടെ ചരിത്രം S.C.S No: 3354 സ്ഥാപിച്ച 1954 ൽ നിന്നാരംഭിക്കുന്നു. കൃഷിക്കാരെ സ്വകാര്യ സാമ്പത്തിക സ്ഥാപനങ്ങളുടെയും വ്യക്തികളുടേയും ചൂഷണത്തിൽ നിന്നും രക്ഷിക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടുകൂടിയാണ് ഈ സംഘം സ്ഥാപിച്ചത്. ഇപ്പോൾ 2953 അംഗങ്ങൾ

സ്ഥാപനത്തിലുണ്ട്. ഓഹരി വില 5/- രൂപയും, അംഗീകൃത ഓഹരി മൂലധനം 10,30,000/- രൂപയും, പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 38,0750/- രൂപയുമാണ്. സർക്കാർ ഓഹരി ആയി 1,48,200/- രൂപയും ലഭിച്ചിട്ടുണ്ട്. അംഗങ്ങൾക്ക് പരമാവധി 25000/- രൂപ കടവായ്പയായി ക്രമീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനപരിധി ഹരിപ്പാട് പഞ്ചായത്തിലെ ഒൻപതു വാർഡുകൾ ചേർന്നതാണ്.

തെങ്ങുകൃഷി വായ്പ, മദ്ധ്യകാല വായ്പ (IRDP), സാധാരണ കാർഷിക വായ്പകൾ, പ്രത്യേക വായ്പകൾ എന്നിവകൾ കൊടുക്കുന്നുണ്ട്. വളം, കീടനാശിനി വിതരണ ഡിപ്പോ, സഹകരണ മാവേലി സ്റ്റോർ, ജൗളി സ്റ്റോർ എന്നിവകളും, ചിട്ടിയും സംഘത്തിന്റെ നേതൃത്വത്തിൽ നടത്തി വരുന്നു. 1985- ൽ പ്രഗത്ഭമായ ഒരു ഭരണസമിതിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ സജീവമായി ഇന്ന് സംഘത്തിൽ 4 ജീവനക്കാർ ഉണ്ട്. ജില്ലാ സഹകരണ ബാങ്കിൽ നിന്നും കാർഷിക വായ്പ, മദ്ധ്യകാല വായ്പ (IRDP) സാധാരണ വായ്പ എന്നിവകൾ കിട്ടുന്നുണ്ട്.

സംഘം വായ്പയായി കൊടുത്തിട്ടുള്ള കാർഷി കവായ്പ ഇനത്തിൽ 330560/- രൂപയും വായ്പ ഇനത്തിൽ 1,09,954/- കാലാവധി രൂപയും കഴിഞ്ഞിട്ടും പിരിഞ്ഞു കിട്ടുവാനുണ്ട്. ഇതിന്റെ ഫലമായി നഷ്ടത്തിൽ പ്രവർത്തിക്കുന്നു ഈ സംഘത്തെ വിപുലീകരിക്കേണ്ടി യിരിക്കുന്നു. ഈ സംഘത്തെ ഒരു ഗ്രാമീണ ബാങ്കാക്കി മാറ്റി സ്വർണ്ണപണയ വിവിധതരത്തിലുള്ള ഡിപ്പോസിറ്റ് മുതലായ പ്രവർത്തനങ്ങൾ നടത്തിയാൽ നമ്മുടെ ഗ്രാമപഞ്ചായത്തിന് ഏറെ നേട്ടങ്ങളുണ്ടാക്കാൻ കഴിയും.

നിലവിലുള്ള സംഘങ്ങളുടെ ചിത്രമാണ് പട്ടികയിൽ കിട്ടിയ വിവരങ്ങൾ പരിശോധിക്കുമ്പോൾ ക്രഡിറ്റ് സൊസൈറ്റികൾ ലാഭത്തിൽ നടക്കുന്നുവെന്നു കാണാം. ക്രഡിറ്റ് സൊസൈറ്റികളിലെ കടവായ്പകൾ തിരിച്ചടക്കുന്നതിൽ മെമ്പറന്മാർ കൂടുതൽ ഉത്തരവാദിത്വം കാട്ടുകയും അതിനുള്ള സംവിധാനം നിയമപരമായി തന്നെ ഉറപ്പാക്കേണ്ടതുമാണ്. ഇതിന്റെ ഫലമായി നല്ല രീതിയിൽ പ്രവർത്തിപ്പിക്കുവാനും ലാഭം കൊയ്യാനും കഴിയുന്നു.

ഇതരസംഘങ്ങൾ

ഗവ:യു.പി. എസ്. എച്ച്. എസ് എന്നിവിടങ്ങളിൽ സ്ക്കൂൾ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ വിതരണം ചെയ്യുക എന്നതാണ് ഇതിന്റെ മുഖ്യലക്ഷ്യം. ഹരിപ്പാട് ഗവ:സർവന്റ്സ് സഹകരണ സംഘം A.284, കാർത്തികപ്പള്ളി താലൂക്ക് എയിഡഡ് പ്രൈമറി ടീച്ചേഴ്സ് സഹകരണ സംഘം A. 278. ഹരിപ്പാട് എയിഡഡ് സെക്കൻഡറി സ്ക്കൂൾ എംപ്ലോയീസ് സഹകരണ സംഘം A. 301, ആലപ്പുഴ ജില്ലാ തിരുവിതാംകൂർ ദേവസ്വം ബോർഡ് എംപ്ലോയീസ് സഹകരണ സംഘം A. 297, കാർത്തികപ്പള്ളി താലൂക്ക് അഗ്രിക്കൾച്ചറൽ ഡെവലപ്പ്മെന്റ് ബാങ്ക് A. 326 എന്നീ ക്രെഡിറ്റ് സൊസൈറ്റികൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

ഹരിപ്പാട് വില്ലേജ് ഹരിജൻ സഹകരണ സംഘം A. 747, ഹരിപ്പാട് K.V.C.S Ltd A. 198, ഒൻപതാം വാർഡിലെ മാർക്കറ്റിംഗ് സൊസൈറ്റി, പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള രണ്ട് ഖാദി & വില്ലേജ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ഗ്രൂപ്പു ഫാമിംഗ് സംഘങ്ങൾ എന്നിവ വർഷങ്ങളായി പ്രവർത്തനം നിലച്ചിട്ടുള്ള പ്രസ്ഥാനങ്ങ ളാണ്. 8-ാം വാർഡിലെ ക്ഷീരവ്യവസായ സംഘം No. A. 198 (A) ന്റെ പ്രവർത്തന പരിധി ഹരിപ്പാട് പഞ്ചായത്തും പള്ളിപ്പാട് പഞ്ചായത്തിന്റെ ഒന്നാം വാർഡും ചേർന്നതാണ്. 1964 മുതൽ 1990 വരെയുള്ള കാലഘട്ടത്തിൽ പ്രവർ ത്തിച്ചിരുന്ന സംഘം ഇന്ന് നിശ്ചലമാണ്. ഇതിന്റെയൊന്നും റിക്കാഡുകൾ ലഭ്യമല്ല.

ഹൗസിംഗ് സഹകരണസംഘം.

കാർത്തികപ്പള്ളി താലൂക്ക് മുഴുവനും പ്രവർത്തന മേഖലയായി സ്വീകരിച്ചിട്ടുള്ള ഈ സംഘം നമ്മുടെ ഗ്രാമപഞ്ചായത്തിൽ IV- ാം വാർഡിൽ പ്രവർത്തിക്കുന്നു. ഇടപാടുകൾ നടക്കുന്നുണ്ടെങ്കിലും 343280.35 രൂപ നഷ്ടത്തിലാണ്.

| സംഘത്തിന്റെ പേര് | എത്ര വായ്പകൾ നൽകി | ഏതിനം വായ്പ | നൽകിയ തുക |
|---|---|---|---|
| ഹൗസിംഗ് സഹകരണ സംഘം വാർഡ് IV | 12 | പുതിയവീട് നിർമ്മിക്കുന്നതിന് | 5,00,000 |

കാർത്തികപ്പള്ളി താലൂക്ക് അഗ്രിക്കൾച്ചറൽ ഡവലപ്പ്മെന്റ് ബാങ്ക് No. A. 326

താലൂക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഈ ബാങ്കിന്റെ ആസ്ഥാനം നമ്മുടെ പഞ്ചായത്തിലെ IX- ാം വാർഡിലാണ്. ഇവിടെ നിന്നും ഭൂമി നന്നാക്കുന്നതിനും വ്യാവസായിക തൊഴിൽ സംരംഭങ്ങൾക്കും ഭവന നിർമ്മാണത്തിനും വായ്പകൾ നൽകുന്നുണ്ട്. പൊതുവേ ആശ്വാസകരമായ പ്രവർത്തനം നടത്തുന്നുണ്ടെങ്കിലും ചെറുകിട നാമമാത്ര കൃഷി-വ്യവസായിക സംരംഭകർക്ക് ഗുണപ്രദമായ ഒരു പദ്ധതിയും ഇല്ല. റിക്കാർഡുകൾ ലഭ്യമല്ല.

സാദ്ധ്യതകൾ:-

സംഘങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് അടിസ്ഥാനം ജനസംഖ്യ, ജനപങ്കാളിത്തം, മൂലധനം, ഉല്പന്ന സമാഹരണവും വിപണന സാദ്ധ്യതകളും, ഗുണമേന്മയുള്ള മാനേജ്മെന്റ്, ആത്മാർത്ഥതയും, പരിശീലനവും നേടിയ തൊഴിലാളികൾ മുതലായവ ആണ്. ഇതിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ വനിത വ്യാവസായിക സംഘങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിക്കുകയും സംഘനേതൃത്വ പരിപാടികളെ യൂണിറ്റുകളാക്കി തിരിച്ച് വാർഡുകളിൽ

പ്രവർത്തിപ്പിക്കുകയാണ് വേണ്ടത്.

5. വ്യാവസായിക സൊസൈറ്റി

തീപ്പട്ടി, അലക്കുസോപ്പും പൗഡറും, മെഴുകുതിരി, ചന്ദനതിരി, വാർണീഷ്, സാൻഡ് പേപ്പർ, പോളീഷ് നോട്ടുബുക്കു നിർമ്മാണം, ബയന്റിഗ്, മിഠായി, സ്ക്വാഷ്, അച്ചാറുകൾ, കറിപൗഡർ,കുങ്കുമം, മഷി, കൺമഷി, ചിരട്ട, ഈർക്കിൽ, മുള, ചൂരൽ തുടങ്ങിയ അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ചുള്ള ഉല്പന്നങ്ങൾ ഈ സംഘത്തിന്റെ നേതൃത്വത്തിൽ ഉല്പാദിപ്പിക്കുവാൻ കഴിയും. ഇതിന് യൂണിറ്റുകളായി തിരിച്ച് ഗ്രാമ പഞ്ചായത്തിലെ ഒൻപതു വാർഡുകളായി പ്രവർത്തിപ്പിക്കണം.

വനിതാ സൊസൈറ്റി.

ഇതും പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിക്കണം. കളിപ്പാട്ടം, പാവ, കൺസ്യൂമർ സ്റ്റോറുകൾ, റെഡിമെയ്ഡ് ഗാർമെന്റ്സ്, പുഷ്പഫല സംഭരണം, ഉപ്പേരി നിർമ്മാണം, പായ് നെയ്ത്ത്, ഓല മെടച്ചിൽ തുടങ്ങിയവ ഈ സംഘത്തിന്റെ നേതൃത്വത്തിൽ വാർഡ് അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കണം.

ക്ഷീര ഉല്പാദന സംഘം

പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു സർവ്വേ നടത്തി ക്ഷീര ഉല്പാദകരെ കണ്ടെത്തുകയും അവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ രണ്ടു മൂന്നു വാർഡുകളെ ചേർത്ത് സംഘങ്ങൾ രൂപീകരിക്കുന്നതായിരിക്കും ഗുണകരം. പാൽ, മുട്ട എന്നിവ സംഭരിക്കുന്നതിനും, വിപണനത്തിനും സംഘത്തിന് കഴിയണം. മൃഗസംരക്ഷണ ഡിപ്പാർട്ടുമെന്റിന്റ സഹായത്തോടുകൂടിയായിരിക്കണം കോഴി, പശു എന്നിവകളെ കർഷകർക്ക് നൽകേണ്ടത്.

നിർദ്ദേശങ്ങൾ.

1. സർവ്വീസ് സഹകരണ സംഘത്തിൽ അംഗത്വം വർദ്ധിപ്പിക്കുക.

2. സഹകരണ സംഘങ്ങളുടെ സാദ്ധ്യതകളും, നേട്ടങ്ങളും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കതക്ക രീതിയിൽ വാർഡ് അടിസ്ഥാനത്തിൽ സെമിനാറുകളും ശില്പശാലകളും നടത്തുക.

3. അംഗത്വം, വായ്പ മുതലായവ ലഭിക്കുന്നതിനുള്ള പ്രയാസങ്ങൾ ദുരീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

4. വായ്പയ്ക്കുമേൽ ഈടാക്കുന്ന പലിശ നിരക്ക് കുറയ്ക്കുകയും കൂട്ടു പലിശ നിരക്ക് ഉപേക്ഷിച്ച് സാധാരണ പലിശ നിരക്ക് നടപ്പാക്കി ഉപഭോക്താക്കളെ സഹായിക്കുകയും വേണം.

5. വായ്പകൾ അനുവദിച്ചുകിട്ടുന്നതിനുള്ള കാല താമസം ഒഴുവാക്കി കിട്ടുന്നതിന് നിയമങ്ങൾ ലഘൂകരിക്കുക.

6. പ്രവർത്തനങ്ങൾ നിലച്ചിരിക്കുന്ന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

7. പട്ടിക ജാതി പട്ടിക വർഗ്ഗ സംഘത്തിൽ പ്രവർത്തന രഹിതമായി കിടക്കുന്ന യന്ത്രോപകരണങ്ങൾ നന്നാക്കിയെടുത്ത് കൃഷിക്കാരെ സഹായിക്കുക.

8. നെൽ കൃഷി, തെങ്ങുകൃഷി കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശങ്ങളിൽ ഗ്രൂപ്പു ഫാമുകൾ സംഘടിപ്പിക്കുക.

9. ആറാം വാർഡിലെ ഏകദേശം 40 സെന്റെ പഞ്ചായത്തുവക സ്ഥലം സഹകരണസംഘങ്ങളുടെ ആസ്ഥാനമായി പ്രവർത്തിപ്പിക്കുവാൻ ഉപയുക്തമാണ്. അതിനുള്ള നടപടികൾ സ്വീകരിക്കണം.

10. പ്രൊഫഷണൽ മാനേജ്മെന്റെ പരിശീലനം വ്യാപിപ്പിക്കുക.

11. കോ ഒപ്പറേറ്റീവ് മാനേജ്മെന്റിൽ വനിതകൾക്ക് ആനുപാതിക പ്രാതിനിധ്യം ഉറപ്പുവരുത്തുക.

12.സോഷ്യൽ ആഡിറ്റിംഗ് നടപ്പാക്കുക.

13. ജനറൽബോഡികൾ ചടങ്ങ് ആകാതെ പങ്കാളിത്തം വർദ്ധിപ്പിച്ച് പൊതുജന അഭിപ്രായമനുസരിച്ച് കൂടുതൽ പദ്ധതികൾ വിഭാവനം ചെയ്തു നടപ്പാക്കുക.

14. ഗ്രാമ പഞ്ചായത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ലേബർ കോൺട്രാക്ട് സൊസൈറ്റികൾ സംഘടിപ്പിക്കുക.

15. സർവ്വീസ് സഹകരണസംഘത്തെ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ആക്കി മാറ്റി പ്രവർത്തന വിപുലമാക്കുക.

16. സഹകരണ രംഗത്തെ വളർച്ചയ്ക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ കമ്മറ്റി രൂപീകരിക്കുകയും സംഘങ്ങൾക്ക് ആവശ്യമായ വിദഗ്ദ്ധ ഉപദേശങ്ങളും, നിർദ്ദേശങ്ങളും നൽകുക. കാലാകാലങ്ങളിൽ സംഘങ്ങളുടെ പ്രവർത്തനങ്ങളെ അവലോകനം ചെയ്യുക.

മെമ്പർഷിപ്പുകളുടെ കുറവുകൾ. ഭരണവൈകല്യങ്ങൾ, അനാവശ്യമായ രാഷ്ട്രീയ ഇടപെടലുകൾ, ഡിപ്പാർട്ടുമെന്റിന്റെ ഉദാസീനതകൾ, ഉദ്യോഗസ്ഥന്മാരുടെ നയ വൈകല്യങ്ങൾ തുടങ്ങിയവകളാണ് സംഘങ്ങളുടെ പ്രവർത്തനങ്ങളെ സ്തംഭിപ്പിക്കുന്ന പ്രധാന ഘടകങ്ങൾ. ഇതിന് പരിഹാരം കണ്ട് ഈ മേഖലയെ സംപുഷ്ടമാക്കുവാൻ തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിയുമെന്നവിശ്വാസം ജനങ്ങളിൽ വന്നിട്ടുണ്ട്. പഞ്ചായത്തിന്റെ സാമ്പത്തീക, സാമൂഹ്യ, സാംസ്കാരീക വികാസത്തിന് നിർണ്ണായകമായ പങ്കു വഹിക്കുവാൻ ഈ പ്രസ്ഥാനത്തിലൂടെ നടപ്പാക്കുന്ന പരിപാടികൾക്കു കഴിയുമെന്നതിനാൽ വികസന റിപ്പോർട്ട് മുൻഗണനയ്ക്കായി സമർപ്പിക്കുന്നു.

| സ്ഥാപിച്ച വർഷം | സംഘങ്ങൾ | അംഗ സംഖ്യ | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺ ഓവർ | ലാഭം | നഷ്ടം |
|---|---|---|---|---|---|---|---|
| 1954 | S.C.S No: 3354 | 2953 | 4 | 10,30,000/- | 80,9537.58 | – | 964793.06 |
| 1972 | ഗവ: സർവന്റ്സ് സഹകരണ സംഘം | 1350 | 3 | 10,00,000/- | – | 161921 | – |
| 1971 | കാർത്തികപ്പള്ളി താലൂക്ക് എയിഡഡ് പ്രൈമറി ടീച്ചേഴ്സ് സംഘം No: A278 | 383 | – | 5,00,000/- | – | – | – |
| 1971 | ഹരിപ്പാട് എയിഡഡ് സെക്കൻഡറി സ്കൂൾ എംപ്ലോയീസ് സഹകരണ സംഘം No A 280 | 305 | 2 | 3,00,000/- | – | 18055 | – |
| 1981 | ഹരിപ്പാട് വില്ലേജ് ഹരിജൻ CSA.747 | 281 | – | പ്രവർത്തനം നിലച്ചു | – | – | – |
| 1972 | കാർത്തികപ്പള്ളി താലൂക്ക് ഹൗസിംഗ് സഹകരണ സംഘം No A-301 | 525 | 2 | 61,00,000 | – | – | 3,43,280.36 |
| 1964 | ഹരിപ്പാട് KVCS-Ltd-A-198 | – | – | പ്രവർത്തനം നിലച്ചു | – | – | – |
| 1972 | തിരുവിതാംകൂർ ദേവസ്വംബോർഡ് എംപ്ലോയീസ് സഹകരണ സംഘം No. A-297 | 879 | – | 30,00,000 | – | – | – |
| 1974 | കാർത്തികപ്പള്ളി താലൂക്ക് അഗ്രിക്കൾച്ചറൽ ഡവലപ്മെന്റ് ബാങ്ക് A.326 | A class-13684<br>B class 2936 | – | ഓഹരികൾ കിട്ടാൻ പ്രയാസം | – | – | – |

## 5.11 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

**പട്ടിക 1**

| വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | പ്ലാപ്പുഴ വടക്ക് സെറ്റിൽമെന്റ് കോളനി | 54 | 289 |
| 3 | പ്ലാപ്പുഴ തെക്ക് സെറ്റിൽമെന്റ് കോളനി | | |
| 1 | അരനാഴിക സെറ്റിൽമെന്റ് കോളനി | 11 | 55 |
| 3 | നേരിയംപള്ളത്ത് സെറ്റിൽമെന്റ് കോളനി | | |
| 6 | നക്രാത്ത് കോളനി | | |

**പട്ടിക 2**

| വാർഡ് | കോളനിയുടെ പേര് | വീടിന്റെ സ്വഭാവം | | | ആവശ്യമുള്ള വീടുകളുടെ എണ്ണം | ആവശ്യമുള്ള കക്കൂസിന്റെ എണ്ണം |
|---|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | | |
| 1 | പ്ലാപ്പുഴ വടക്ക് സെറ്റിൽമെന്റ് കോളനി | | 51 | 3 | | |
| 3 | പ്ലാപ്പുഴ തെക്ക് സെറ്റിൽമെന്റ് കോളനി | | | | | |
| 1 | അരനാഴിക സെറ്റിൽമെന്റ് കോളനി | | 11 | | | |
| 3 | നേരിയംപള്ളത്ത് സെറ്റിൽമെന്റ് കോളനി | | | | 27 | 27 |
| 6 | നക്രാത്ത് കോളനി | | | | | |

**പട്ടിക 3**

| വാർഡ് | കോളനിയുടെ പേര് | ഗതാഗത യോഗ്യ ക്കുറവ് | അല്ലാത്തത് | വൈദ്യുതി ഉള്ളത് | വൈദ്യുതി ഇല്ലാത്തത് | കിണർ | ടാപ്പ് | പൊതു കക്കൂസ് | കുഴൽ കിണർ |
|---|---|---|---|---|---|---|---|---|---|
| 1 | പ്ലാപ്പുഴ വടക്ക് സെറ്റിൽമെന്റ് കോളനി | | | | | | | | |
| 3 | പ്ലാപ്പുഴ തെക്ക് സെറ്റിൽമെന്റ് കോളനി | | | | | | | | |
| 1 | അരനാഴിക സെറ്റിൽമെന്റ് കോളനി | | | | | | | | |
| 3 | നേരിയംപള്ളത്ത് സെറ്റിൽമെന്റ് കോളനി | | | | | | | | |
| 6 | നക്രാത്ത് കോളനി | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

# 5.11

# പട്ടികജാതിപട്ടികവർഗ്ഗ വികസന റിപ്പോർട്ട്

ഹരിപ്പാട പഞ്ചായത്തിൽ 1250 പട്ടികജാതി പട്ടികവർഗ്ഗം ഉണ്ട്. ഇവർ 175 കുടുംബങ്ങളായി 5 കോളനികളിലും ബാക്കി ഇടകലർന്നും താമസിക്കുന്നു. വിദ്യാഭ്യാസ സാമൂഹ്യമേഖലയിൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികരംഗത്ത് വേണ്ടത്ര പുരോഗതിയുണ്ടായിട്ടില്ല. സാമൂഹ്യസാമ്പത്തിക രംഗത്ത് നിരവധികാലം ചൂഷണത്തിനു വിധേരായിരുന്ന ഈ വിഭാഗത്തിന് കുടിക്കിടപ്പവകാശവും മിച്ച ഭൂമിയുടെ ലഭ്യതയും ഒരു പരുധിവരെ സഹായകമയിട്ടുണ്ട്. ഉച്ചനീചത്വങ്ങളിൽ നിന്നും ഇവർ മേചനം നേടിക്കൊണ്ടിരിക്കുന്നു - എല്ലാ ജാതി മതസ്ഥരുടേയും എല്ലാത്തരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും എല്ലാ പൊതുപരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിച്ചുവരികയും ചെയ്യുന്നു. ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി സർക്കാർ നടപ്പാക്കി വരുന്ന പല പദ്ധതികളെ സംമ്പന്തിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധികളുടെ പ്രായാസമേറിയ നിബന്ധനകൾക്കൊണ്ടും ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. കൂടാതെ സർക്കാർ നൽകുന്ന സൗജന്യങ്ങൾകൊണ്ട് ഈ വിഭാഗത്തിന് ഭാഗീകമായ നേട്ടങ്ങളേ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളു. പൊതുവേ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് ഏണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല. വർദ്ധിച്ച ജീവിത വൈഷമ്യങ്ങൾകൊണ്ടും, അവകാശ ബോധത്തിന്റെ അഭാവം കൊണ്ടും മിക്ക കുട്ടികളും ഇടയ്ക്കുവെച്ച് പഠനം നിർത്തി മേഖലകളിലേക്ക് തിരിയുന്നു. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിന് വിദ്യാസംമ്പന്നരായ ആളുകളെ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. ഇവരിൽ പൊതുവെ എസ്. എസ് എൽസിക്ക് ഉപരിയായി വിദ്യാഭ്യാസം ഉള്ളവരുടെ എണ്ണം കുറവാണ്. ഈ സ്ഥിതി മാറ്റിയെടുക്കേണ്ടത് അനിവാര്യമാണ്.

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷികമേഖലയിൽ പണിയെടുത്ത് ഉപജീവനം കഴിയുന്നവരാണ്. എന്നാൽ അടുത്തകാലത്തായി കാർഷികരംഗത്തെ തകർച്ചകൊണ്ട് ഈ മേഖലയിൽ തൊഴിൽ സാദ്ധ്യത കുറയുന്നു.

പാർപ്പിട പ്രശ്നവും പൂർണ്ണമായി പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ല, പ്രത്യേകിച്ചും അംഗീകരിക്കപ്പെട്ട കോളനികളിൽ. ഇവരുടെ കുടുംബങ്ങളിൽ ശുദ്ധജലവും, വൈദ്യുതിയും, പ്രാധമികാവശ്യങ്ങൾ നിർവഹിക്കുവാൻ വേണ്ടി സൗകര്യങ്ങളും ഏർപ്പെടുത്തണം.

അവസാനമായി ചൂണ്ടിക്കാട്ടുവാനുള്ളത് ഇവരുടെ സാമൂഹ്യ പരുരോഗതിയും സംസ്ക്കാരിക പുരോഗതിയും മെച്ചപ്പെടുത്തുവാൻ മറ്റു വിഭാഗങ്ങളുമായി ഇടകലർന്ന് സാമസ്സിക്കുവാനുള്ള സൗകര്യം സൃഷ്ടിക്കുക എന്നുള്ളതാണ്. കൂടാതെ കോളനി പോലുള്ള തരം തിരിവ് ഒഴിവാക്കുകയും വേണം.

പട്ടികജാതി പട്ടികവർഗ്ഗവ ക്ഷേമം മുൻ നിർത്തി സത്വര നടപടി എടുക്കേണ്ട ചില നിർദ്ദേശങ്ങൾ.

1. കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.
2. കുടിവെള്ള പ്രശ്നം പരിഹരിക്കുക.
3. ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെടുത്തുക.
4. വീടുകൾ ഇല്ലാത്തവർക്ക് വീടുകൾ പണിത് നൽകുക.
5. പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
6. പായ് നെയ്ത്ത് തൈയ്യൽ, എബ്രോയ്ഡറി, ബുക്ക് ബൈൻഡിംഗ്, മെഴുകു തിരിനിർമ്മാണം, തീപ്പെട്ടി നിർമ്മാണം, ഹോളോബ്രിക്സ് നിർമ്മാണം എന്നിവ സഹകരണമേഖലയിൽ ആരംഭിച്ച് തൊഴിൽ സാദ്ധ്യ വർദ്ധിപ്പിക്കുക
7. വ്യവസായ പരിശീലനം നൽകുകയും , പരിശീലനം ലഭിച്ചവർക്ക് വ്യവസായം തുടങ്ങുവാൻ ആവശ്യമായ വായ്പ അനുവധിക്കുകയും, അനുവധിച്ച തുക പൂർണ്ണമായും ഉപയോഗിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
8. കോളനികളിൽ വായന ശാലകളും ടി. വി. കേന്ദ്രങ്ങളും സ്ഥാപിക്കുക.
9. അഭ്യസ്ഥവിദ്യരുടെ സേവനം കോളനിയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.
10. എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും വൈദ്യുതി എത്തിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

# 5.12

# വിഭവ സമാഹരണം

നമ്മുടെ പഞ്ചായത്ത് ഇന്നു നേരിടുന്ന പ്രതിസന്ധികൾ വ്യവസായ മേഖലയിലെ നിശ്ചലതയും, കാർഷീക മേഖലയിലെ മുരടിപ്പുമാണ്. ഒരു വ്യവസായ സ്ഥാപനം പോലും ഇവിടെയില്ല. ആകെ ഉണ്ടായിരുന്ന ഒരു ബൾബുകമ്പനി അടച്ചു പൂട്ടുകയും ചെയ്തു. വ്യവസായങ്ങൾ തുടങ്ങാൻ സ്വകാര്യ വ്യക്തികൾ മുന്നോട്ടു വന്നാൽ വൈദ്യുതിക്ഷാമം മൂലവും, ധനകാര്യ സ്ഥാപനങ്ങൾ, ഗവൺമെന്റ് നടപടികൾ മുതലായവകളുടെ അശാസ്ത്രീയമായ സഹകരണ ബുദ്ധിമുട്ടുകൾ മൂലവും അവർ പിന്തിരിയുകയാണ്. വ്യവസായ രംഗത്ത് ഒരു മുന്നേറ്റം നടത്തിക്കൊണ്ട് വിഭവ സമാഹരണത്തിന് പുതിയ മാർഗ്ഗം വെട്ടിത്തുറക്കാം.

കൃഷി സ്ഥലങ്ങൾ താമസസ്ഥലങ്ങളായി അനുദിനം മാറുന്നു, ഉല്പാദലക്ഷമത ഇടിയുന്നു, തൊഴിലാളികളുടെ അഭാവം. കൂലിയുടെ അമിതമായ വർദ്ധനവ്, രാസവളങ്ങളുടെ വിലവർദ്ധന ഈ പ്രശനങ്ങൾ പരിഹരിച്ചാൽ ഒരു കാർഷീക വിപ്ലവത്തിലൂടെ വിഭവസമാഹരണം സാദ്ധ്യമാക്കാം. സർക്കാർ ഗ്രാന്റ്, ഭരണാധികാരികളെ സ്വാധീനിക്കാതെയും, ഒരുതരത്തിലല്ല വിവേചനവും നടത്താതെയും ഗ്രാന്റുകൾ പിരിക്കുന്ന മേഖലയിൽ വച്ചുതന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമനിർമ്മാണം നടത്തണം. ഉദാ സ്റ്റാമ്പ്ഡ്യൂട്ടി, ഗ്രാന്റുകൾ, വെഹിക്കിൾ ടാക്സ് മുതലായവ ഒന്നും രണ്ടും വർഷങ്ങൾ കഴിഞ്ഞാണ് പഞ്ചായത്തിലെത്തുന്നത്. ആയതിനാൽ ഈ ഫണ്ടുകൾ വേണ്ട സമയത്ത്

ഉപയോഗിക്കാൻ കഴിയാതെവരുന്നു.) ജനസംഖ്യ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനസംഖ്യ, പട്ടികജാതി ജനസംഖ്യ, സ്ത്രീകളുടെ എണ്ണം എന്നിങ്ങനെ ജനസംഖ്യാനുപാതികമായി മാത്രമേ ഗ്രാന്റുകൾ വിതരണം ചെയ്യാൻ പാടുള്ളു. നമ്മുടെ പഞ്ചായത്തിൽ ഏകദേശം മുന്നൂറ്റി പത്ത് വിദേശ ജോലിക്കാരുണ്ട്. ഇതിൽ 50% ഉയർന്ന സാമ്പത്തിക നിലകൈവരിച്ചവരാണ്. ഇവരുടെ സാമ്പാദ്യത്തിന്റെ നല്ലയൊരുപങ്കും ബാങ്ക് ഡെപ്പസിറ്റുകളാണ്. ഇങ്ങനെയുള്ളവരെ നേരിൽ കണ്ട് സംഭാവനയായോ നിർമ്മാണപ്രവർത്തനങ്ങളിൽ പങ്കാളികളാക്കിയോ നല്ലൊരു തുക സ്വരൂപിക്കാൻ കഴിയും.

അതാത് വാർഡുകളിലെ വികസനപ്രവർത്തനങ്ങൾ വാർഡ് വികസന സമിതികളുടെ അറിവോടുകൂടി നടത്തുക. കോൺട്രാക്ടർ മാരെ ഒഴിവാക്കിയാൽ ആ പദ്ധതിക്ക് ചെലവാക്കാൻ കഴിയുന്ന മുഴുവൻ തുകയും അവിടെത്തന്നെ ചെലവഴിക്കാൻ കഴിയും ഉദാ: ആറാം വർഡിൽ പുനരർപ്പണ ദിനത്തോടനുബന്ധിച്ച് നിർമ്മാണം ആരംഭിച്ച റോഡിന് അനുവദിച്ച മുഴുവൻ തുകയ്ക്കും ഗ്രാവൽ ഇറക്കാനും റോഡിന്റെ പണി ജനപങ്കാളിത്തതോടുകൂടി ചെയ്തു തീർക്കാനും സാധിച്ചു.

കെട്ടിട നികുതി ഏർപ്പെടുത്തുമ്പോൾ, വീട് നിർമ്മാണത്തിലെ അനാവശ്യധൂർത്ത് ഒഴിവാക്കാനായി സ്ളാബ് സമ്പ്രദായം ആവിഷ്കരിക്കാവുന്നതാണ്. പഞ്ചായത്തുവക സ്ഥലങ്ങളിൽ വ്യാപാര - വ്യവസായ സ്ഥാപനങ്ങൾ നടത്താൻ വേണ്ട കടമുറികൾ പണിതു കൊടുത്ത് വാടക ഈടാക്കാവുന്നതാണ്. ക്ഷീരോൽപ്പാദന രംഗത്ത് സ്വയം പര്യാപ്തതയ്ക്ക് വേണ്ടി പഞ്ചായത്ത് തലത്തിൽ സൊസൈറ്റികൾ രൂപീകരിച്ചാൽ അതുവഴി ലാഭമുണ്ടാക്കാൻ കഴിയും. നമ്മുടെ പഞ്ചായത്തിൽ സ്റ്റേറ്റ് ബാങ്ക്, കാനറാ ബാങ്ക്, സഹകരണ ബാങ്കുകൾ, ധനലക്ഷ്മി ബാങ്ക്, നെടുങ്ങാടി ബാങ്ക് എന്നിവ കൂടാതെ ധാരാളം സ്വാകര്യ ധനകാര്യ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. നിക്ഷേപങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ വായ്പകൾ വളരെ കുറവാണ്. നമ്മുടെ പഞ്ചായത്തിൽ നിന്ന് സ്വരൂപിക്കുന്ന നിക്ഷേപങ്ങളുടെ 80% മുതൽ 90% വരെയെങ്കിലും ഇവിടെ തന്നെ വായ്പ കൊടുക്കേണ്ടതാണ്.

മനുഷ്യാദ്ധ്വാനമാണ് പ്രധാനമായ വിഭവമസാഹരണം. എല്ലാ ഗ്രാമസഭകളിൽ നിന്നും അതിനുള്ള സംഭാവനകൾ ചെയ്യാമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ജാതിമത കക്ഷി ചിന്തകൾക്ക് അതീതമായി സ്വന്തം നാടിന്റെ വികസനത്തിന് തന്റെ അദ്ധ്വനം കൊണ്ട് സംഭാവന നൽകുക എന്നത് വളരെ മഹത്തരമായ ഒരു ആശയമാണ്. എല്ലാ ബഹുജന സംഘടനകളുടെയും സ്വാധീനമുള്ള പഞ്ചായത്താണ് നമ്മുടേത് N.C.C., സ്കൗട്ട്, N.S.S. കൂടാതെ മറ്റ് സാമൂഹിക സാംസ്കാരിക രാഷ്ട്രീയ സംഘടനകളെകൂടി യോജിപ്പിച്ച് കൊണ്ട് പുതിയ വികസന പ്രവർത്തനങ്ങൾക്ക് ശ്രമകരമായ വിപ്ളവം സൃഷ്ടിക്കാം.

## നിർദ്ദേശങ്ങൾ

1. കച്ചവട സ്ഥാപനങ്ങലുടെ ലൈസൻസ് ഫീസ്, നികുതി എന്നിവ നിർബന്ധമായും കൃത്യ സമയത്ത് അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
2. ആദായ നികുതി അടയ്ക്കുന്ന ഉദ്യോഗസ്ഥന്മാരിൽ നിന്നും ഒരു നിശ്ചിത തുക സംഭാവനായായി സ്വീകരിക്കുക. (ഈ തുക വാർഷികാദായ നികുതിൽ നിന്നും കുറവ് ചെയ്യുന്നതിന് സർക്കാരിൽ നിന്നും അംഗീകാരം വാങ്ങുക.)
3. മൂന്ന് ലക്ഷം രൂപയ്ക്ക് മേൽ ചെലവ് വരുന്ന കെട്ടിടങ്ങൾക്ക് ഒരു നിശ്ചിത തുക സംഭാവനയായോ നികുതിയായോ ഈടാക്കുന്നതിനുള്ള നടപടി എടുക്കുക.
4. പൊതു സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് നിർബന്ധമായും നികുതി ഏർപ്പെടുത്തുക.
5. കണക്കിൽ കവിഞ്ഞ സ്വത്ത് സമ്പാദിക്കുന്നവരെ കണ്ടെത്തി അവരിൽ നിന്നും ആനുപാതികമായ തുക ഈടാക്കുക.

6. സിനിമാ തിയേറ്ററുകളുടെ വരുമാനം കൃത്യമായി പരിശോധിച്ച് നികുതി ഈടാക്കുക.
7. കേബിൾ ടി.വി, ഓഡിയോ വീഡിയോ റിക്കോഡിംഗ് സെന്ററുകൾ മുതലായവയ്ക്ക് വിനോദ നികുതി ഏർപ്പെടുത്തുക.
8. വാടക കെട്ടിടങ്ങളുടെ ഉടമകളിൽ നിന്ന് വാടക ചീട്ട് പരിശോധിച്ച് കൃത്യമായ നികുതി ഈടാക്കുക.
9. നൂറു കണക്കിന് പ്രൈവറ്റ് ബസ്സുകളും ഓട്ടോ റിക്ഷകളും ടാക്സികളും സർവ്വീസ് നടത്തുന്ന ഹരിപ്പാട്ട് പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക വഴി ഒരു നിശ്ചിത തുക ഈടാക്കാൻ കഴിയും
10. നിർമ്മാണ തൊഴിലാളികൾ, അട്ടിമറി തൊഴിലാളികൾ, മുതൽ മുടക്കില്ലാതെ ബിസിനസ്സ് നടത്തുന്ന ബ്രോക്കർമാർ എന്നിവർക്ക് ലൈസൻസ് ഏർപ്പെടുത്തി ഫീസ് ഈടാക്കുക.
11. പഞ്ചായത്ത് ഓടകളിലെ മണ്ണും ചപ്പ് ചവറുകളും ലേലം ചെയ്തു കൊടുക്കുക.
12. പഞ്ചായത്ത് പുറംപോക്ക് കണ്ടെത്തി അത് കൈവശം ഇരിക്കുന്നവർക്ക് നിലവിലുള്ള തുകയും 75% ഈടാക്കുകയോ അല്ലെങ്കിൽ വാർഡ് വികസന സമിതിയെ ഏൽപ്പിച്ച് കൃഷിക്ക് ഉപയോഗപ്രദമാക്കിയാൽ അതിൽ നിന്നും നല്ലൊരു തുക ഈടാക്കാൻ കഴിയും.
13. ട്യൂട്ടോറിയിൽ കോളേജുകൾക്കും അൺഎയിഡഡ് സ്കൂളുകൾക്കും ഫീസ് ഏർപ്പെടുത്തി അവിടുത്തെ ജീവനക്കാരിൽ നിന്നും ഒരു നിശ്ചിത തുക ഈടാക്കുക.
14. അതാതു വാർഡുകളിലെ

## വരുമാനത്തിലെ വ്യതിയാനം

| ഇനം | 1991-92 | 95-96 | വ്യത്യാസം | % |
|---|---|---|---|---|
| തനത് വരുമാനം | ~~363800~~ | | | |
| (a) കെട്ടിട നികുതി | 363800 | 421511.50 | 57711.50 | 15.86 |
| (b) വിനോദ നികുതി | 96700 | 260512.50 | 163812.50 | 169.40 |
| (c) തൊഴിൽ നികുതി | 255700 | 3794.28 | 123728.00 | 48.39 |
| (d) ഉപാധിരഹിത നികുതി | 127000.00 | 172000.00 | (+) 45000.00 | (+) 35.43 |
| (e) എസ്. സി. പി. | 30000.00 | 70000.00 | (+) 40000.00 | (+) 133.33 |
| (f) ജെ. ആർ. വൈ. | 214400.00 | 159000.00 | 55400 | - 25.84 |
| (g) ഗ്രാന്റുകൾ, സംഭാവനകൾ | 182100.00 | 217706 | 35606 | 19.55 |
| (h) ആകെ വരവ് | 1239700.00 | 1680158.00 | (+) 440458.00 | 35.53 |
| (i) ചെലവ് എസ്റ്റാബ്ലിഷ്മെന്റ് | 472900.00 | 713319.00 | (+) 240419.00 | + 50.84 |

## ഗൾഫിൽ ജോലി ചെയ്യുന്നവരുടെ എണ്ണം

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | ആകെ |
|---|---|---|---|---|---|---|---|---|---|---|
| ഗൾഫ് ജോലിക്കാർ | 60 | 75 | 15 | 20 | 25 | 40 | 20 | 20 | 35 | 310 |

വികസനപ്രവർത്തനങ്ങൾ വാർഡുവികസന സമിതികളുടെ അറിവോടുകൂടി നടത്തുക.

15. കെട്ടിടങ്ങളുടെ നികുതി ഏർപ്പെടുത്തുമ്പോൾ ആഡംബരത്വവും, വിലകൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം.

16. പഞ്ചായത്തിൽ സൈക്കിൾ ലൈസൻസ് ഏർപ്പെടുത്തുക.

17. പഞ്ചായത്ത് P W D പുറംപോക്കുകളിൽ വകുപ്പുകളുടെ അംഗീകാരത്തോടുകൂടി ബങ്കുകൾ പണിയിച്ച് ലേലം ചെയ്തു കൊടുക്കുക.

18. പഞ്ചായത്ത് ആഫീസിന്റെ മുൻവശത്ത് സർക്കാരിന്റെ കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പാ പദ്ധതി പ്രകാരം ഷോപ്പിംഗ് കോംപ്ലക്സ് പണിത് വാടകയ്ക്കു കൊടുക്കുക.

# ടൂറിസം.

ടൂറിസം

അനന്തമായ ടൂറിസം വികസന സാദ്ധ്യതയുള്ള സാംസൊക്കാരിക സമ്പന്നതയുടേയും ചരിത്രത്തിന്റെ പ്രകൃതി രമണീയതയുടേയും സംഗമ സ്ഥലമാണ് ഹരിപ്പാട്. നമ്മുടെ മനോഹരങ്ങളായ പുഞ്ചപ്പാടങ്ങളും തെങ്ങിൻതോപ്പുകളും ദൂരെയല്ലാതെയുള്ള കായലോരങ്ങളും കടൽ തീരങ്ങളും എല്ലാം ഒരു വിനോദസഞ്ചാരിയുടെ മനസ്സിൽ കുളിർമയും സന്തോഷവും പ്രദാനം ചെയ്യും. ഒരന്വേഷകന് ചരിത്രം എന്നും ഒരു ഹരം തന്നെയാണ്. ഹരിപ്പാടും അതിനോടുചേർന്നു കിടക്കുന്ന പ്രാന്തപ്രദേശങ്ങളും നൂറ്റാണ്ടുകൾ പഴക്കമുള്ള ചരിത്ര സ്ഥാപനങ്ങൾകൊണ്ട് സംപുഷ്ട്ടമാണ്. ചരിത്ര പ്രസിദ്ധമായ ഹരിപ്പാട് മേജർ ശ്രീ. സുബ്രഹ്മണ്യസ്വാമി ക്ഷേത്രവും ഭാരതത്തിലെ തന്നെ പ്രസിദ്ധമായ മണ്ണാറശാല ശ്രീ. നാഗരാജാ ക്ഷേത്രവുമൊക്കെ ഇതിനുദാഹരണങ്ങളാണ്, ഇതു കൂടാതെ ഏതാണ്ട് ഒരു ഡസനോളം ക്ഷേത്രങ്ങൾ അടുത്തടുട്ടായി സ്ഥിതിചെയ്യുന്നു, അങ്ങനെ പുണ്യഭൂമി ക്ഷേത്രങ്ങളുടെ നഗരമാണ്. (temple city) ഈ പ്രാധാന്യം കണക്കാക്കിയാൽ തീർച്ചയായും ഈ നഗരം ഒരു തീർത്ഥാടക കേന്ദ്രമാക്കി വളർത്തുവാൻ കഴിയും.

( പ്രസിദ്ധമായ ശ്രീ. സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിലെ ശില്പങ്ങൾക്ക് മൂവായിരത്തിലേറെ വർഷങ്ങളുടെ പഴക്കമുള്ളതായി കണക്കാക്കുന്നു. അതുപോലെതന്നെ പുതിയ പ്രതിഷ്ഠയ്ക്ക് ആയിരത്തിലേറെ വർഷത്തെ പഴക്കവും പറയുന്നു. കേരളത്തിൽ തന്നെ അപൂർവമായി കാണുന്ന ഈക്ഷേത്രത്തിലെ കൂത്തമ്പലത്തിൽ ഇതിഹാസങ്ങളിലെ മുഹൂർത്തങ്ങൾ, ജീവൻ സ്ഫുരിക്കുംപോലെ മനോഹരമായി കൊത്തി വെച്ചിട്ടുണ്ട്,

. ഭാരതത്തിലെതന്നെ വളരെ പ്രസിദ്ധമായ ഒരു ക്ഷേത്രമാണ് മണ്ണാറശ്ശാലയിലെ നാഗരാജ ക്ഷേത്രം. ഇവുടുത്ത് ഏറ്റവും വലിയ പ്രത്യേകത അമ്മ പൂജാരിണിയായിട്ടുള്ളതാണ്. ക്ഷേത്രോല്പത്തിയുടെ ഐതീഹ്യങ്ങൾ അവുടുത്തെ ഔദ്യോഗിക പ്രസിദ്ധീകരണത്തിൽ ഇങ്ങനെകാണുന്നു " ശ്രീ പരശുരാമൻ ക്ഷത്രിയ നിഗ്രഹം കൊണ്ടുണ്ടായ പാപമോചനത്തിന് മഴു എറിഞ്ഞ് ഭൂമിയെ ഉദ്ധരിച്ച് വിപ്രവരർക്ക് ദാനം ചെയ്തു. ആ ഭൂതലമത്രെ കേരളം. എന്നാൽ ഈ ഭൂവിഭാഗം ഉപ്പുരസംകൊണ്ട് നിറഞ്ഞിരുന്നു, അതുമാറുവാൻ സർപ്പ വിഷ ജ്വാല എങ്ങും നിറഞ്ഞാലെ തരമുള്ളൂ എന്ന് പരശുരാമൻ മനസ്സിലാക്കി. അങ്ങനെ പരശുരാമൻ നാഗരാജാവിനെ പ്രീതി പ്പെടുത്തുവാൻ തപസ്സുചെയ്തു. നാഗരാജാവിന്റെ അനുഗ്രഹം ഈ ഭൂമി വ്യാസയോഗ്യമായി. തുടർന്ന് പരശുരാമൻ നാഗാരാജാവിന്റെ മിദ്ധ്യസാന്നിദ്ധ്യം കൊണ്ടുധന്യമാകുവാൻ വേണ്ടി മന്ദാരതരുക്കൾ നിറഞ്ഞ ഈ ദീർഘ ശാലയിൽ വേദവിധി പ്രകാരം നാഗരാജാവിനെ പ്രതിഷ്ഠിച്ചു. ഈ മന്ദാരശാലയാണ് ഇന്നത്തെ മണ്ണാറശാല ആയത്. പ്രകൃതിയുടെ അനുഗ്രഹംകൊണ്ട് കുളിർമ്മയേറിയതും ശാന്തവുമായ ഈ ക്ഷേത്രാങ്കണം സന്ദർശിക്കുവാൻ ഇന്ന് ലക്ഷക്കണക്കിനാളുകൾ വനനളകൊണ്ടിരിക്കുന്നു. എല്ലാ സാഹചര്യങ്ങളും വെച്ചുകൊണ്ടു പറഞ്ഞാൽ ഹരിപ്പാട് ടൂറിസത്തിന് അനന്തസാദ്ധ്യതകളുള്ള പ്രദേശം തന്നെ.

വിനോദത്തിന്റെ കാര്യത്തിലും ഇവിടം മുന്നിട്ടുനിൽക്കുന്നു. ലോകത്തിലെ ഏറ്റവും നീളംകൂടീയ വള്ളങ്ങൾ ചുണ്ടൻ വള്ളങ്ങളാണ്. ഇവടുത്തെ ചുണ്ടൻ വള്ളങ്ങളുടെ ജലമേളകൾ ലോക പ്രസിദ്ധവുമാണ്. ഹരിപ്പാട് ക്ഷേത്രവുമായി ബന്ധപ്പെട്ട പായിപ്പാട് ജലോൽസവം എടുത്തുപറയാവുന്നതാണ്. കൂടാതെ ഹരിപ്പാടിന്റെ സമീപ പ്രദേശങ്ങളിൽ ആഘോഷിക്കുന്ന ജലോൽസവങ്ങളും പ്രസിദ്ധങ്ങൾ തന്നെ.

ഹരിപ്പാട് കേന്ദ്രമാക്കിക്കൊണ്ട് തൊട്ടടുത്തുള്ള വിശ്വ മഹാകവി കുമാരനാശാൻ കുടികൊള്ളുന്ന കുമാരകോടി ഒരന്തർദേശീയ സാംസ്ക്കാരിക കേന്ദ്രമാക്കുന്നത് നല്ലതായിരിക്കും. ഇവലിടെ ഒരു പഠന ഗവേഷണ കേന്ദ്രവും തൊട്ടടുത്തുതന്നെ യുള്ള ലക്ഷിതോപ്പുപോലെയുള്ള ശാന്തസുന്ദരമായ സ്ഥലത്ത് ഒരായുർവേദ ചികിത്സാകേന്ദ്രവും സ്ഥാപിച്ചാൻ ആ രീതിയിലും ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ കഴിയും.

വിനോദസഞ്ചാരികൾ ഒരു സ്ഥലത്തുകൂടി കടന്നു പോയതുകൊണ്ട് ആ പ്രദേശത്തിന് കൂടുതൽ പ്രയോജനം ഉണ്ട് എന്ന് തോന്നുന്നില്ല. അവർ അവിടെ താമസിക്കുകയാണെങ്കിൽ മാത്രമെ വരുമാനമുണ്ടാകുന്നുള്ളു. അങ്ങനെയുള്ളവർക്ക് താമസ്സിക്കുവാൻ പറ്റിയതരത്തിലുള്ള സ്ഥലവും അന്തരീക്ഷവും സൗകര്യവും വേണ്ടിവരും. ഇതിന് വൃത്തിയുള്ള ചെറുകിട ഹോട്ടലുകൾ ആവിശ്യമാണ്. കൂടാതെ വിനോദസഞ്ചാരികളെ ഉൾക്കൊള്ളുവാനും ബുദ്ധിമുട്ടില്ലാതെ താമസ്സിപ്പിക്കുവാനും സഞ്ചരിപ്പിക്കുവാനും

കഴിയുന്ന ഒരന്തരീക്ഷം ജനങ്ങളുടെ സഹകരണം കൊണ്ടാഉണ്ടാകണം. ചുരുക്കത്തിൽ ജനങ്ങളുടെ ഇടയിൽ ഇതിനെക്കുറിച്ചൊരവബോധം സൃഷ്ടിക്കേണ്ടിയിരിക്കുന്നു.

ഹരിപ്പാടിന്റെ ഹൃദയഭാഗത്തുകൂടി ഒരു നാവികേഷൻ കനാൽ ഉണ്ടാകുവാൻ പ്രയാസവുമില്ല. ഇപ്പോഴുള്ള പിള്ളതോട് സാണാപ്പടിത്തോടിനോടു ബന്ധിപ്പിച്ചാൽ ഹരിപ്പാടിനെച്ചുറ്റി ജലഗതാഗതം നടത്താവുന്നതാണ്. ഈ കനാൽ വഴി കിഴക്കെ പുഞ്ചയിൽ കൂടി അച്ചൻകോവിലാറ്റിൽ ചെല്ലാം. അവിടുത്തെ ജലമേളയും ചുണ്ടൻ വള്ളങ്ങളും വിനോദസ,ഞ്ചാരികൾക്ക് കാണാൻ കഴിയും.

നഗരം മോടിപിടിപ്പിക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ കെ. എസ്. ആർട്ടിസി. ബസ്റ്റാന്റിന്റെ വടക്ക് വശത്ത് പുതുതായി എടുത്തിട്ടുള്ള സ്ഥലത്തു കൂടി എൻ. എച്ച്. കടന്നുപോകുമ്പോൾ പഴയ റോഡും കൂടി എടുത്താൻ അവിടെ വൺവേ (One way) ആക്കാം. അതിനിട.ഇലുള്ള സ്ഥലം സംരക്ഷിച്ച് മനോഹരമായ ഒരു പൂന്തോട്ടമുണ്ടാക്കാൻ കഴിയും.

അന്തർദേശീയ നിലവാരമുള്ള ഒരു ലൈബ്രറിയായി ഇപ്പോഴുള്ള കേരള വർമ്മ ലൈബ്രറിയെ ഉയർത്തേണ്ടതാണ്. വിനോദസഞ്ചാരികൾക്ക് വരുവാനും വായിക്കുവാനും അതുവഴി നമ്മുടെ സംസ്ക്കാരം അവർക്ക് ഉൾക്കൊള്ളുവാനും സാദ്ധ്യമാകും. അതുപോലെതന്നെ ഹരിപ്പാട് ഗവൺമെന്റ് ബോയിസ് ഹൈസ്ക്കൂൾ ഗ്രൗണ്ട് അന്തർദേശീയ നിലവാരമുള്ള ഒരു സ്റ്റേഡിയമാക്കി ഉയർത്തുന്നത് നല്ലതായിരിക്കും. എല്ലാ രീതിയിലും ടൂറിസവകസനത്തിന് അനുകൂലമായ ഈ സാഹചര്യം വേണ്ട രീതിയിൽ ഉണ്ടാക്കത്തക്ക രൂപത്തിൽ പദ്ധതികൾ രൂപം കൊള്ളണമെന്ന് അഭ്യർദ്ധിക്കുന്നു.

## സാധാരണ ഗ്രാമസഭകൾ

നിയമാനുസൃതം ആറുമാസത്തിലൊരിക്കൽ ചേരേണ്ട സാധാരണ ഗ്രാമസഭകൾ ഹരിപ്പാട് പഞ്ചായത്തിൽ 1996 മാർച്ച് 18ന് ആരംഭിച്ച് മാർച്ച് 27–ാം തീയതി സമാപിച്ച് ഒമ്പതു വാർഡുകളിലും ഗ്രാമസഭകൾ വിജയമായിരുന്നു.

തുടർന്ന് 6 മാസമായപ്പോൾ 1996 സെപ്റ്റംബർ 25ന് ആരംഭിച്ച് സെപ്റ്റംബർ 30ന് രണ്ടാം തവണ ഗ്രാമസഭകൾ ചേർന്ന്. കഴിഞ്ഞ ഒരു വർഷക്കാലം പഞ്ചായത്ത് നടപ്പാക്കിയ എല്ലാ വിധ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചും നടപ്പാക്കാൻ കഴിയാതെ വന്നിട്ടുള്ളവയെ സംബന്ധിച്ചും വിമർശനപരമായും സ്വയം വിമർശനപരമായും വിശകലനം ചെയ്ത് അംഗീകരിച്ചു.

സ്വതന്ത്ര ഭാരതത്തിന് നിരവധി ശ്രദ്ധേയമായ മാതൃകകൾ സംഭാവന ചെയ്തിട്ടുള്ള കേരളം ഇപ്പോഴും ആസൂത്രണത്തിന്റെ കാര്യത്തിൽ ഒരു പുത്തൻ പാന്ഥാവ് വെട്ടിത്തുറക്കുകയാണ്.

9–ാം പദ്ധതിക്ക് കരടു രേഖ തയ്യാറാക്കുന്നതിൽ ജനങ്ങൾക്ക് പങ്കാളിത്തമുണ്ടായി എന്നതിന്റെ ആഹ്ലാദപൂർവ്വമായ അനുഭവത്തിന്റെ സൗഹൃദമായ ശബ്ദങ്ങൾ 1996 സെപ്റ്റമ്പറിൽ ആരംഭിച്ച് ഗ്രാമസഭകളിൽ മുഴങ്ങി കേട്ടത് വികേന്ദ്രീകൃതാസൂത്രണത്തിന്റെ മുന്നൊരുക്കം എന്നനിലയിൽ വിവിധ രാഷ്ട്രീയ പാർട്ടി പ്രവർത്തകർ, ബുദ്ധിജീവികൾ, കർഷകർ കർഷക ത്തൊഴിലാളികൾ, പഞ്ചായത്ത് മെമ്പറമ്മാർ, ജീവനക്കാർ, യുവാക്കൾ, വനിതകൾ, വിദ്യാർത്ഥികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയ ജീവിതത്തിന്റെ നാനാ മേഖലകളിൽപ്പെട്ടവരെ ഉൾപ്പെടുത്തി അതിവിപുലമായ ഒരു സ്വാഗത സംഘരൂപീകരണം യോഗം സെപ്റ്റമ്പർ16ന് പഞ്ചായത്ത് അങ്കണത്തിൽ ചേർന്നു സ്വാഗത സംഘംരൂപീകരിച്ചു.

## ശില്പശാല (ഒന്നാംഘട്ടം)

വിവിധ വാർഡുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട L.R.Pമാർ പഞ്ചായത്ത് മെമ്പർമ്മാർ എന്നിവരെ ഉൾപ്പെടുത്തി ഒരു ശില്പശാല 96 സെപ്റ്റമ്പർ 19–ാം തീയതി പഞ്ചായത്ത് L.Pസ്ക്കൂളിൽ നടത്തി തുടർന്ന് നാടിന്റെ നാനാ മേഖലകളിലേക്ക് ആസൂത്രണത്തിന്റെ സന്ദേശവുമായി പ്രവർത്തകർ ജനമധ്യത്തിലേക്ക് എത്തുകയായി. ആനാളുകൾ ആവേശത്തിമിർപ്പായി.

## വിശേഷാൽ ഗ്രാമസഭകൾ

ആസുത്രണവുമായി ബന്ധപ്പെട്ടവിശേഷാൽ ഗ്രാമസഭകൾ 3ാംവാർഡിൽ നിന്നും ആരംഭിച്ച് 1996 സെപ്റ്റംബർ 6ന് മൂന്നാം വാർഡിലെ ഗവൺമെന്റ് u.p സ്കുളിൽ ഉത്ഘാടനം ചെയ്യത സ്പഷ്യൽ ഗ്രാമസഭ ഉത്സവച്ഛായ പകർന്നു. അവേശകരമായിരുന്നു. സ്ത്രീകൾ അടക്കം നൂറുകണക്കിനാളുകൾ, 12 ഡിവിഷനുകളായി തിരിഞ്ഞ എല്ലാ വിഷയങ്ങളെ സംബന്ധിച്ചും വികസന പ്രവർത്തനങ്ങളെപ്പറ്റിയും വിശദമായി ചർച്ച ചെയ്യതു. അവിടന്നിന്നും വികസന സെമിനാറിലേക്ക് രണ്ടു പ്രതിനിധികളെ വിധം തെരഞ്ഞെടുത്തു. വിവിധ കലാപരിപാടികൾ ഗ്രാമസഭക്ക് ഹരംപകർന്നു ഈ വിധത്തിൽ 9 വാഡുകളിലും അതിവിപുലമായ സ്പഷ്യൽ ഗ്രാമ സഭകൾ ചെരുകയുണ്ടായി.

ഒന്നം വാർഡ് ഗ്രാമസഭ 96 ഒക്ടോബർ 19ന് പഞ്ചായത്ത് വക ശിശുവിനാറിൽ നടന്നു.

രണ്ടാം വാർഡ് ഗ്രാമസഭ96 ഒക്ടോബർ 13 ന് ആരൂർ L.P സ്കുളിൽ നടന്നു.

നാലാം വാർഡ് ഗ്രാമസഭ96 ഒക്ടോബർ 20ന് ഗ്രാമ പഞ്ചായത്ത് ഹാളിൽ ചേർന്നു.

അഞ്ചാം വാർഡ് ഗ്രാമസഭ96 ഒക്ടോബർ 13ന് കോളോത്ത് ക്ഷേത്രത്തിന് സമീപം ചേർന്നു.

ആറാംവാർഡ് ഗ്രാമസഭ96 ഒക്ടോബർ 12 ന് തുലാമ്പറമ്പ് വടക്ക് N.S.S. കരയോഗ മന്ദിരം ഹാളിൽ ചേർന്നു.

ഏഴാം വാർഡ് ഗ്രാമസഭ96 ഒക്ടോബർ 21–ാം തുക്കയൽ ക്ഷേത്രത്തിന് ചേർന്നു.

എട്ടാ വാർഡ് ഗ്രാമസഭ 96 ഒക്ടോബർ 21–ാം തീയതി മണ്ണാറശ്ശാല യു.പി. സ്ക്കൂളിൽ ചേർന്നു.

ഒമ്പതാം വാർഡ് ഗ്രാമസഭ 96 ഒക്ടോബർ 19ന് പള്ളിപ്പാട് N.S.S ആഡിറ്റോറിയത്തിൽ നടന്നു.

ഒൻപത് ഗ്രാമസഭകൾളും ആവേശഭരിതമായിരുന്നു ജനങ്ങൾക്ക് ഒരു പുത്തൻ ഉണർവ്വും

അനുഭവും ആയിരുന്നു. നാടിന് പുതുജീവൻ പകർന്നു നല്കിയും പുത്തൻ ചിന്തകൾ നടത്തിയും, കലാപരിപാടികളും സംഗീത മേളക്കൊഴുപ്പും എല്ലാം ഗ്രാമസഭകളുടെ ചൈതന്യവും ഗാംഭീര്യവും വർദ്ധിപ്പിച്ചു.

2279 പേർ ഗ്രാമസഭകളിൽ പങ്കെടുത്തു. ഏഴാം വാർഡിൽ ഏറ്റവും കൂടുതൽ പേർ രജിസ്റ്റർ ചെയ്തിരുന്നു. 544 പേർ

### ഏകദിന സെമിനാർ

96 നവംബർ 3ന് നതപ്പാടി ബോയ്സ് ഹൈസ്ക്കൂളിൽ ചേർന്ന ഏകദിന ശില്പശാലയിൽവെച്ച് ഗ്രാസഭ റിപ്പോർട്ടിന്റെ ക്രോഡീകരണവും, ദ്വിതീയവിവിര ശേഖരണവും ചരിത്ര പഠനത്തിനാവിശ്യമായ 63പേരുള്ള കോർ ഗ്രൂപ്പുകളെ തെരഞ്ഞെടുത്തു.

### പുനരർപ്പണദിനാചരണം.

1996നവംബർ 1ന് പുനരർപ്പണദിനമായി ആചരിച്ചു. വൈരവന ജംഗ്ഷനിൽ വലിയ പൊതുയോഗവും ചേർന്നു. ബ്ലോക്കു പഞ്ചായത്ത് പ്രസിഡന്റ് P.C ശശികുമാർ ഉത്ഘാടകനായിരുന്നു.

തുടർന്ന് 6–ാം വാർഡിൽ വൈരവന ജംഗ്ഷൻ മുതൽ വടക്കോട്ടുള്ള വഴി ജനകീയ പങ്കാളിത്തോടുകൂടി വികസന പ്രവർത്തനങ്ങൾ ചെയ്ത് റോഡാക്കി യാത്രാ സൗകര്യം കൂട്ടി. കൂടുതൽ മെച്ചപ്പെടുത്താൻ പഞ്ചായത്ത് ഫണ്ട് കൂടി ഉപയോഗിക്കണം.

### 2–ാം ഘട്ട ശില്പശാല

96 നവംബർ 16ന് L.R.P മാർക്കും, പഞ്ചായത്ത് അംഗങ്ങൾ, കോർഗ്രൂപ്പുകാർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർക്കുള്ള ശില്പശാല ഗവ:ഗേൾസ് ഹൈസ്ക്കൂളിൽ നടത്തി.

പ്രസ്തുത കോർ ഗ്രൂപ്പിന്റെ നേതൃത്തിൽ 36ൽ വരും വരുന്ന സന്നദ്ധത പ്രവർത്തകരുടെ 487 പ്രവർത്തി ദിനങ്ങളുടെ അദ്ധ്വാനം വിനയോഗിച്ചിട്ടുണ്ട്.

### വികസനരേഖ

25–11–96 കൂടിയ പഞ്ചായത്ത് കമ്മറ്റി സമഗ്രമായി വായിച്ച അംഗീകരിച്ച റിപ്പോർട്ട് പഞ്ചായത്തിന്റെ വികസന രേഖക്കായ് മാറുകയാണ്.

പരിവർത്തനത്തിന്റെ പടവുകൾ കയറുവാൻ നമുക്കോരോരുത്തർക്കും ആത്മാർത്ഥമായി സഹകരിക്കാം

20-9-1951 ലെ GO (MS) 79755/50-ാം നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഹരിപ്പാട് പഞ്ചായത്ത് രൂപികൃതമായി. പഞ്ചായത്തിന്റെ പ്രഥമയോഗം മണ്ണാറശ്ശാല ഇല്ലത്തുവച്ചു പ്രസിഡന്റ് ശ്രീ. നാരീയണൻനമ്പൂതിരിയുടെ അദ്ധ്യക്ഷതയിൽ കൂടുണ്ടായി. തുടർന്ന് താഴെ പ്പറയുന്ന പ്രമുഖർ പഞ്ചായത്തിന്റെ അദ്ധ്യക്ഷപദം അലങ്കരിച്ചട്ടുണ്ട്.

| പേര് | കാലഘട്ടം | | |
|---|---|---|---|
| 1. M.G. നാരായണൻ നമ്പൂതിരി | 13-9-1953 | to | 19-8-1955 |
| 2. S.N മൂത്തത് | 19-8-1955 | " | 20-10-1955 |
| 3. K. ശങ്കരപ്പിള്ള | 20-10-1955 | " | 13-12-1962 |
| 4. (സ്പെഷ്യൽ ആഫീസ്) | 1-3-1963 | " | 20-12-1963 |
| 5. R. സുകുമാരപിള്ള, മംഗലത്ത് | 20-12-1963 | " | 27-7-1974 |
| 6. G. പരമേശ്വരൻപിള്ള | 27-7-1974 | " | 16-10-1974 |
| 7. S. നാരായണപിള്ള | 16-10-1974 | " | 13-8-1979 |
| 8. (സ്പെഷ്യൽ ആഫീസ്) | 13-08-1979 | " | 29-9-1979 |

| | | | |
|---|---|---|---|
| 9. പ്രൊഫ: P. നരേന്ദ്രൻ | 29-09-1979 | " | 20-10-1984 |
| 10. (സ്പെഷ്യൽ ആഫീസർ) | 20-10-1984 | " | 09-02-1994 |
| 11. പ്രൊഫ: S.S.B.R പ്രസാദ് | 09-02-1988 | " | 09-02-1994 |
| 12. " (അഡ്: കമ്മിറ്റി) | 06-02-1994 | " | 30-09-1995 |
| 13. സതീശ് ആറ്റുപുറം | 04-10-1995 | " | 09-07-1996 |
| 14. K. രാഘവൻ | 10-07-1996 | " | till date |

**ഇപ്പോഴുള്ള ഭരണസമിതി അംഗങ്ങൾ**

| വാർഡ് നമ്പർ | പേര് | |
|---|---|---|
| I - | വിജയലക്ഷ്മി. ജി. | മെമ്പർ |
| II - | വിജയമ്മ. എൽ | " |
| III - | സജീവ് എം. | " |
| IV _ | വിജയകുമാർ കണ്ണന്താനം (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) | |
| V- | സതിയമ്മ പി. | മെമ്പർ |
| VI- | രാഘവൻ കെ. | പ്രസിഡന്റ് |
| VII- | മോഹനൻ. കെ. | മെമ്പർ |
| VIII- | സതീശ് ആറ്റുപുറം | വൈസ് പ്രസിഡന്റ് |
| IX- | ശശിധരൻ വി. കെ. | മെമ്പർ |

| ക്രമനമ്പർ | വാർഡ് | പ്രദേശത്തിന്റെ പേര് |
|---|---|---|
| 11. | V | കാതംബരി ജംഗ്ഷനിൽ നിന്നും വടക്കോട്ട് ചേടോള്യപറമ്പിൽ റോഡവഴെ പോകുന്ന ഈ ലൈൻ വലിക്കുക. |
| 12. | " | മുണ്ടക്കൽ പടിഞ്ഞാറോട്ട് കൊട്ടരത്തിൽ ഹരിജൻ ലക്ഷം വീടുവരെയും തൃപ്പകുടം റോഡിൽ നിന്ന് പൈരേത്ത് കിഴക്കുവശം വരെയുമുള്ള റോഡിൽ ലൈൻ വലിച്ച് വഴിവിള്ളക്കു സ്ഥാപിക്കുക. |
| 13. | " | കളത്തിൽ പറമ്പിൽ മുക്കു മുതൽ കിഴക്കോട്ട് NH വരെയുള്ള റോഡിൽ ലൈൻസിച്ചു വഴിവിളക്കു സ്ഥാപിക്കുക. |
| 14. | VIII | പഴയ ഡാണാപ്പടി പാലം മുതൽ വടക്കോട്ട് പുതുതായി നിർമ്മിച്ച റോഡിൽ ബോംജ് സ്ഥാപിച്ച് ലൈൻ വലിക്കുക. |
| 15. | VIII | പഞ്ചവയി മുതൽ വടക്കോട്ടു പുല്ലാംവഴിവരെയുള്ള റോഡിൽ ലൈൻവലിക്കുക. |

**ലക്ഷം വീടുകളും നാലു സെന്റ് കോളനികളും**

| | | |
|---|---|---|
| വാർഡു ഒന്ന് | 1 | കുറ്റിക്കാട്ടു ലക്ഷം വീട് |
| | 2 | ഒറ്റ തെങ്ങിൽ കോളനി ടൺ |
| വാർഡു രണ്ട് | 1 | പാട്ടുകാരൻ ഫരമ്പിൽ ലക്ഷം വീട് കോളനി |
| | 2 | കവിപറമ്പിൽ 4 കോളനി |
| വാർഡു മൂന്ന് | 1 | നേര്യം പള്ളത്തു കോളനി |
| | 2 | ട്രി 4 കോളനി |

## ജനസംഖ്യ.

| പുരുഷന്മാർ | സ്ത്രീകൾ | പട്ടികജാതി പട്ടികവർഗ്ഗം പുരുഷന്മാർ | പട്ടികജാതി പട്ടികവർഗ്ഗം സ്ത്രീകൾ | സാക്ഷരത സ്ത്രീകൾ | സാക്ഷരത പുരുഷന്മാർ | ആറു വയസ്സിനുതാഴെ യുള്ള കുട്ടികൾ ആൺകുട്ടികൾ | ആറു വയസ്സിനുതാഴെ യുള്ള കുട്ടികൾ പെൺകട്ടികൾ |
|---|---|---|---|---|---|---|---|
| 7295 | 7683 | 499 | 492 | 6505 | 6332 | 827 | 774 |
| | | | | | | | |

## തൊഴിൽ രംഗം.

| തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ | | തൊഴിൽ ഇല്ലാത്തവർ | |
|---|---|---|---|
| സ്ത്രീകൾ | പുരുഷന്മാർ | സ്ത്രീകൾ | പുരുഷന്മാർ |
| 825 | 2908 | 6824 | 4421 |

# ഉപസംഹാരം

വികസനമെന്നത് റോഡുകൾ നിർമ്മിക്കലും കുളങ്ങൾ കുഴിക്കലും മാത്രമല്ല. മറിച്ച് ജീവിതത്തിന്റെ നാനാതുറകളിലുമുള്ള രംഗങ്ങളെ പരിപോഷിപ്പിക്കുവാനും ഉല്പാദനപ്രക്രീയയെ മച്ചപ്പെടുത്തലുമാണ്. പിന്നെ ആധുനികവീക്ഷണം ഉൾക്കൊള്ളണം.

സാധാരണ ജനങ്ങൾക്ക് എക്കാലവും അപ്രാവ്യവും ദുരിത പൂർണ്ണവുമായി തോന്നിയിരുന്ന സർക്കാർ കാര്യങ്ങൾ ഇനിമുതൽ അവരുടെ നേരിട്ടുള്ള ഇടപാടിൽ നിസ്സാരമായിത്തൊന്നും. മുതലാളിമാരും ഇടപാടുകാരും സാധാരണക്കാരെ ചൂഷണം ചെയ്ത് ജീവിച്ചുപോകുന്ന പ്രവണത അവസാനിപ്പിക്കുന്നതിന്റെ ആരംഭമാണ് ജനകീയാസൂത്രണം.

വിഭവങ്ങളുടെ അഭാവം കൊണ്ട് പലപദ്ധതികളും രേഖകളിൽ മാത്രം ഒതുങ്ങിപ്പോകുന്ന രീതിക്ക് മാറ്റം വരും. വികസനത്തിനാവിശ്യമായ വിഭവ സമാഹരണം

നടത്തുവാൻ ക്രീയാതമകമായ നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്തിന് കഴിയണം. ജനങ്ങൾക്ക് വേണ്ടി ക്രീയാത്മകമായി പലകാര്യങ്ങളും നിർവഹിക്കുവാൻ പഞ്ചായത്തിന് കിട്ടുന്ന ഈ അവസരം കക്ഷി രാഷ്ട്രീയം മറന്ന് ഇത് ജനങ്ങളുടെ കാര്യമാണെന്ന് മനസിലാക്കി പ്രതിബദ്ധത ബോധത്തോടെ കൂടിയും സംയമനത്തോടെയും കൂടിയാവണം പഞ്ചായത്ത് കമ്മറ്റികൾ കാര്യങ്ങൾ ചർച്ച് ചെയ്ത് തീരുമാനം എടുക്കേണ്ടത്. പണക്കുറവ് ഒരു കാര്യത്തിലും പ്രതിബദ്ധമായി കാണരുത്. കൂട്ടായ അന്വേഷണവും ബുദ്ധിപൂർവ്വകമായ സമീപനവും ആശയവും ഉണ്ടെങ്കിൽ എല്ലാംകുറവും നിസ്സാരമായി പരിഹരിക്കാം.

പദ്ധതികൾ വിശകലനം ചെയ്യുമ്പോൾ ജനകീയവും കാര്യക്ഷമവുമായ പദ്ധതികളെ മുൻനിർത്തിവേണം സ്കീമുകളുടെ മുൻഗണന നിശ്ചയിക്കേണ്ടത്. ഉദ: 5 ലക്ഷം രൂപാ ഒരു പഞ്ചായത്തിൽ ചിലവാക്കാനുണ്ടെങ്കിൽ പഞ്ചായത്തിലെ മെമ്പറൻമ്മാരെല്ലാം അതാത് വാർഡുകളിൽ തുല്യമായി വീതിച്ചാൽ ഒരു കാര്യത്തിനും തികയാതെവരും. എന്നാൽ ആ പണം ഉപയോഗിച്ച് പഞ്ചായത്തിലെ പ്രധാനപ്പെട്ട രണ്ട് റോഡ് ടാർ ചെയ്യാൻ കഴിയുമെങ്കിൽ അതാവണം മുൻതൂക്കം നൽകേണ്ടത്.

ഗ്രാമസഭകളിൽ നിന്ന് രൂപം കൊണ്ടിട്ടുള്ള പഞ്ചായത്തിലെ ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ പദ്ധതി വിഹിതത്തിന്റെ അടിസ്ഥാനത്തിൽ നടത്തുമ്പോൾ പൂർണ്ണമായും പഞ്ചായത്തിലെ വിവിധ ആവശ്യങ്ങളും നടപ്പാക്കാൻ കഴിഞ്ഞെന്ന് വരില്ല. അങ്ങനെയുള്ള ഒരു സാഹചര്യം സംജാതമാവുകയാണെങ്കിൽ ക്രീയാത്മകമായ ജനപങ്കാളിത്തത്തോടെ വിഭവങ്ങൾ ശേഖരിച്ച് പ്രശ്നപരിഹാരം കാണാൻ പഞ്ചായത്ത് സമതി ആലോചിയ്ക്കണം.

ജനങ്ങളുടെ പ്രതീക്ഷനിറവേറ്റാൻ അവരുടെ ആശയഭിലാഷങ്ങൾ സാക്ഷാൽക്കരിയ്ക്കുവാൻ വരുന്ന 5 വർഷക്കാലം കൊണ്ട് നടപ്പാക്കാൻ പോകുന്ന 9-ാംപദ്ധതിയിൽ കർടി അതിന് വെണ്ട പദ്ധതി വിഹിതം ഹരിപ്പാട് ഗ്രാമപഞ്ചായത്തിന് നൽകണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് ഹരിപ്പാട് പഞ്ചായത്ത് വികസന രേഖ, വികസന സെമിനാറിന് മുമ്പാകെ സമർപ്പിയ്ക്കുന്നു. ഈ മഹത്തായ സംരംഭത്തിന് ഉപസംഹാരമില്ല ആരംഭം മാത്രമെയുള്ളു.

" ഞാൻ വളരെ പ്രയാസപ്പെട്ട് ഈ
കാരവൻ ഇവിടെവരെ എത്തിച്ചു
നിങ്ങൾക്കാവുമെങ്കിൽ മുന്നോ
ട്ടുനയിയ്ക്കുക ഒരിയ്ക്കലും പുറകോട്ട്
വലിയ്ക്കരുത്."

Dr. B. R. അബ്ദ്ക്കർ



സമർപ്പണ ദിനം
ജനകീയാസൂത്രണത്തിന്റെ
സമുജ്ജ്വല തുടക്കം





നിങ്ങളുടെ സ്വർണ്ണ സ്വപ്നങ്ങൾക്ക്

ഒരായിരം

കാഞ്ചന ദീപ്തിയുമായി



പത്തരമാറ്റിൻ പരിശുദ്ധിയുമായ് ........

പാലസ്

ജ്യുവലേഴ്സ്

Phone: 413538
Resi: 413537

കച്ചേരി ജംഗ്ഷൻ, ഹരിപ്പാട്

പ്രിന്റിംഗ് : ഗ്രാഫ് ഹരിപ്പാട്, കരുവാറ്റ